
Date of publication: 9 ഫെബ്രുവരി 2016
വോള്യം 11 / ലക്കം 2 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത


To
SOSAMMA PUNNAMPARAMBIL
MOLTKESTR-13
534 Bad Honnef
West Germany


SECOND FOLD

भेजने वाले का नाम और पता:-
Sender's Name and Address:-

इस पत्र के अन्दर कुछ न रखिये
No Enclosures Allowed

पहला मोड़ FIRST FOLD

## പ്രവാസത്തിന്റെ പെണ്ണെഴുത്തുകൾ




# സംഘടിത

സംഘടിത|ഫെബ്രുവരി 2016 |വോള്യം 11 |ലക്കം 2


പെൺപ്രവാസ രചനകൾ : **മിനി പ്രസാദ്** 6

നീല ആകാശം, ചുവന്ന സൂര്യൻ : **ബീന പോൾസൺ** 14

അമ്മ ഓർമ്മ : **എൽസി താരമംഗലം** 18

നീല മിഴികളുമായി നീനാ പനയ്ക്കൽ : **കുഞ്ഞൂസ്** 21

റൈൻ തീരത്തെ കളർ സിറ്റി : **ഹേമ ഹേമാംബിക** 23

മഞ്ഞിൽ പ്രതിദ്ധ്വനിക്കുന്ന ചിലമ്പൊലികൾ : **ജൂന സാജു** 27

അസഹിഷ്ണുത : കഥ : **മായ ബാനർജി** 34

പരദൂഷണക്കോലായി : **റഷീദ ഗഫൂർ തൈവളപ്പിൽ** 43

വാസ്തവം : **ഡോ. ജാൻസി ജോസ്** 46

പ്രവാസം ഒരു നിശബ്ദപ്രാർത്ഥന.. : **ഷീല ടോമി** 47

ഭ്രാന്തൻ : കവിത : **ഗീത രാജൻ** 48

എഴുത്ത് പ്രതിരോധവും സമരവുമാവുമ്പോൾ : **സുനീത ടി.വി.** 50

ഉപ്പും മുളകും : **ഗീത** 53

ചരിത്രത്തിൽ നിന്ന്.... 54

കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ
വിദ്യാർത്ഥിനികൾ നേരിടുന്ന
ലൈംഗിക അതിക്രമങ്ങൾ - ഒരു വസ്തുതാന്വേഷണ റിപ്പോർട്ട് 55

ശാസ്ത്രം : **സീമ ശ്രീലയം** 58






**അബഹയിൽ നിന്ന് ടോറോന്റോയിലേക്ക് :**
**ഫാത്തിമ മുബീൻ**






**ആകാശം തന്നെ അതിര് :**
**അനിത പണിക്കർ**



| | | |
|---|---|---|
| എഡിറ്റർ | : | ഡോ. ഷീബ കെ.എം. |
| മാനേജിംഗ് എഡിറ്റർ | : | കെ. അജിത |
| എക്സി.എഡിറ്റർ | : | ഡോ. ജാൻസി ജോസ് |
| ഗസ്റ്റ് എഡിറ്റർ | : | നിർമ്മല |
| പത്രാധിപ സമിതി | : | രാജലക്ഷ്മി കെ.എം., ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് |
| സർക്കുലേഷൻ മാനേജർ | : | ചാരുലത എ.എസ്. |
| ഉപദേശകസമിതി | : | സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : | സുവിജ |
| വെബ്സൈറ്റ് | : | വസന്ത പി. |
| പ്രിന്റിംഗ് | : | ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

www.anweshi.org www.sanghaditha.com



ഷീബ കെ.എം.

# മുഖപ്രസംഗം

ഒരു ഇരുപത്തിയാറുവയസ്സുകാരന്റെ ശാന്തമായ വിടവാങ്ങൽക്കുറിപ്പുയർത്തിയ വിസ്ഫോടകരമായ ചോദ്യങ്ങളിൽ മനസ്സാക്ഷി തകർന്ന് നമ്മുടെ എല്ലാ പുരോഗമനവാദങ്ങളും പൊടിഞ്ഞുനുറുങ്ങിയിരിക്കുന്നു. അങ്ങനെ ആധുനികകാലത്തെ സ്ഥാപനങ്ങളെല്ലാം അധികാരത്തിന്റെ കോട്ടക്കൊത്തളങ്ങൾ മാത്രമായി നമ്മുടെ മുന്നിൽ വെളിവായി. പ്രത്യക്ഷവും അതിലേറെ പരോക്ഷവുമായി ജാത്യാധികാരങ്ങൾ ആത്മാഭിമാനമുള്ള മനുഷ്യാവസ്ഥകളിൽ നിന്നും ദലിതരെ അനുനിമിഷം നിഷ്കാസനം ചെയ്യുന്നതിന്റെ ചിത്രങ്ങൾ ഇതിലും പ്രകടമാക്കേണ്ടതുണ്ടോ ഇനിയും? ഹിന്ദുത്വഭരണകൂടവും ജാതിബദ്ധമായ ഹിന്ദുമതക്രമങ്ങളും മാത്രമല്ല, നമ്മളിലൊക്കെയും ഒളിഞ്ഞും തെളിഞ്ഞും കുടിയിരിക്കുന്ന 'തറവാടിത്തഘോഷണ'ങ്ങളും ഹിന്ദുമതഘടനക്കപ്പുറം ജാതിബോധത്തെ സജീവമായി നിലനിർത്തുന്നതിൽ വിജയിച്ചിരിക്കുന്നു. രോഹിത് വെമുലയുടെ ആത്മത്യാഗം നാനാമുഖമായ ജനാധിപത്യസംസ്ഥാപനങ്ങൾക്കും വഴിതെളിക്കുന്ന സമരാഗ്നിയായി ജ്വലിക്കട്ടെ എന്ന് പ്രത്യാശിക്കാനും ആ അഗ്നിനാളം കെടാതെ സൂക്ഷിക്കാനുള്ള പ്രതിബദ്ധതയിലേക്ക് എത്തിച്ചേരാനും നമുക്ക് പ്രതിജ്ഞാബദ്ധരാവാം.

മൃണാളിനി സാരാഭായിയുടെ ബഹുമുഖമായ സംഭാവനകളെ തമസ്ക്കരിക്കാൻ ശ്രമിച്ച മോദിസർക്കാർ സ്വയം അപഹാസ്യമായിരിക്കുന്നു. കുൽസിതമായ രാഷ്ട്രീയപ്രേരണകൾ കൊണ്ട് മായ്ച്ചു കളയാവുന്നതല്ലല്ലോ രാഷ്ട്രീയബോധമുള്ള ഒരു കലാകാരിയുടെ ജീവിതവും മരണവും എന്ന് രേഖപ്പെടുത്തട്ടെ.

പ്രവാസം എന്ന അനുഭവം സ്ത്രീജീവിതാഖ്യാനങ്ങളിൽ എഴുതിചേർക്കപ്പെട്ടതാണ്. വിവാഹത്തോടെ ജനിച്ചുവളർന്ന സ്വന്തം വീട്ടിൽ നിന്നും പടിയിറങ്ങുന്ന നിമിഷം മുതൽ അവൾ പ്രവാസിയാണ്. തിരിച്ചുപോകാനുള്ള വീട് എന്നത് ഗൃഹാതുരത്വം മാത്രവും. പുതുവേരുകൾ പടർത്തുന്ന ശ്രമകരവും തീക്ഷ്ണവുമായ അനുഭവങ്ങൾക്കിടയിൽ മാറി വരുന്ന കാഴ്ചകൾ, മുന്നിലെത്തുന്ന മനുഷ്യർ, പുതുസ്ഥലികൾ. ഇവയൊക്കെ ആത്മപരിവർത്തനത്തിന്റേയും അകംലോകങ്ങളുടെ തുറക്കലുകളുടേയും സാധ്യതകളാണ്. കൂടുവിട്ട് കൂടുതേടുന്ന ദേശാടനങ്ങളിൽ സ്വയം നിലയുറപ്പിക്കേണ്ടിവരുന്ന ഇടലോകങ്ങളും രണ്ടു ഭൂഖണ്ഡങ്ങളിലെ തലമുറകൾക്കിടയിലെ സ്ഥാനപ്പെടുത്തലുകളും സ്ത്രീകൾ രേഖപ്പെടുത്തുന്നതെങ്ങനെ? പുതുതാവളങ്ങളിലെ അകം പുറം ജീവിതങ്ങളെ കല്പിതമായ താരതമ്യങ്ങൾക്കപ്പുറം സ്ത്രീകൾ ആവിഷ്കരിക്കുന്നതെങ്ങനെ? പുരുഷപ്രവാസാനുഭവങ്ങൾ കൊണ്ട് പ്രളയിതമായ മലയാളസാഹിത്യലോകങ്ങളിലേക്ക് അകമേ നിന്ന് പുറംകാഴ്ചകളിലേക്ക് നീളുന്ന സ്ത്രീകളുടെ പ്രവാസാനുഭവങ്ങളാണ് കാനഡയിൽ ജീവിക്കുന്ന നിർമ്മല സമ്പാദകയായ ഈ ലക്കം സംഘടിത കാഴ്ചവെക്കുന്നത്. ഈ ലോകങ്ങൾ പങ്കിടാൻ വായനക്കാരെ സദയം ക്ഷണിക്കുന്നു.

# അതിഥി പത്രാധിപക്കുറിപ്പ്



**നിർമ്മല**

കാരകാണാക്കടലലമേലേ ഉരുവിൽ കയറിപ്പോയ പുരുഷന്മാരുടെ വീര/കദന കഥകളും അവർ നേരിടേണ്ടിവന്നിട്ടുള്ള വെല്ലുവിളികളും നിറഞ്ഞ ജനപ്രിയപ്രമേയം മലയാളത്തിൽ പുതിയതല്ല. എഴാംകടലിനക്കരെ എത്തിയിട്ടും സെറ്റുമുണ്ടുടുത്ത് സ്വാദുള്ള ചായ പുരുഷനു നീട്ടുന്ന മലയാളിസ്ത്രീയുടെ ആദർശമാതൃകയും ഇവിടെ പണ്ടേക്കു പണ്ടേ പ്രമാണീകരിച്ചിട്ടുണ്ട്. അമേരിക്കയിലേക്കും യൂറോപ്പിലേക്കുമുള്ള കുടിയേറ്റത്തിന്റെ ഉപക്രമം അറുപതുകളിലും എഴുപതുകളിലും നേഴ്സിംഗ് രംഗത്തേക്കിറങ്ങിയ കൌമാരം കടക്കാത്ത പെൺകുട്ടികളിൽ നിന്നുമാണ്. ഇന്ന് പ്രവാസ ജീവിതം ആഘോഷിക്കുന്ന നവ മാധ്യമങ്ങളും അതിന്റെ സ്ത്രൈണതയെ പരിഗണിക്കുന്നതായി കാണാറില്ല. കൂടുവിട്ടു പറക്കുമ്പോഴുള്ള അരക്ഷിതാവസ്ഥയും വിരഹപീഡയും വീട്ടുവിചാരങ്ങളും പ്രവാസികളിൽ സമാനമാണെങ്കിലും, സ്ത്രീകളുടെ സ്വത്വബോധത്തെ പലപ്പോഴും ചോദ്യം ചെയ്യുന്നതാണ് പ്രവാസം. രാജ്യത്തിനു പുറത്തേക്കു പറക്കുന്ന പുരുഷന് വസ്ത്രധാരണം, പുകവലി, മദ്യപാനം, രാത്രിയാത്ര തുടങ്ങി പലതും അപരിചിതമോ നിഷിദ്ധമോ അല്ല. അറുപതുകളിൽ യൂറോപ്പിലേക്കും അമേരിക്കയിലേക്കും തൊഴിൽ തേടി സഞ്ചരിച്ച സ്ത്രീകൾ നിറമഞ്ഞിൽ നിറപ്പകിട്ടുള്ള സാരിയിലാണ് വന്നിറങ്ങിയത്. അരുതുകളുടേയും പാടില്ലായ്മകളുടേയും അനുക്രമണികയും ഭാരതത്തിന്റെ ഭാവശുദ്ധി അടക്കം ചെയ്തിരിക്കുന്ന സ്ഫടികച്ചെപ്പും സ്ത്രീകളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഓരോ ചലനത്തിലും അമിതശ്രദ്ധ അനിവാര്യമാണെന്ന ബോധത്തിൽനിന്നും 'നിന്റെ ജീവിതം നിന്റേതാണെന്ന്' പറയുന്ന സമൂഹത്തിലേക്കുള്ള മാറ്റം സ്ത്രീക്ക് പലപ്പോഴും അന്തഃസംഘർഷമുളവാക്കും. ഇന്ന് എല്ലാ തൊഴിൽ മേഖലകളിലും മുൻപന്തിയിലെത്തി നിൽക്കുന്ന, ലോകത്തിന്റെ എല്ലാ കോണിലും ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടുന്ന മലയാളിസ്ത്രീകളുടെ അറിവും അനുവഭവങ്ങളും കാഴ്ച്ചപ്പാടും മുന്നോട്ടു കൊണ്ടുവരേണ്ടത് അനിവാര്യതയാണ്. ഈ ലക്കം സംഘടിത ഇതിലേക്കുള്ള ഒരു ചെറിയ ശ്രമമാണ്.



# പെൺപ്രവാസ രചനകൾ



മിനി പ്രസാദ്

ജനിച്ചുവളർന്ന നാടും വീടും വീട്ട് മറ്റൊരു ദേശത്തെത്തുന്നവരൊക്കെ പ്രവാസികളാണ്. കാരണങ്ങൾ പലതാവാം. സ്വന്തം നാട്ടിൽ നിന്ന് ഭ്രഷ്ടരാക്കപ്പെടുന്നവർ, പലായനം ചെയ്യപ്പെട്ടവർ ഇങ്ങനെ ഗൃഹം നഷ്ടപ്പെടുന്നവരൊക്കെ പ്രവാസികളാണ്. ഉപജീവനമാർഗ്ഗങ്ങളന്വേഷിച്ച് വേറൊരു ദേശത്ത് പാർക്കേണ്ടി വരികയും ഉപേക്ഷിക്കേണ്ടി വന്ന പ്രിയപ്പെട്ടതൊക്കെയും ഒരു നീറുന്ന അനുഭവമായി ഉള്ളിൽ നിറയുകയും ചെയ്യുമ്പോഴാണ് ആവിഷ്ക്കാരത്തിന്റെ ഒരു സ്വതന്ത്രമായ അവസ്ഥയുണ്ടാവുന്നത്. പിന്നിട്ടു പോന്ന കാലങ്ങൾ അതിന്റെ എല്ലാ നന്മകളോടെയും ഓർത്തെടുക്കാനാവുകയും വർത്തമാന കാലജീവിതത്തിൽ നിരന്തരമായി തിരിച്ചടികൾ ഏൽക്കുകയും ചെയ്യുന്ന ഒരവസ്ഥയിൽ നിന്ന് പ്രവാസരചനകൾ ഉണ്ടാവുന്നു. മനുഷ്യനുണ്ടായ കാലം മുതൽ പ്രവാസവും ആരംഭിച്ചിരിക്കണം. ഇതിഹാസകാലഘട്ടത്തിൽ പതിന്നാലു വർഷം പ്രവാസിയായിരുന്ന രാമനെ കാണാം. ബൈബിളിൽ പ്രവാസത്തിന് അനേകം ഉദാഹരണങ്ങളുണ്ട്. പ്രവാസആവിഷ്ക്കാരങ്ങളിൽ ആണെഴുത്തും പെണ്ണെഴുത്തും തമ്മിലും വ്യത്യാസമുണ്ട്. ആണെഴുതുമ്പോഴുള്ള സ്ഥൂലാവസ്ഥകളേക്കാൾ സൂക്ഷ്മാവസ്ഥകളാണ് പെൺപ്രവാസരചനകളിൽ മുന്നിട്ടു നിൽക്കുന്നത്. ഒരേലോകത്തെ അതിലെ സൗകര്യങ്ങളോ അതോ അസൗകര്യങ്ങളോ പുരുഷനും സ്ത്രീയും സമീപിക്കുന്നതിലെ വ്യതിയാനം തന്നെ ഇതിനും കാരണമാവുന്നു. പെൺപ്രവാസരചനകൾ എന്ന വാക്ക് ഈ ലേഖനത്തിൽ സ്വീകരിക്കപ്പെടുന്നത് വളരെ വിശാലമായ ഒരർത്ഥത്തിലാണ്. പ്രവാസികളായ സ്ത്രീകളുടെ എഴുത്തിനെ മുഴുവനായി ഈ വാക്കിനുള്ളിലേക്ക് ചേർക്കുന്നു. അതിൽ പ്രവാസജീവിതം മാത്രമല്ല, പലപ്പോഴും പ്രമേയമാവുന്നത് എന്നതാണിതിനു കാരണം.

അമേരിക്കൻ ഐക്യനാടുകളിൽ ജീവിക്കുന്ന മൂന്ന് എഴുത്തുകാരികൾ നമുക്കുണ്ട്. നീനാ പനയ്ക്കൽ, നിർമ്മല, റിനി മമ്പലം എന്നിവർ. എഴുത്തിന്റെ വഴികൾ എന്ന കഥയിൽ റിനി കുറിച്ചിടുന്ന ഒരു വരിയുണ്ട്. എഴുത്ത് ആ

ത്മാവിന്റെ രോദനമാണ് എന്ന്. പക്ഷേ അങ്ങനെ എഴുതുന്നവളോട്, എഴുത്തിനെ ഒരു ഭ്രാന്തായി സ്വീകരിക്കുന്നവളോട്, ഭർത്താവ്, തലമുറകളായി സകലപുരുഷന്മാരും ചോദിച്ച അതേ ചോദ്യം ചോദിക്കുന്നു 'എന്തിനാ ഇതൊക്കെ എഴുതിക്കൂട്ടുന്നത് പിള്ളാർക്ക് നേരത്തും കാലത്തും വല്ലതും ഉണ്ടാക്കി കൊടുക്കാൻ നോക്ക് എന്ന്' ഇതൊരു സ്ത്രീയുടെ ദുഃഖമാണ്. അതാവട്ടെ, അവൾക്കു മാത്രം ആവിഷ്ക്കരിക്കാനാവുന്നതുമാണ്. ഇത്തരം നൊമ്പരങ്ങളുടെ ആവിഷ്ക്കാരങ്ങൾ നിറഞ്ഞ പതിനൊന്നു കഥകളടങ്ങുന്ന സമാഹാരമാണ് റിനിയുടെ 'റിട്ടേൺ ഫ്ളൈറ്റ്'. അമേരിക്കൻ ജീവിതത്തിലെ സങ്കീർണ്ണതകൾ, താളപ്പിഴകൾ, ബന്ധങ്ങളുടെ ശൈഥില്യങ്ങൾ എല്ലാം വ്യക്തമാക്കുന്ന കഥകളാണ് ഈ സമാഹാരത്തിൽ. ഡാഫോഡിൽസിന്റെയും ഹയാസിന്തിന്റെയും മണം ഈ കഥകളിലൊക്കെ കടന്നുവരുന്നുണ്ടെങ്കിലും അതിനേക്കാളേറെ വേദനകൾ ഇവയിൽ നിറഞ്ഞു നിൽക്കുന്നുണ്ട്. അമേരിക്കൻ കുടുംബാനുഭവങ്ങളുടെ സങ്കീർണ്ണതകൾ കുറച്ചുകൂടി അടുത്തറിയാൻ റിനിയുടെ അവിചാരിതം എന്ന നോവൽ സഹായിക്കും. നല്ല ഭാഷാവഴക്കത്തോടെയാണ് റിനി കഥ പറയുന്നതും.

അമേരിക്കൻ ജീവിതവും കേരളീയ ജീവിതവും ഒരു പോലെ ഒരേ കൃതിയിൽ കഥാതന്തുക്കളായി സ്വീകരിക്കുന്ന എഴുത്തുകാരിയാണ് നീനാപനയ്ക്കൽ. 'സ്വപ്നാടനം', 'മല്ലിക', 'നിറമിഴികൾ നീലമിഴികൾ' എന്നീ നോവലുകളിലെല്ലാം  പ്രമേയസ്വീകരണം ഇങ്ങനെ തന്നെയാണ്. 'മല്ലിക' വളരെ സങ്കീർണ്ണമായൊരു പ്രമേയമാണെങ്കിലും നോവലിന്റെ അവസാനത്തെ പുറം വരെ വായനക്കാരന്റെ ആകാംക്ഷ പിടിച്ചു നിർത്താനാവുന്നുണ്ട്. 'നിറമിഴികൾ നീലമിഴികളാവട്ടെ' ജനിതകശാസ്ത്രത്തിന്റെ അതിസങ്കീർണ്ണമായ ഘടകങ്ങൾ ഓരോ ജീവിതത്തെയും എങ്ങനെ ബാധിക്കുന്നു എന്ന് വ്യക്തമാക്കുന്നു. അമേരിക്കയിൽ ജനിച്ചു വളർന്ന ഷീബയെപ്പറ്റി ഭർത്താവ് ബെഞ്ചമിന് അല്ലെങ്കിലേ തന്റേടക്കാരി എന്നൊരു പരാതിയുണ്ടായിരുന്നു. അതിനിടയിലാണ് അവൾ വെളുത്തനിറവും നീലക്കണ്ണുകളും ചെമ്പൻമുടിയുമുള്ള ഒരു കുഞ്ഞിനെ പ്രസവിക്കുന്നത്. അതിനെ തുടർന്നുണ്ടാവുന്ന കൊടുങ്കാറ്റുകളാണ് നോവലിന്റെ പ്രമേയം. ഷീബയ്ക്ക് താൻ തെറ്റു ചെയ്തിട്ടില്ല എന്ന് ഉറപ്പുണ്ടായിരുന്നു. അവസാനം ബെഞ്ചമിന് തന്റേത് ഒരു ജാരസന്തതിയാണെന്ന് തിരിച്ചറിയേണ്ടി വരുന്ന ദുരന്തമാണ് കഥയുടെ ഇതിവൃത്തം. മലയാളസാഹിത്യത്തിലെ ആദ്യത്തെ ശാസ്ത്രനോവൽ എന്നു പോലും ഇതിനെ വിളിക്കാമെന്നു തോന്നുന്നു.

'ആദ്യത്തെ പത്ത്' എന്ന സമാഹാരത്തിലൂടെ വന്നു 'നിങ്ങളെന്നെ ഫെമിനിസ്റ്റാക്കി' എന്ന സമാഹാരത്തിലൂടെ വളർന്ന് 'മഞ്ഞമോരും ചുവന്ന മീനും' എന്ന സമാഹാരത്തിലൂടെ പക്വതയിലെത്തിയ കഥാകാരിയാണ് നിർമ്മല. അമേരിക്കൻ ജീവിതത്തിന്റെ വൈവിധ്യപൂർണ്ണവും സങ്കീർണ്ണവും സഹതാപം തോന്നുന്നതുമായ ലോകമാണ് നിർമല പരിചയപ്പെടുത്തുന്നത്. സാധാരണ സ്ത്രീകൾക്ക് സഹജമല്ലാത്ത ഒരു കഴിവ് നിർമലയുടെ എഴുത്തിനെ കരുത്തുറ്റതാക്കുന്നുണ്ട്. ആ രചനകളുടെ അടിയൊഴുക്കാവുന്ന ഹാസ്യമാണ് അത്. അതുകൊണ്ട് അനായാസമായി നമുക്ക് ഇവയെ വായിച്ചെടുക്കാമെങ്കിലും ഇവ ഒട്ടുമേ ലളിതമല്ല. ജീവിതത്തിന്റെ കൊടുംനൊമ്പരങ്ങളും ഭാരങ്ങളും വലിച്ച് തളർന്ന് അവശരായ എത്രയോ പേരെ ഈ കഥകളിൽ നാം കണ്ടുമുട്ടുന്നു. അമേരിക്കയിലെ  സാൻഡ്വിച്ച് തലമുറയുടെ ദുഃഖങ്ങളറിയുന്നു. സ്വന്തം അസ്തിത്വങ്ങൾ എവിടെയെന്നറിയാതെ കുഴങ്ങുന്ന അവരെ ആരും മനസ്സിലാക്കുന്നുമില്ല. കാനഡമരത്തിൽ ഡോളർ പറിക്കാൻ പുറപ്പെട്ടു പോയവർക്കാണ് നിർമല തന്റെ 'പാമ്പും കോണിയും' എന്ന നോവൽ സമർപ്പിക്കുന്നത്. സാലി എന്ന നേഴ്സിന്റെ ജീവിതസമരത്തിന്റെയും സഹനത്തിന്റെയും കഥയാണ് ഈ നോവൽ.  പക്ഷേ ഇത് അമേരിക്കയിലെ എല്ലാ മലയാളികളുടെയും കഥയാണ്. അ

**അമേരിക്കൻ ഐക്യനാടുകളിൽ ജീവിക്കുന്ന മൂന്ന് എഴുത്തുകാരികൾ നമുക്കുണ്ട്. നീനാ പനയ്ക്കൽ, നിർമ്മല, റിനി മമ്പലം എന്നിവർ. എഴുത്തിന്റെ വഴികൾ എന്ന കഥയിൽ റിനി കുറിച്ചിടുന്ന ഒരു വരിയുണ്ട്. എഴുത്ത് ആത്മാവിന്റെ രോദനമാണ് എന്ന്. പക്ഷേ അങ്ങനെ എഴുതുന്നവളോട്, എഴുത്തിനെ ഒരു ഭ്രാന്തായി സ്വീകരിക്കുന്നവളോട് ഭർത്താവ് തലമുറകളായി സകലപുരുഷന്മാരും ചോദിച്ച അതേ ചോദ്യം ചോദിക്കുന്നു "എന്തിനാ ഇതൊക്കെ എഴുതിക്കൂട്ടുന്നത് പിള്ളാർക്ക് നേരത്തും കാലത്തും വല്ലതും ഉണ്ടാക്കി കൊടുക്കാൻ നോക്ക് എന്ന്" ഇതൊരു സ്ത്രീയുടെ ദുഃഖമാണ്. അതാവട്ടെ അവൾക്കു മാത്രം ആവിഷ്ക്കരിക്കാനാവുന്നതുമാണ്.**

**അറേബ്യൻ മരുഭൂമിയുടെ ചൂടുംകാറ്റും നിറഞ്ഞ പ്രവാസ രചനകളെ പരാമർശിക്കുമ്പോൾ ആദ്യം പറയേണ്ടത് ഖദീജാമുംതാസിന്റെ ബർസയാണ് സൗദിഅറേബ്യയിലെ പെൺജീവിതത്തെ അതിന്റെ ആവരണങ്ങളത്രയും മാറ്റി നമുക്ക് കാണിച്ചു തന്ന ഒരു നോവലായിരുന്നു അത്. സബിത എന്ന ഡോക്ടറുടെ അനുഭവങ്ങളിലൂടെ വിദ്യാഭ്യാസമോ ജീവിതത്തിന്റെ മേന്മകളോ ഒന്നും സ്ത്രീക്കായി മനുഷ്യൻ പടച്ചതും ദൈവത്തിന്റേത് എന്ന രീതിയിൽ പ്രചരിപ്പിക്കുന്നതുമായ നിയമങ്ങൾക്കൊന്നും ബാധകമല്ലെന്ന് ഈ നോവൽ പറഞ്ഞു തന്നു.**

വരുടെ പിശുക്കുകളുടെ, ചെറിയ സന്തോഷങ്ങളുടെ, പൊങ്ങച്ചങ്ങളുടെ ഒക്കെ കഥയാണ്. ജീവിതം ഒരു പാമ്പും കോണിയും കളിയാണെന്ന് ഈ നോവൽ ഓർമ്മപ്പെടുത്തുന്നു. അമേരിക്കൻ ജീവിതാനുഭവങ്ങളുടെ ചെറിയ കുറിപ്പുകൾ അടങ്ങിയ 'സ്ട്രോബറികൾ പൂക്കുമ്പോൾ' എന്ന ഒരു ഗ്രന്ഥം കൂടി നിർമല എഴുതിയിട്ടുണ്ട്. കനേഡിയൻ ജീവിതത്തിന്റെ മധുരവും പുളിപ്പും എന്ന് നിർമല ഇതിനെ വിശേഷിപ്പിക്കുന്നു. അത് യഥാർത്ഥത്തിലും അങ്ങനെ തന്നെ.

അറേബ്യൻ മരുഭൂമിയുടെ ചൂടുംകാറ്റും നിറഞ്ഞ പ്രവാസരചനകളെ പരാമർശിക്കുമ്പോൾ ആദ്യം പറയേണ്ടത് ഖദീജാമുംതാസിന്റെ 'ബർസ'യാണ്. സൗദി അറേബ്യയിലെ പെൺജീവിതത്തെ അതിന്റെ ആവരണങ്ങളത്രയും മാറ്റി നമുക്ക് കാണിച്ചു തന്ന ഒരു നോവലായിരുന്നു അത്. സബിത എന്ന ഡോക്ടറുടെ അനുഭവങ്ങളിലൂടെ വിദ്യാഭ്യാസമോ ജീവിതത്തിന്റെ മേന്മകളോ ഒന്നും സ്ത്രീക്കായി മനുഷ്യൻ പടച്ചതും ദൈവത്തിന്റേത് എന്ന രീതിയിൽ പ്രചരിപ്പിക്കുന്നതുമായ നിയമങ്ങൾക്കൊന്നും ബാധകമല്ലെന്ന് ഈ നോവൽ പറഞ്ഞു തന്നു. അവളെ എങ്ങനെയും ആർക്കും സംശയിക്കാവുന്ന അവസ്ഥയുണ്ടെന്നും നമുക്കത് മനസ്സിലാക്കി തന്നു. ഭർത്താവ് ഭർതൃസ്നേഹം എന്നതൊക്കെ എത്രയോ പൊള്ളയായ ചില സങ്കല്പങ്ങൾ മാത്രമാണെന്നും ഇതു നമ്മെ പഠിപ്പിച്ചു. 'ബർസ' അതിന്റെ വായനയിൽത്തന്നെ വേറിട്ട ഒരനുഭവമായിരുന്നു.

പ്രവാസജീവിതം നയിക്കുകയും ആ അനുഭവങ്ങൾ അല്ലാതെത്തന്നെ വിലപ്പെട്ട രചനകൾ നടത്തുകയും ചെയ്യുന്ന രണ്ട് എഴുത്തുകാരികൾ കൂടിയുണ്ട്. ഒന്ന് ഷെമിയാണ്. 'നടവഴിയിലെ നേരുകൾ' എന്ന ആത്മകഥാപരമായ നോവലുമായി മലയാള സാഹിത്യത്തിലേക്ക് കടന്നുവന്ന എഴുത്തുകാരിയാണ് ഷെമി. അനാഥത്വത്തിന്റെയും അശരണതയുടെയും ബാല്യവും കൗമാരവും പിന്നിട്ടു വന്ന സ്വന്തം ജീവിതമാണ് ഷെമി വായനക്കാർക്ക് തന്നത്. ഇതത്രയും സ്വന്തം അനുഭവങ്ങളാണെങ്കിലും ഒരായുസ്സു കൊണ്ടാണോ അവൾ ഇതത്രയും അനുഭവിച്ചതെന്ന് നമ്മെ അത്ഭുതപ്പെടുത്തുന്ന വിധം ഈ അനുഭവങ്ങൾ നമ്മെ പൊള്ളിക്കുന്നു. പഠിക്കാനും മാനം കാക്കാനും അവൾ സഹിച്ച ത്യാഗങ്ങൾ നമ്മെ അമ്പരപ്പിക്കും മനസ്സാക്ഷി ഉണ്ടെങ്കിൽ നൊമ്പരപ്പെടുത്തുകയും ചെയ്യും.

റുബിന നിവാസ് എന്ന എഴുത്തുകാരി 'ജിദ്ദയിൽ താമസിക്കുന്ന പുതിയ പെണ്ണ്' എന്ന സമാഹാരത്തിലൂടെ വായനക്കാരെ പിടിച്ചുലയ്ക്കുന്നു. പ്രവാസം പശ്ചാത്തലമാവുന്ന കഥകളൊന്നും ഇതിൽ ഇല്ല. ഗർഭപാത്രം വാടകയ്ക്ക് കൊടുക്കുന്നതിന്റെ ബാക്കി കഥകൾ പറയുന്ന 'വാടകയ്ക്കൊരു മുറി' , 'ആൾദൈവങ്ങളെ വിചാരണ ചെയ്യുന്ന ഭും ശൂന്യം', ആദിവാസിജീവിതത്തെ പൊതുസമൂഹം എങ്ങനെയാണ് പരിഹസിക്കുന്നതെന്ന് അവതരിപ്പിക്കുന്ന 'നാട്ടുനീതി' എന്നിങ്ങനെ പത്തുകഥകളടങ്ങിയ ഒരു സമാഹാരമാണിത്. എഴുത്തിൽ വ്യതിയാനത പുലർത്തുന്ന റുബീനയിൽ നിന്നും മലയാളസാഹിത്യത്തിന് ഇനിയും ഏറെ പ്രതീക്ഷിക്കാം.

വീടും വീടകവും വീടിനുള്ളിൽ നിന്ന് പുറത്തേക്കുള്ള നോട്ടവും അതിന്റെ സംഘർഷവും പെണ്ണാണ് എന്ന ഇടയ്ക്കിടെയുള്ള ഓർമ്മപ്പെടുത്തലും അതു തരുന്ന പീഡകളും ചുമതലകളും ഈ ചുമതലകൾ ചെയ്തേ എന്ന പരിഭ്രമം നിറഞ്ഞ ആത്മഗതങ്ങളും ചുറ്റുപാടു നിന്നും ഉയരുന്ന കുറ്റപ്പെടുത്തലും എല്ലാം ഈ കൃതികളിൽ കാണാം. ഡോളറും റിയാലും വാരിക്കൂട്ടുന്നവർ എന്ന നിലയിൽ അല്പം അസൂയയോടെ കണ്ടതിനെയൊക്കെ വേർതിരിച്ച് കാണാൻ ഈ വരികളും വാക്കുകളും പ്രേരിപ്പിക്കുന്നു. പഠിപ്പിക്കുന്നു. പ്രവാസത്തിന്റെ ഗൃഹാതുരതകളിൽ നിന്നും ഇവ മുക്തമാണ്. പ്രവാസരചനകൾ എന്ന നിലയിൽ മലയാളത്തിലെ പുരുഷനിരൂപകരോ എഴുത്തുകാരോ ഇവയൊന്നും കാണാറോ പറയാറോ ഇല്ലെങ്കിലും തള്ളിക്കളയാനാവാത്ത സാന്നിദ്ധ്യവും വേറിട്ട അനുഭവങ്ങളുമായി ഇവ ഇവിടെത്തന്നെ ഉണ്ട്.





# അബഹയിൽ നിന്ന് ടോറോന്റോയിലേക്ക്



ഫാത്തിമ മുബീൻ

'പ്രവാസം പോലെയാണ് ഈ പ്രാന്തൻ ഖുബ്രി. ഭാഗ്യമുണ്ടെങ്കിൽ വേഗം പുറത്ത് കടക്കാം ഇല്ലെങ്കിലോ ഇങ്ങിനെ ചുറ്റി തിരിഞ്ഞ് ഇതിനകത്ത് തന്നെ കുടുങ്ങി പോകും. ശരിയല്ലേ ടീച്ചറെ..'? സുകുവാണ്. റിയാദിൽ തെക്കോട്ടും വടക്കോട്ടും വളഞ്ഞും തിരിഞ്ഞുമൊക്കെ പോകുന്ന ഒരുകൂട്ടം മേൽപ്പാലങ്ങൾക്ക് അരികിലെത്തിയിരുന്നു ഞങ്ങൾ. ഖുബ്രിയെന്ന അറബി വാക്കിനർത്ഥം പാലമെന്നാണ്. പാലത്തിൽ കയറിയാൽ ചെറിയ അശ്രദ്ധ മതിയാകും വഴി തെറ്റാൻ. വണ്ടി ഓടിക്കുന്നവരെ വട്ടം കറക്കി കറക്കി പ്രാന്താക്കുന്ന പാലങ്ങളാണ്. മലയാളികൾ ഇതിനെ ഭ്രാന്തൻ ഖുബ്രിയെന്ന് സ്നേഹ പൂർവ്വം വിളിച്ചു. അതിനെക്കുറിച്ചാണ് സുകു പറയുന്നത്.

റിയാദിൽ ജോലി ചെയ്തിരുന്ന സ്കൂളിലേക്ക് ഞാൻ പോയി വന്നിരുന്നത് സുകുവിന്റെ കാറിലാണ്. എന്റെയൊരു സുഹൃത്താണ് സുകുവിനെ പരിചയപ്പെടുത്തി തന്നത്. അവളുടെ കുട്ടിയെ സ്കൂളിൽ കൊണ്ടുപോയിരുന്നത് സുകുവായിരുന്നു. ആദ്യത്തെ ഒരാഴ്ച ഞങ്ങൾ മൗനത്തിന്റെ പുറന്തോടിൽ ഒളിച്ചു. സുകുവിന്റെ കൃത്യനിഷ്ഠത എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരാഴ്ചയുടെ ആയുസ്സേ അതിനുണ്ടാവൂ എന്ന് കരുതിയ എനിക്കാണ് തെറ്റിയത്. രണ്ട്

കൊല്ലം എനിക്കൊപ്പം സുകുവുണ്ടായിരുന്നു. ഒരിക്കൽ പോലും സമയം തെറ്റിച്ചിട്ടില്ല.

"Something there is that doesn't love a wall 'എന്ന് റോബർട്ട് ഫ്രോസ്റ്റ് എഴുതിയത് അപരിചിതർക്കിടയിൽ അവരറിയാതെ ഉയരുന്ന അകാരണമായ ഭയത്തിന്റെ മതിൽക്കെട്ടിനെക്കുറിച്ചാണ്. പ്രവാസത്തിൽ ഇത് സാധാരണയാണ്. പരസ്പര നിരീക്ഷണത്തിന്റെ ഒരാഴ്ച കഴിഞ്ഞപ്പോൾ ഞങ്ങൾക്കിടയിലെ അപരിചിതത്വത്തിന്റെ മതിൽക്കെട്ട് അപ്രത്യക്ഷമായി. കവിതകളുടെ നല്ലൊരു ശേഖരം സുകുവിന്റെ അടുത്തുണ്ടായിരുന്നു. സുപ്രഭാതവും കവിതകളും പാട്ടും ചർച്ചകളുമായി ഞങ്ങൾ ദിവസേനയുള്ള യാത്രകൾ സജീവമാക്കി. ആദ്യം സൂചിപ്പിച്ച പാലത്തിന്റെ കാര്യം പോലെ ഓരോന്ന് പറഞ്ഞ് സുകു പ്രവാസത്തിന്റെ പൊള്ളുന്ന നേരുകൾ ഓർമ്മപ്പെടുത്തുകയും ചെയ്യും.

മറ്റൊരിക്കൽ ചോദിച്ചത് 'പടച്ചോന് ടീച്ചർ കാശ് കൊടുക്കാറുണ്ടോ'ന്നായിരുന്നു. പടച്ചോനായാലും കൈക്കൂലി കൊടുക്കുന്നത് തെറ്റല്ലേന്ന് തിരിച്ചു ചോദിച്ചപ്പോൾ അങ്ങിനെയല്ല, പള്ളികളിലെ ഭണ്ഡാരപ്പെട്ടിയിൽ പൈസ ഇടാറുണ്ടോന്നാണ് സുകുവിന് അറിയേണ്ടിയിരുന്നത്. എന്നും ഉച്ചനമസ്ക്കാരത്തിന്റെ സമയത്ത് റോഡിലെ ആളൊഴിയുമ്പോൾ അവൻ താമസിക്കുന്ന ഗലിയിൽ വെച്ചിരിക്കുന്ന വേസ്റ്റ് പെട്ടിയിൽ നിന്ന് ഭക്ഷണം തപ്പിയെടുക്കുന്നൊരു സ്ത്രീയെയും കുട്ടിയേയും ഒന്നുരണ്ട് ദിവസമായി അവൻ ശ്രദ്ധിക്കുന്നു. അവരെ സഹായിക്കണമെന്ന് തോന്നിയത് കൊണ്ടാണ് എന്നോട് ഇങ്ങിനെ ചോദിച്ചത്. "നമ്മൾ രണ്ടുപേരെ കൊണ്ടെന്താവാനാന്നുള്ള സംശയമൊക്കെ സുകു തള്ളിക്കളഞ്ഞു. ആരോടെങ്കിലും പറഞ്ഞു പുലിവാല് പിടിക്കുന്നതിനെക്കാൾ നല്ലത് നമുക്ക് പറ്റുന്നത് പോലെ ചെയ്യുന്നതാണ്. അതുങ്ങൾ എച്ചിൽ പെറുക്കി തിന്നുന്നത് കണ്ട ചോറ് തിന്നാൻ വയ്യ ടീച്ചറെ... ചോദ്യങ്ങളും ഉത്തരങ്ങളും കൊണ്ടെന്നെ അമ്പരിപ്പിച്ച സുകു രണ്ടു വർഷത്തിന് ശേഷം നാട്ടിലേക്ക് പോയതാണ്, പിന്നെ തിരിച്ചു വന്നില്ല.

സമ്മിശ്രവികാരങ്ങളുമായി കൂടെയുണ്ട് വിട്ടു പിരിയാൻ കൂട്ടാക്കാതെ ഇന്നും മരുഭൂമിയുടെ ചൂടും ചൂരുമുള്ള ഓർമ്മകൾ. പുതിയ പാഠങ്ങൾ പഠിപ്പിക്കുന്ന പഠനമുറിയാണ് ഓരോ ദിവസവും. ആവർത്തന വിരസത തീരെയില്ല. വലിപ്പച്ചെറുപ്പമില്ലാതെ കണ്ടുമുട്ടുന്നവരും ജീവിക്കുന്ന നാടും ചേർന്ന് മുടക്കമില്ലാതെ നമുക്ക് നല്കുന്ന പാഠങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. "നാട്ടിൽ പോയപ്പോൾ കാലിൽ നടക്കുന്ന ചിക്കനെ കണ്ടല്ലോ"ന്ന് പറഞ്ഞ കുട്ടിയും അഹമ്മദിക്കയും പഠിപ്പിച്ചത് ഒരേ കാര്യമാണ്. വായിച്ചതും കേട്ടതും യാഥാർത്ഥ്യവുമായി വളരെ അകലെയാണെന്ന പാഠം. ഓരോ അനുഭവങ്ങളും വ്യത്യസ്തമാകുന്നത് കൊണ്ടാവും എത്ര എഴുതിയാലും പറഞ്ഞാലും പ്രവാസകഥകൾ അവസാനിക്കാതെ പുതുമയോടെ വീണ്ടും വീണ്ടും പിറക്കുന്നത്. മഞ്ഞുനാട്ടിലെ തണുപ്പിലും മരുഭൂമിയിലെ ഓർമ്മകൾക്ക് മരവിപ്പ് ബാധിക്കാത്തത് ഒരുപക്ഷെ അനുഭവങ്ങൾ താരതമ്യം ചെയ്യുന്നത് കൊണ്ടായിരിക്കുമോ?

ഒന്നോർത്താൽ അനുഭവങ്ങളൊന്നും എന്റേതായിരുന്നില്ലല്ലോ. ഭർത്താവിന്റെ കൂടെ അദ്ദേഹം ജോലി ചെയ്യുന്ന കമ്പനിയുടെ സുരക്ഷിതത്വത്തിൽ ജീവിക്കുകയായിരുന്നു സൗദിയിൽ. ജീവിതം സ്വസ്ഥം സമാധാനം. 'ദൈവത്തിന് സ്തുതി പറയുക' - അഹമ്മദിക്കയാണ്. വാരാന്ത്യങ്ങളിൽ അബഹയിൽ ഞങ്ങളെ കാണാൻ വന്നിരുന്ന കണ്ണൂർ സ്വദേശി. സൗദി അറേബ്യയിലെ അസീർ പ്രവിശ്യയുടെ തലസ്ഥാന നഗരിയാണ് അബഹ. ഞാൻ എന്തെങ്കിലും വേവലാതികൾ പറയുമ്പോൾ കൈയിൽ കരുതിയിരിക്കുന്ന ഈത്തപ്പഴത്തിന്റൊ പൊതിയഴിച്ച് പങ്കുവയ്ക്കുന്നതോടൊപ്പം ഉപദേശവുമുണ്ടാവും. അഹമ്മദിക്ക സൗദിയിലെത്തിയിട്ട് കുറേക്കാലമായി. 1994 ൽ

**വായിച്ചതും കേട്ടതും യാഥാർത്ഥ്യവുമായി വളരെ അകലെയാണെന്ന പാഠം. ഓരോ അനുഭവങ്ങളും വ്യത്യസ്തമാകുന്നത് കൊണ്ടാവും എത്ര എഴുതിയാലും പറഞ്ഞാലും പ്രവാസകഥകൾ അവസാനിക്കാതെ പുതുമയോടെ വീണ്ടും വീണ്ടും പിറക്കുന്നത്. മഞ്ഞുനാട്ടിലെ തണുപ്പിലും മരുഭൂമിയിലെ ഓർമ്മകൾക്ക് മരവിപ്പ് ബാധിക്കാത്തത് ഒരുപക്ഷെ അനുഭവങ്ങൾ താരതമ്യം ചെയ്യുന്നത് കൊണ്ടായിരിക്കുമോ?**



ഞാനെത്തുമ്പോൾ അഹമ്മദിക്ക കമ്പനിയിലെ ജോലിക്കാരനാണ്. എല്ലാവരുടെയും കാരണവർ. സിനിമ ഡയലോഗ് പോലെ അഹമ്മദിക്കാക്ക് കാറിന്റെ ഡ്രൈവർ സീറ്റിൽ ഇരുന്നാൽ പിന്നെ മുന്നിലുള്ളതൊന്നും കാണൂല. എല്ലാ സിഗ്നലും മൂപ്പർക്ക്  പച്ചയാണ്. ട്രാഫിക് പോലീസ് കൈ കാണിച്ചാലും അഹമ്മദിക്ക വണ്ടി നിർത്താറില്ല. ഞാൻ അബഹയിൽ നിന്ന് പോരുന്നത് വരെ മൂപ്പരെ ട്രാഫിക് പോലിസ് പിടിച്ചിട്ടില്ല. അതിനു കാരണവും അഹമ്മദിക്ക തന്നെ പറയും. 'ഏതോ അമീറിന്റെ സ്വന്തം ആളാണ് ഞമ്മളെന്ന് പോലീസിന് തോന്നിയിട്ടുണ്ടാകും അതാ മോളെ... അല്ലാതെ ന്റെ മനസ്സിൽ പെരുമഴ പെയ്യാണെന്ന് ഓർക്ക് അറിയൂലാലോ.'

അഹമ്മദിക്കയോട് അന്നും ഞാൻ പറഞ്ഞത് താമസിക്കുന്ന ഫ്ളാറ്റിൽ നിന്ന് ഇടയ്ക്കിടയ്ക്ക് ആരോ കരയുന്നത് കേൾക്കാറുണ്ടെന്നായിരുന്നു. അതിനപ്പോൾ തന്നെ എനിക്ക് മറുപടിയും കിട്ടി. 'പലതും കേൾക്കും. ചിലപ്പോ കരച്ചിലാവും, പിന്നെ ചിരിയാകും. പക്ഷെ ഈ പൊരെന്റെ വാതിൽ തുറന്ന് പോകരുത്...' അന്നത്തെ ബിരിയാണിയിൽ എല്ലാവരും ഞാൻ കേൾക്കുന്ന കരച്ചിലിന്റെ കാര്യം മറന്നു. നാട്ടിൽ നിന്ന് പോന്നിട്ട് അധിക ദിവസമായിട്ടില്ലാത്തതിനാൽ എന്റെ പ്രശ്നം 'ഹോം സിക്ക്നെസ്സാ'യിരിക്കുമെന്ന് സീനിയർ പ്രവാസികൾ വിലയിരുത്തി സഭ പിരിഞ്ഞു. നാല് മുറി ഫ്ളാറ്റിൽ ദിവസം മുഴുവൻ ഒറ്റക്കിരുന്ന് വട്ടായോന്നായി എന്റെയും സംശയം.

പഠനം പാതി വഴിയായപ്പോഴാണ് ഞാൻ അബഹയിലെത്തിയത്. പരീക്ഷ എഴുതാൻ നാട്ടിൽ പോണം. പഠിക്കാനുണ്ടെങ്കിലും വിരസമായ ദിനങ്ങൾ എന്നിൽ ഞാനറിയാതെ മടിയുടെ വിത്ത് പാകി തുടങ്ങിയിരുന്നു. പഠിക്കാനുള്ള പുസ്തകക്കെട്ടുകൾ കൊണ്ട് വന്മതിൽ തീർത്തു  ഞാനെന്നും സുഖമായി ഉറങ്ങി. അങ്ങിനെ ഒരു ദിവസം പഠനത്തിനിടയിൽ സുന്ദരസ്വപ്നങ്ങൾ കണ്ടുറങ്ങിയ ഞാൻ വാതിലിൽ ശക്തിയായ മുട്ട് കേട്ട് ഞെട്ടിയുണർന്നു. വാതിൽ തുറക്കാതെ പുറത്തു ആരാണെന്നു നോക്കിയ ഞാൻ കണ്ടത് കറുത്ത ബുർഖ അണിഞ്ഞ ഒരു സ്ത്രിയെയാണ്. മുഖം മറച്ചിരിക്കുന്നതിനാൽ ആരാണെന്നു തിരിച്ചറിയാനും വയ്യ. എന്തായാലും വാതിൽ തുറക്കില്ലെന്നു ഉറപ്പിച്ചു ഞാൻ ശ്വാസം വിടാതെ നിന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ വീണ്ടും വാതിലിൽ മുട്ടലും ദയനീയമായി നിലവിളിയും അടിയുടെ ശബ്ദവും! ആ സ്ത്രീയെ ചൂരൽ വെച്ച് തൊപ്പിയിട്ട ഒരുത്തൻ അടിക്കുന്നു. അവർ രക്ഷയ്ക്കായി എന്റെ വാതിലിൽ ആണ് മുട്ടുന്നത്. കുറച്ചു നേരത്തെ ബഹളത്തിനു ശേഷം അയാൾ അവരെ വീടിനകത്തേക്ക് വലിച്ചു കൊണ്ട് പോയി. ആരെയും സഹായത്തിനു വിളിക്കാൻ ഫോൺ സംവിധാനവും അന്ന് വീട്ടിൽ ഇല്ലായിരുന്നു. വ്യാഴാഴ്ച രാത്രി സുഹൃത്തുക്കൾ വന്നപ്പോഴാണ് അറിഞ്ഞത് ആ സ്ത്രീ തൊട്ടു മുന്നിൽ താമസിക്കുന്ന യെമനിയുടെ ആദ്യ ഭാര്യയാണെന്നും, അവർ ഇവിടെ വന്നത് അ യാൾക്കിഷ്ടപ്പെടാത്തത് കൊണ്ടാണ് അടിച്ചെതെന്നും... ഇത് സ്ഥിരമാണ് ശ്രദ്ധിക്കേണ്ടെന്നായിരുന്നു പൊതുഅഭിപ്രായം. നീതിയേക്കാൾ അനീതിയും, ശരിയേക്കാൾ തെറ്റുമാണ് പ്രവാസജീവിതത്തിന്റെ അടിത്തറ ബലപ്പെടുത്തുന്നതെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.

വാർത്താവിനിമയ സംവിധാനങ്ങളോ മീഡിയാകോലാഹലങ്ങളോ തൊണ്ണൂറുകളിൽ അബഹയിൽ എത്തിയിട്ടില്ല. വല്ലപ്പോഴും ആർക്കെങ്കിലും ഒരു സിനിമയുടെ കാസറ്റ് കിട്ടും. എങ്ങിനെ എവിടുന്ന്



എന്നൊന്നും അറിയില്ല. ചോദിക്കാറില്ല. ഒരിക്കൽ ഹുസൈന്റെ ബന്ധുവിന് എവിടെന്നോ തമിഴ് സിനിമയായ കറുത്തമ്മയുടെ കാസറ്റ് കിട്ടിയ വിവരം ഞങ്ങളെ അറിയിച്ചു. വ്യാഴാഴ്ച വൈകുന്നേരം അവൻ അതുമായി വീട്ടിൽ വരാമെന്നേറ്റു. വ്യാഴാഴ്ച രാത്രി ബിരിയാണിയും വെച്ച് കാത്തിരിപ്പായി. മറ്റ് സുഹൃത്തുക്കളുമുണ്ട്. കാത്തിരുന്നത് മിച്ചം ആളെത്തിയില്ല. ഒടുവിൽ അവനെ ചീത്ത വിളിച്ച് സുഹൃത്തുക്കൾ പിരിഞ്ഞു. അടുത്ത ആഴ്ച പൂച്ചയെ പോലെ പമ്മി പമ്മി ആളെത്തി. ചോദ്യ ങ്ങൾക്കെല്ലാം ഒറ്റവാക്കിലാണ് ഉത്തരം കിട്ടുന്നത്. 'കാസറ്റ് കിട്ടിയോ? കിട്ടി. നീ സിനിമ കണ്ടോ? കണ്ടു. എന്നിട്ട് കാസറ്റ് എവിടെ? എന്റേലില്ല...'

ചോദിക്കുന്നവരുടെ ക്ഷമ നശിക്കുമെന്നായപ്പോൾ അവൻ കഥ പറഞ്ഞു. സിനിമ കാസറ്റ് കിട്ടിയ സന്തോഷത്തിൽ കട നേരത്തെ അടച്ചു ഞങ്ങളുടെ വീട്ടിലേക്കു നടന്നു വരുമ്പോഴാണ് അവനെ മുത്തവ്വ (സൗദി മതകാര്യ പോലിസ്) പിടിച്ചത്. ഷർട്ടിനകത്ത് സൂക്ഷിച്ച് വെച്ച കാസറ്റും അവനെയും ഒന്നിച്ചാണ് മുത്തവ്വ പൊക്കിയെടുത്ത് വണ്ടിയിലിട്ടത്. എന്നിട്ടോ? മുത്തവ്വകളെ പറ്റി വലിയ വിവരമൊന്നും ഇല്ലാത്തതിനാൽ കഥ കേൾക്കാൻ എനിക്ക് തന്നെയായിരുന്നു താല്പര്യം. അതിനിടക്ക് അഹമ്മദിക്ക ചോദിക്കുന്നുണ്ടായിരുന്നു 'എത്ര കിട്ടീന്ന്..' അതെന്താണെന്നെനിക്ക് മാത്രം മനസ്സില്ലായില്ല. അതിനുത്തരം പറയാതെ അവൻ കഥ തുടർന്നു. മുത്തവ്വയുടെ ഓഫീസിൽ എത്തിയ ഉടനെ അവനെ നിലത്തിരുത്തി സോഫയിൽ ചൂരലുമായി മുത്തവ്വയും ഇരുന്നു സിനിമ കാണാൻ തുടങ്ങിയത്രേ. ഭാഗ്യം സിനിമയിൽ നായകനെ കാണുമ്പോൾ ഓടിയകലുന്ന നായികയാണ്. അടിയൊന്നെ കിട്ടിയുള്ളൂ അതെന്തിനാണെന്ന് കേട്ട് ഞാൻ ഞെട്ടി. കാസറ്റ് കൈവശം വെച്ചതിനല്ല, കറുത്ത മ്മ പർദ്ദ ധരിക്കാത്തതിനായിരുന്നു ആ അടി. ഇതാണ് നേരത്തെ എത്ര കിട്ടീന്ന് അഹമ്മദിക്ക കഥ പറച്ചിലിനിടക്ക് ചോദിച്ചത്. പർദ്ദയിട്ട് മുഖം മറക്കാത്തതിന് ഹുസൈന്റെ നേരെ ചൂരലോങ്ങി നില്ക്കുന്ന മുത്തവ്വയെ അധികം താമസിയാതെ ഞാനും കണ്ടു... സോഷ്യൽ മീഡിയയിൽ കണ്ട സിനിമ/ഹറാം വിവാദങ്ങൾ കറുത്തമ്മയെ വീണ്ടും ഓർമ്മിപ്പിച്ചതാണ്.

'മോളെ ഇയ്യൊന്നും കണ്ടിട്ടില്ലാന്നു കരുതിക്കാള്. രണ്ടു മാസം കഴിഞ്ഞു പരീക്ഷ എഴുതാൻ നാട്ടിൽ പോകാനുള്ളതല്ലേ...' പനി അന്വേഷിച്ചെത്തിയ അഹമ്മദിക്ക ചൂരൽ കണ്ടു പേടിച്ച എന്നെ പറഞ്ഞു സമാധാനിപ്പിച്ചു. ആദ്യത്തെ അനുഭവം പനി പിടിപ്പിച്ചെങ്കിലും പിന്നീട് പതിനേഴ് വർഷം അസഹിഷ്ണുതയുടെയും അനീതിയുടെയും മറുവാക്ക് പോലെ മുത്തവ്വകൾ നിത്യ ജീവിതത്തിന്റെ ഭാഗമായി. കാലമേറെ കഴിഞ്ഞു, സ്ഥലങ്ങൾ മാറി, രാജ്യവും. പ്രവാസത്തിന്റെ അരക്ഷിതാവസ്ഥയിൽ നിന്ന് കുടിയേറ്റത്തിന്റെ സുരക്ഷിതത്തിലേക്കുള്ള പറിച്ചു നടൽ. വടക്കെ അമേരിക്കയിലെത്തി തട്ടീം മുട്ടീം ഒരു ജോലിയിൽ കയറിയിട്ടേയുള്ളൂ. തണുത്ത് വിറച്ച് ഓഫീസിലെത്തിയതും മേശപ്പുറത്ത് എന്നെ വിറപ്പിച്ച് കൊണ്ട് കിടക്കുന്നു ഒരു പോലിസ് ഓർഡർ. തൊട്ടാൽ പോലിസ് പിടിക്കുമെന്ന പോലെ ഞാൻ അതും നോക്കി നിൽക്കുന്നത് കണ്ടു മാനേജ്മെന്റ് ക്ലാസ്സ് എടുക്കുന്ന ശ്രീലങ്കക്കാരൻ അടുത്തെത്തി. ഇവിടെയുള്ള അന്നയുടെ ഭർത്താവ് അന്വേഷിച്ചു വന്നാൽ പോലിസിനെ അറിയിക്കണം. ഇന്നലെ രാത്രി അയാൾ അന്നയെ അടിച്ചു. അവർ പോലീസിൽ പരാതിപ്പെട്ടു. ഇനി ഈ ഓർഡറിൽ പറയുന്ന കാലാവധി വരെ അയാൾക്ക്

അന്നയെ കാണാൻ പാടില്ല. നൂറ്റിയിരുപത് അടി അകലത്തിൽ നില്ക്കണം അതാണ് ഇതിലുള്ളത്. ഞങ്ങൾ സംസാരിച്ചു കൊണ്ട് നി ൽക്കുമ്പോൾ അന്ന വന്നു. ഞാൻ സൂക്ഷിച്ചു നോക്കി. പുറമേക്ക് പരിക്കൊന്നും കാണാനില്ല. ആരോ ചോദിച്ചപ്പോൾ ചുവന്നു തിണർത്ത കൈ കാണിച്ചു കൊടുക്കുന്നുണ്ട്. എന്റെ ദീർഘ നിശ്വാസം കേട്ടിട്ടാവണം 'ചെറിയ അടിപോലും ഇവിടെ നിയമത്തിന് മുന്നിൽ തെറ്റാണ്. ഇതിലും വലിയ തെറ്റുകളെല്ലാം ശരികളായി കണ്ട നമുക്ക് കിട്ടു ന്ന കൾച്ചറൽ ഷോക്ക് ട്രീറ്റ്മെന്റ് കൊള്ളാമെന്നൊരു കമന്റും പറഞ്ഞു ശ്രീലങ്കക്കാരൻ ക്ലാസ്സിലേക്ക് പോയി. അബഹയിലെ ആ സ്ത്രിക്ക് ഇപ്പോഴും അടി കിട്ടുന്നുണ്ടാവുമോ, വെറുതെയാണെങ്കിലും ഓർത്തു ...

ശ്രീലങ്കയിൽ പ്രൊഫസറായിരുന്നു എന്റെ സുഹൃത്ത്. ആദ്യത്തെ വിവാഹം വേർപിരിയലിൽ അവസാനിച്ചു. മകനെ അന്വേഷിച്ചാണ് അയാൾ കാനഡയിൽ എത്തിയത്. വേർപിരിയുമ്പോൾ കുഞ്ഞിനെ അമ്മയുടെ സംരക്ഷണത്തിൽ കോടതി വിട്ടു. അമ്മയും കുഞ്ഞും കാനഡയിലെത്തിയതൊക്കെ അയാൾ വൈകിയാണത്രേ അറിഞ്ഞത്. കുട്ടിയെ കാണാൻ അനുവദിച്ചിരുന്നില്ലെങ്കിലും കൃത്യമായി ചിലവിനുള്ള പൈസ അയാളിൽ നിന്ന് അവർ കൈപ്പറ്റിയിരുന്നു. കാനഡയിലെ ഒരു സുഹൃത്ത് പറഞ്ഞാണ് ഇവിടെയുള്ള മകന്റെ വിവരങ്ങൾ അയാൾ അറിഞ്ഞത്. അമ്മയുടെ വഴിവിട്ട ജീവിതം കുട്ടിയെ കൂടി ബാധിച്ചു തുടങ്ങിയിരുന്നു. എല്ലാം ഉപേക്ഷിച്ചു അയാൾ ഇവിടെയെത്തി. മകനെ തനിക്കു വിട്ടു കിട്ടാനുള്ള നിയമയുദ്ധത്തിലാണ്. കേസ് അനുകൂലമാകുമെന്ന വിശ്വാസത്തിൽ ഓരോ ദിവസവും അന്തിയാക്കുന്നു. തന്റെ മക്കളെ ഒന്ന് കാണാനുള്ള അനുവാദത്തിനായി റിയാദിൽ അവർ പഠിക്കുന്ന സ്കൂളിലെ അധികാരികളുടെ മുന്നിൽ കണ്ണുനിറച്ചു കാത്തു നില്ക്കുന്നൊരു അമ്മയെ എനിക്ക് അറിയാം. മൂന്ന് മക്കളെ പ്രസവിച്ചപ്പോഴാണ് ഭാര്യ സുന്ദരിയല്ലാന്ന് കെട്ടിയവന് തോന്നിയത്. ഉടനെ പ്രശ്നം പരിഹരിച്ചു. തലാക്ക് ചൊല്ലി ഒഴിവാക്കിയ സ്ത്രീക്ക് മക്കളിലുള്ള അവകാശവും നിഷേധിച്ചു!

മലയാളികൾക്കിടയിലെ സായിപ്പെന്ന സംബോധന പോലും വംശീയ അധിക്ഷേപമാണെന്ന് കരുതുന്നവരാണ് ഇവിടെ വളരുന്ന മക്കൾ. അടുത്തിടെ മിഡിൽ ഈസ്റ്റ് സന്ദർശിച്ച എന്റെ മകനോടാരോ ഇംഗ്ലീഷ് സംസാരിക്കുന്ന നീ ക്രിസ്ത്യനാണോ എന്ന് ചോദിച്ചത് കേട്ട് അവൻ അന്തംവിട്ടു. ഭാഷയെ എന്തിന് ഒരു മതവുമായി ബന്ധിപ്പിക്കുന്നുവെന്ന ചോദ്യം വീണ്ടും വീണ്ടും കുട്ടി ആ വർത്തിക്കുന്നു. ഒന്നിന്റെ പേരിലും വിവേചനം കാണിക്കാത്ത രാജ്യത്ത് ഒരു പ്രത്യേക മത വിഭാഗത്തിന്റെ കരിയർ ഫെയർ നോട്ടീസ് കണ്ടതും മകനു തോന്നിയ സംശയം എനിക്കുമുണ്ടായി. മത ഭ്രാന്ത് മൂത്ത ഇക്കാലത്ത് യുവജ നങ്ങൾക്കുള്ള കരിയർ ഫെയറുകളിലും സംസാര ഭാ ഷകൾക്കും മതത്തിന്റെ ചായം തേച്ചു നിറംപിടിപ്പിക്കുന്നത് എന്തിനാണ്?

പൈലറ്റും, സ്ത്രീ ആക്ടിവിസ്റ്റുമായ നവൽ അൽ ഹവാസാവിക്ക് നേരെ സോഷ്യൽ മീഡിയയിൽ നടക്കുന്ന വംശീയ അധിക്ഷേപം സൗദി പത്രമായ അറബ് ന്യൂസ് റിപ്പോർട്ട് ചെയ്തത് വായിക്കാനിടയായി. സ്ഥിരരൂപമായി ചിലതെല്ലാം നമ്മുടെ മനസ്സിലുണ്ട്. അതിന് ഇളക്കം തട്ടുമ്പോൾ ആദ്യം ഞെട്ടും പിന്നെപ്പിന്നെ നിസംഗതയോടെ ഉൾക്കൊള്ളും. ബസ്സിലിരുന്നു പ്രായമായ ഒരു സ്ത്രി മകളോട് തർക്കിക്കുന്നു. അവരുടെ തർക്കം എന്റെ വായനക്ക് തടസ്സമായപ്പോൾ ശ്രദ്ധിച്ചു. പേരക്കുട്ടിയെ നോക്കിയതിന് മകൾ കൊടുത്ത പണം പോരാത്തതിനാണ് തർക്കം. ബന്ധങ്ങൾ അല്ലല്ലോ സമയത്തിനാണ് ഇന്നാട്ടിൽ വില. അമ്മയായാലും അമ്മൂമ്മയായാലും! ഐ.ടി മേഖലയിലുള്ളവരെല്ലാം തെക്കേ ഏഷ്യക്കാരാണെന്ന് വിചാരിക്കുന്ന ചിലരെ കണ്ടിട്ടുണ്ട്. ഗൾഫിലെ സ്വദേശികൾക്ക് തെക്കേ ഏഷ്യൻ പെണ്ണുങ്ങളെല്ലാം 'ഗദ്ദാമ'കളാണ്. കുഞ്ഞുങ്ങളിൽ വരെ ഈ മനോഭാവം കാണാമെന്നുള്ളതാണ്. അഹമ്മദിക്ക പറഞ്ഞുതന്ന പോലെ ഇയ്യൊന്നും കണ്ടിട്ടൂല്യ കേട്ടിട്ടൂല്യ... അതെ, അതാണ്.

യുദ്ധവും യുദ്ധക്കെടുതികളും നമുക്ക് വാർത്തകളിൽ വായിച്ചും കേട്ടും മാത്രമാണ് പരിചയം. യുദ്ധമാണോ അല്ല എന്നാൽ സമാധാനമുണ്ടോ എന്ന് ചോദിച്ചാൽ അതും ഇല്ലാത്ത രാജ്യങ്ങൾ എമ്പാടുമുണ്ട്. ഏതവസ്ഥയിലും ദുരിതങ്ങളുടെ മാറാപ്പ് ചുമക്കേണ്ടി വരുന്നത് സ് ത്രീകൾക്കും കുട്ടികൾക്കു മാണ്. ഞാൻ ജോലി ചെയ്യുന്ന കോളേജിൽ ഇപ്പോൾ പഠിക്കാൻ എത്തുന്നവരിൽ ഭൂരിപക്ഷം സ്ത്രീകളും ഇതുപോലെയുള്ള രാജ്യങ്ങളിൽ നിന്നെത്തിയവരാണ്. പഠിക്കണം ജോലി നേടണം മക്കളെ സമാധാനത്തോടെ വളർത്തണമെന്ന് സ്വപ്നം കാണുന്ന ഒരു കൂട്ടം

*ശേഷം പേജ് 21*



# നീല ആകാശം, ചുവന്ന സൂര്യൻ



ബീന പോൾസൺ

**അമേരിക്ക എന്ന് കേട്ടാൽ ക്രിസ്മസ് കാർഡിൽ കാണുന്ന പോലെ മുഴുവൻ മഞ്ഞുമൂടിക്കിടക്കുന്ന നാടാണെന്നും , ഇവിടെ പണം കാക്കുന്ന മരം ഉണ്ടെന്നുമൊക്കെ ആയിരുന്നു കുട്ടിയായിരുന്ന എന്റെ ധാരണ.**

മനുഷ്യനു ജീവിക്കാൻ ഓരോ കാരണങ്ങളുണ്ട്. ആഗ്രഹങ്ങളിൽ അധിഷ്ഠിതമായ നാളേയിലേക്കുള്ള നെട്ടോട്ടങ്ങൾ. അതേ ഈ ഞാനും ഓടിക്കൊണ്ടിരിക്കുകയാണ് ! അതിങ്ങനെ സംഗ്രഹിക്കാം . ഒരു പ്രവാസിയായ ഞാൻ എന്റെ ചില പ്രത്യേക ആഗ്രഹങ്ങൾക്ക് പ്രതീക്ഷയുടെ വെള്ളവും വെളിച്ചവുംനൽകി മുളപ്പിക്കാനിടുന്നു. അതിനു, മുളപൊട്ടുന്നു, ഇല, വരുന്നു, ശാഖകൾ തഴച്ചുവളർന്നു അതൊരു മരമായ് തീരുമ്പോഴേക്കും നാട്ടിലേക്ക് പോകാനുള്ള കാലമായി. വെക്കേഷൻ തീർന്നു തുടങ്ങുമ്പോഴേക്കും അടുത്ത വെക്കേഷനുള്ള കാത്തിരിപ്പ്. ഈ ഭൂമിയുള്ളിടത്തോളംകാലം മനുഷ്യനും അവന്റെ ആഗ്രഹങ്ങളും, പ്രതീക്ഷകളും കൂടെയുണ്ടാകും. എന്നാൽ ചില മനുഷ്യരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും അതെത്ര ദൂരത്തിലായിരുന്നിരുന്നാലും സ്വന്തം നാടിനെ ചുറ്റിപ്പറ്റികിടക്കുന്നു. അവരത്രേ യഥാർത്ഥ പ്രവാസികൾ !

അമേരിക്ക എന്ന് കേട്ടാൽ ക്രിസ്മസ് കാർഡിൽ കാണുന്ന പോലെ മുഴുവൻ മഞ്ഞുമൂടിക്കിടക്കുന്ന നാടാണെന്നും, ഇവിടെ പണം കാക്കുന്ന മരം ഉണ്ടെന്നുമൊക്കെ ആയിരുന്നു കുട്ടിയായിരുന്ന എന്റെ ധാരണ. എങ്ങനെ തോന്നാതിരിക്കും? കിഴക്കേതിലെ കഴുത്തറ്റം വരെ മുടിമുറിച്ച ലില്ലിയാന്റി ലീവിന് വരുമ്പോൾ കുട്ടികൾക്ക് പോലും പോക്കറ്റ് മണി കൊടുത്തിരുന്നത് നൂറുരൂപ! പോരാത്തതിനു ഒരു ചുവന്ന അംബാസഡർകാറിലായിരുന്നു




അവരെല്ലാം കൂടി ടൂറിനും പിന്നെ എറണാകുളത്തേക്കും മറ്റും സിനിമക്കു പോയിരുന്നത് . ഒരു പ്രാവശ്യം എന്നേം വിളിച്ചു അമ്മമ്മ വിട്ടില്ല. 'അമേരിക്കക്കാരോട് പെരുമാറുമ്പോൾ പ്രത്യേക പരിഷ്കാരം വേണംത്രേ'. പാവം എനിക്കതറിയണ്ടേ? എന്തായാലും ഇവിടെ എത്തിയതോടെ എനിക്കു സംഗതിയുടെ ഗുട്ടൻസ് പിടികിട്ടി. ഇവിടെ പോത്തിനെപ്പോലെ മേലനങ്ങി പണിയെടുത്തിട്ടാണ് എല്ലാരും നാലുകാശുണ്ടാക്കുന്നത്, അതിനു വരുത്തനെന്നോ ഇവിടുത്തുകാരനെന്നോ വ്യത്യാസമില്ല. അങ്ങനെ കിട്ടുന്ന കാശാണ് കടലകൊറിക്കുന്ന വേഗത്തിൽ ചെലവാക്കി തിരിച്ചുപറക്കുന്നത്. എന്തൊരുയോഗം! എനിക്ക് പാവം ലില്ലിയാന്റിയുടെ കാര്യമോർത്തപ്പോൾ കരച്ചിൽവന്നു. വെറുതെയല്ല പാവം തന്റെ സന്ദർശനം അഞ്ചുകൊല്ലത്തിലൊരിക്കലാക്കിയിരുന്നത്.

അമേരിക്ക മാത്രം സ്വപ്നം കണ്ടതു കൊണ്ടു ഒരു നേഴ്സ് ആയതൊന്നുമല്ല ഞാൻ. എനിക്ക് മുൻപിൽ ഒരുപാട് വഴികളൊന്നും തുറക്കപ്പെട്ടിരുന്നില്ല. സാമ്പത്തികം തന്നെയായിരുന്നു പ്രശ്നം. എസ്.എസ്.എൽ.എസി.പരീക്ഷയിൽ ഡിസ്റ്റിങ്ങ്ഷൻ കിട്ടാത്ത കുറ്റബോധത്തോടെ പാള പോലെയുള്ള മാർക്ക് ലിസ്റ്റും (ശ്രീമാൻ. ടി. എം . ജേക്കബിന്റെ പരിഷ്കാരം ) കയ്യിൽപ്പിടിച്ചു അന്തംവിട്ടിരിക്കുമ്പോൾ അമ്മ ചോദിച്ചു 'എന്താ പരിപാടി'? 'നിക്ക് പാട്ടുപഠിക്കണം, പാട്ടുകാരിയാവണം' മേലനങ്ങാത്ത ഒരു പണി - അത്രേ ഉദ്ദേശിച്ചുള്ളൂ, പിന്നേ തരക്കേടില്ലാതെ പാടും. അമ്മ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചു. 'നിനക്കിതെന്തിന്റെ കേടാ?' എന്റെ വായിൽ നിന്നും വല്ല 'ടീച്ചർ' എന്നോമറ്റോ ആയിരിക്കണം അവർ പ്രതീക്ഷിച്ചത്. ഈ മാർക്കും വെച്ച് ഡോക്ടറോ എൻജിനീയറോ ആവാനൊക്കില്ല. നാട്ടിൽ സംഗീതം പഠിച്ചവർ തന്നെ അരിവാങ്ങിക്കാൻ കഷ്ടപ്പെടുന്ന കാലം. പിന്നെയും ഞാൻ ആലോചിച്ചു. എനിക്ക് 'എഴുത്തുകാരി ആയാൽ മതി'. മേലനങ്ങാത്ത മറ്റൊരുപണി. ഇത്രയും ആയപ്പോഴേക്കും അമ്മമ്മ കേറി ഇടപെട്ടു. അമ്മക്ക് ദേഷ്യം വന്നാൽ പിടിച്ചാൽ കിട്ടില്ല. പൊതിരെ തല്ലും. തല്ല് എരന്ന് വാങ്ങുന്നതിന് ഒരു കയ്യുംകണക്കും വേണ്ടേ? 'നേരെ ചൊവ്വേ കഞ്ഞികുടിച്ചുകിടക്കാൻ ശമ്പളം വാങ്ങാൻ പറ്റുന്ന ഒരു പണി പറയൂ അമ്മിണി,' 'ശരി, ഞാൻ നേഴ്സ് ആയിക്കോളാം,' വായിൽ അപ്പോൾ അതാണ് വന്നത്. അതാവുമ്പോൾ നേരത്തെ ജോലിയും കിട്ടും. അങ്ങനെ പതിനെട്ടു തികയും മുൻപ് തീരെ അശുവായ ഞാൻ സാരീം ചുറ്റി പെട്ടീം തൂക്കി വീട് വിട്ടിറങ്ങി. ഇരുപത്തിരണ്ടാം വയസ്സിൽ സർക്കാർ ശമ്പളം കിട്ടി തുടങ്ങിയതാ . അന്ന് തുടങ്ങിയ ഓട്ടം ഇന്നും തുടർന്ന് കൊണ്ടിരിക്കുന്നു. അതിൽ ഒരു പരാതിയും ഇന്ന് വരെ തോന്നിയിട്ടില്ല.

പിന്നെ അമേരിക്കയിലേക്കെത്തിനീ കുറ്റീം പറിച്ചു പോന്നു എന്നത് വളരെ കാര്യമാത്രപ്രസക്തമായ ഒരു ചോദ്യം. അത്യാകർഷകമായ വേതനവും, പിന്നെ ഈ തൊഴിലിനു (ഏതൊരുതൊഴിലിനും) ഇവിടെ കിട്ടുന്ന മാന്യതയും എന്നു വേണം പറയാൻ. അതെ, കൈനിറച്ചു സമ്പാദിക്കുന്നു. അത് പോലെ അന്തസ്സായി ടാക്സും കൊടുക്കുന്നു. പണ്ടേ നല്ല വാശിയുള്ള കൂട്ടത്തിലായിരുന്നു. ആ വാശി ദാ ഇവിടെ കൊണ്ടെത്തിച്ചു. കഞ്ഞി കുടിച്ചു

**കിഴക്കേതിലെ കഴുത്തറ്റം വരെ മുടിമുറിച്ച ലില്ലിയാന്റി ലീവിന് വരുമ്പോൾ കുട്ടികൾക്ക് പോലും പോക്കറ്റ് മണി കൊടുത്തിരുന്നത് നൂറുരൂപ! പോരാത്തതിനു ഒരു ചുവന്ന അംബാസഡർകാറിലായിരുന്നു അവരെല്ലാം കൂടി ടൂറിനും പിന്നെ എറണാകുളത്തേക്കു മറ്റും സിനിമക്കും പോയിരുന്നത് . ഒരു പ്രാവശ്യം എന്നേം വിളിച്ചു അമ്മമ്മ വിട്ടില്ല. "അമേരിക്കക്കാരോട് പെരുമാറുമ്പോൾ പ്രത്യേക പരിഷ്കാരം വേണംത്രേ' പാവം എനിക്കതറിയണ്ടേ? എന്തായാലും ഇവിടെ എത്തിയതോടെ എനിക്കു സംഗതിയുടെ ഗുട്ടൻസ് പിടികിട്ടി.**

കഴിയാൻ വേണ്ടി നേഴ്സ് ആയ അമ്മമ്മയുടെ കുട്ടി കൈനിറയെ കാശ് വാങ്ങിയിട്ടും ചിലദിവസങ്ങളിൽ പച്ചവെള്ളം പോലും കുടിക്കാറില്ല, കുടിക്കാൻ പറ്റാറില്ലെന്നു പാവം അമ്മമ്മക്കറിയോ ? പക്ഷേ ഒന്നുണ്ട്, ഇവിടെ ലേബർ നിയമങ്ങൾ വളരെശക്തമാണ്. ഉദ്യോഗസ്ഥരുടെ ബ്രേക്ക് സമയം നഷ്ടപ്പെട്ടാൽ അതാത് സ്ഥാപനങ്ങൾ സംസ്ഥാനത്തിന് പിഴയൊടുക്കുന്നത് കൂടാതെ ഉദ്യോഗസ്ഥർക്ക് ഇരട്ടിയോ അതിൽ കൂടുതലോ വേതനവും കൊടുക്കേണ്ടിവരും. ഒരു നേഴ്സ് ആയ ഞാൻ പ്രസവവേദന എടുത്തു കരയുന്ന രോഗിക്ക് ഒപ്പംനിന്ന്, നടുവ് തിരുമ്മിക്കൊടുത്തും, അവരോടൊപ്പം ബ്രീത്ത് ചെയ്തും, അവരുടെ വേദനക്ക് ആശ്വാസം കണ്ടെത്താൻ ശ്രമിക്കുമ്പോൾ കിട്ടുന്ന ആത്മസംതൃപ്തിയുണ്ടല്ലോ! ഒന്ന് വേറെ തന്നെയാണ്. ചിലപ്പോൾ രോഗികൾതന്നെ അതേറ്റു പറയും ‘ ‘you were born to be a nurse’ ആനന്ദലബ്ധിക്കിനി എന്ത് വേണം ! അതെ ഞാനതിനു വേണ്ടി മാത്രം ജനിച്ചതാണ്. ഇത് സത്യം. നാട്ടിലെ സർക്കാർ ജോലിവിട്ടു ഇവിടേയ്ക്ക് വന്നത് കൊണ്ട് ഇപ്പോഴും പഠിച്ചു കൊണ്ടിരിക്കുന്നു. ഇനി റിട്ടയർ ചെയ്യുന്നതുവരെ ഈ പ്രക്രിയ തുടർന്നു കൊണ്ടേയിരിക്കും. നമ്മുടെ നാട്ടിലാണെങ്കിൽ ജോലി കിട്ടിയാൽ എന്ന് ‘പുത്തകം’ മടക്കി എന്ന് ചോദിച്ചാൽ മതി. സത്യം പറയട്ടെ അൽപ്പം വിവരം വെക്കുന്നത് വളരെ നല്ല കാര്യമാണെന്നേ! നമ്മുടെ നാട്ടിൽ ഇപ്പോൾ സർക്കാർ ജീവനക്കാർക്ക് തരക്കേടില്ലാത്ത ശമ്പളമാണെന്ന് കേൾക്കുന്നു.

**ഇനി അമേരിക്ക തന്ന ചിലപാഠങ്ങളെക്കുറിച്ച്പറയാം. ഇവിടെവന്നിറങ്ങിയആദ്യത്തെദിവസം, ഒരുധീരവനിതയായതു കൊണ്ടൊന്നുമല്ല ഒറ്റയ്ക്ക് വരേണ്ടിവന്നു. കൂട്ടിക്കൊണ്ടു പോകേണ്ട റിക്രൂട്ടർ രണ്ടുമണിക്കൂർലേറ്റ്. ട്രാഫിക് ബ്ലോക്കാണത്രെ! അപ്പോൾ അതാണ് കാര്യം, കഷ്ടം, ഇവിടെയും രക്ഷയില്ല. ലോസ്ആൻജലസ്സിലും ട്രാഫിക് ബ്ലോക്ക്, ബ്ലോക്കോട് ബ്ലോക്ക്, പാഠം 1 . അയാളെ കേറി "സാറെ' എന്ന് വിളിച്ചതും നിങ്ങൾ ആരെയും "സാറെന്നോ, മാം' എന്നോ വിളിക്കരുത് , ഇവിടെ ഫസ്റ്റ് നെയിം ആണ് എല്ലാരും വിളിക്കുക . ഇനി ബഹുമാനത്തിനു വേണമെങ്കിൽ ലാസ്റ്റ്നെയിം വിളിച്ചോളൂ .**

ഇനി അമേരിക്ക തന്ന ചില പാഠങ്ങളെക്കുറിച്ച്പറയാം. ഇവിടെവന്നിറങ്ങിയആദ്യത്തെദിവസം, ഒരുധീരവനിതയായതു കൊണ്ടൊന്നുമല്ല ഒറ്റയ്ക്ക് വരേണ്ടിവന്നു. കൂട്ടിക്കൊണ്ടു പോകേണ്ട റിക്രൂട്ടർ രണ്ടുമണിക്കൂർ ലേറ്റ്. ട്രാഫിക് ബ്ലോക്കാണത്രെ! അപ്പോൾ അതാണ് കാര്യം, കഷ്ടം, ഇവിടെയും രക്ഷയില്ല. ലോസ്ആൻജലസ്സിലും ട്രാഫിക് ബ്ലോക്ക്, ബ്ലോക്കോട് ബ്ലോക്ക്, പാഠം 1 . അയാളെ കേറി ‘സാറെ’ എന്ന് വിളിച്ചതും നിങ്ങൾ ആരെയും ‘സാറെന്നോ, മാം’ എന്നോ വിളിക്കരുത് , ഇവിടെ ഫസ്റ്റ് നെയിം ആണ് എല്ലാരും വിളിക്കുക . ഇനി ബഹുമാനത്തിനു വേണമെങ്കിൽ ലാസ്റ്റ്നെയിം വിളിച്ചോളൂ . അപ്പൊ OK. പാഠം 2.

മോട്ടൽ, ഹോട്ടൽ ഇവ രണ്ടും തിരിച്ചറിയാനുള്ള പ്രായോഗികബുദ്ധിയില്ലാതിരുന്നത് ഭാഗ്യം (മോട്ടൽ = ലോക്ലാസ്) ആദ്യം പറഞ്ഞിടത്താണ് കൊണ്ട് പാർപ്പിച്ചത്. ബാത്ത്റൂമിൽ കയറിയതും എന്തോ ഇളകിവന്നു . അതോടെ കുളി ക്ലീൻ. വരാന്തയിൽക്കണ്ട ഹൗസ്കീപ്പറോട് കാര്യം പറഞ്ഞേക്കാം എന്ന് കരുതി ചെന്നതും അയാൾ ‘കുലുകുലുകുക്കുലുവെന്നു’ ദൈവമേ ഇയാൾ പറയുന്ന ഇംഗ്ലീഷ് എനിക്ക് മനസ്സിലാവാഞ്ഞിട്ടോഅതോ, ഞാൻ പറയുന്ന ഇംഗ്ലീഷ് ഇ

## സാരഥി ജലക് : സ്ത്രീകളുടെ സ്വന്തം റേഡിയോ സർവ്വീസ്

കർണ്ണാടകത്തിലെ ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടെ മുൻകൈയിൽ തുടങ്ങിയതാണ്. 90.4 ചാനൽ-സാരഥി ജലക്. 2012ൽ ഡി.എസ്.ഷമന്ത എന്ന സ്ത്രീയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ഈ റേഡിയോ സർവ്വീസ് ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, നിയമവിഷയങ്ങൾ, സാമൂഹ്യക്ഷേമ പരിപാടികൾ തുടങ്ങിയ വിഷയങ്ങൾ ജനങ്ങൾക്ക് അവബോധം നൽകാൻ പ്രവർത്തിച്ചുപോരുന്നു. രാവിലെ 6 മണി മുതൽ രാത്രി 10 മണി വരെ തുടർച്ചയായി പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾക്ക് കർണ്ണാടകത്തിൽ ധാരാളം ശ്രോതാക്കളുണ്ട്.

യാൾക്ക് മനസ്സിലാവാഞ്ഞിട്ടോ?' തൃശൂർ ജില്ലവിട്ട് എങ്ങുംപോയിട്ടില്ല. TOEFL, TSE പാസ്സായിട്ടുണ്ട്. പക്ഷേ, ഈ ഭാഷയും വെച്ച് ഞാനിവിടെ എങ്ങനെ പിഴച്ചുപോകുംഎന്ന് കരുതി ഷോക്കടിച്ചിരിക്കുമ്പോൾ ദൈവദൂതനെപ്പോലെ റിസപ്ഷനിസ്റ്റ് 'I am so sorry, I do apologize , he doesn't speak English' ദേ ആ ഇംഗ്ലീഷ് എനിക്ക് മനസ്സിലായി. ഇംഗ്ലീഷ് അറിഞ്ഞില്ലെങ്കിലും ഈനാട്ടിൽ പണിയെടുത്തു ജീവിക്കാം പാഠം 3.

പിന്നെയും പഠിച്ചു കുറെ പാഠങ്ങൾ, ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്നു. നാട്ടിലുള്ള ചില ആളുകൾക്ക് ഭയങ്കര അമേരിക്കൻ വിരോധമാണത്രേ! ഇതെനിക്ക് ബോധ്യപ്പെട്ടത് ഒരുതവണ നാട്ടിലേക്കു പുറപ്പെട്ടപ്പോഴാണ്. സിങ്കപ്പൂർ എയർപോർട്ടിൽ ഒരു സഹയാത്രികന്റെ കയ്യിൽനിന്നും കടംവാങ്ങിയ മാതൃഭൂമിപത്രം (പഴയ ) വായിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പ്രസിദ്ധ യുവകവിയെ കാണാനിടയായി. (ഭാഷയോടുള്ള സ്നേഹം പണ്ടേയുണ്ട്) സന്തോഷം കൊണ്ട് ഓടിച്ചെന്നു പരിചയപ്പെട്ടു. അമേരിക്കയിൽ നിന്നാണ് എന്നുകേട്ടതും അദ്ദേഹത്തിന്റെ മുഖഭാവംമാറി. എത്ര ആലോചിച്ചിട്ടും എന്താണെന്നുപിടികിട്ടിയില്ല. ഇവിടേയ്ക്ക് കുടിയേറിയതിനു ശേഷം അമേരിക്കയിലായിപ്പോയി എന്ന കാരണം കൊണ്ട് പല അത്യാഹിതങ്ങളും എന്റേയും ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. നാട്ടിൽപ്പോയാൽ പോലും ഇപ്പോഴും ഖദർ മാത്രം ധരിക്കുന്ന, അന്നും ഇന്നും മായം ചേർക്കാത്ത ഒരു പാർട്ടി പ്രവർത്തകനാണ് എന്റെ സ്വന്തം ഭർത്താവ്. സ്ത്രീധനം വാങ്ങാതെ രജിസ്റ്റർ വിവാഹം ചെയ്തു മാതൃകകാട്ടിയ ഈ യുവനേതാവിന്റെ വിവാഹം കൊട്ടിയാഘോഷിച്ച തലമൂത്തരാഷ്ട്രീയ നേതാക്കന്മാർ ഇപ്പോൾ വഴിമാറിപ്പോകുന്നു ! അവർ ആരെയാണ് ഭയക്കുന്നത് ? ആലോചിച്ചിട്ട് ഒരുപിടിയും കിട്ടുന്നില്ല. അത്രയ്ക്കുണ്ട് ഇവർക്കു അമേരിക്കൻ വിരോധം. ഇനി നാട്ടിലുള്ളവരോട്- ഇതാണ് ഞങ്ങൾ, അമേരിക്കൻ പ്രവാസികൾ! ഇവിടെ പുരുഷന്മാരും സ്ത്രീകളും സ്വാതന്ത്ര്യം ഒരുപോലെ അനുഭവിക്കുന്നു. സ്ത്രീകൾ ഏതുപാതിരാക്കും ഡ്രൈവ് ചെയ്തു ജോലിക്ക് പോകുന്നു. എല്ലാവർക്കും ഒരേനിയമം. അതുപോലെ ഞങ്ങൾക്കിവിടെ ജോലിക്കാരില്ല. ഒഴിവുദിവസങ്ങളിൽ ആണും പെണ്ണും ഒരേസമയം അടുക്കളയിൽ കയറിപണിയെടുക്കുന്നു. ഒരാഴ്ചക്കുള്ളത് കുക്ക് ചെയ്യുന്നു. മൈക്രോവേവിനും ഫ്രിഡ്ജിനും സ്തുതി! അതുപോലെ പിറന്നാൾ , കല്യാണം , ചാവടിയന്തിരം തുടങ്ങിയ അവസരങ്ങളിലെല്ലാം നമ്മുടെ കേരളവിഭവങ്ങൾ പാചകം ചെയ്തു ഒത്തുകൂടുന്നു. ഓണാവധിക്ക് ഇവിടത്തെ പെണ്ണുങ്ങൾ മുണ്ടും നേര്യതുമുടുക്കുന്നു , ഇവിടത്തെ ആണുങ്ങൾ അന്നേ ദിവസം ചെണ്ടകൊട്ടുന്നു, വെള്ളമില്ലാതെ അവർ വള്ളംകളി കളിക്കുന്നു. പക്ഷേ ഞങ്ങൾ മിസ്സ് ചെയ്യുന്ന ഒരുപാടുകാര്യങ്ങളുണ്ട്, നിറയെ പൂത്തുനിൽക്കുന്ന കൊന്നമരങ്ങൾ, ഓണനിലാവ്, പുസ്തകമേളകൾ, കവിയരങ്ങുകൾ, പൂരങ്ങൾ, പള്ളിപ്പെരുന്നാളുകൾ, കാഴ്ചക്കുലകൾ അങ്ങനെ എണ്ണമില്ലാത്ത ഒരുപാട് കാര്യങ്ങൾ! പക്ഷേ, ഇവിടെ ഒരു നേരമെങ്കിലും പുഴുക്കലരി ചോറും സാമ്പാറും, മോരും , ചുവന്ന മീനും കൂട്ടി ഞങ്ങൾ ചോറുണ്ണുന്നു, നിർബന്ധിച്ചു മക്കളെ കഴിക്കാൻ പ്രേരിപ്പിക്കുന്നു. കഷ്ടപ്പെട്ട് മക്കളോട് മാതൃഭാഷയിൽ സംസാരിക്കുന്നു. അതേ, ഇപ്പോഴും ഇവിടത്തെ ആകാശത്തിനും, കടലിനും അവിടത്തെപ്പോലെ നീലനിറമാണ്, സൂര്യനാകട്ടെ ചുവന്നനിറവും. ഒന്ന് പറഞ്ഞുകൊള്ളട്ടെ ഞങ്ങളും നിങ്ങളെപ്പോലെ മലയാളികളാണ്, കേരളത്തെ സ്നേഹിക്കുന്നവർ, ഭാഷയെ തൊട്ടറിയുന്നവർ!

*ബീനപോൾസൻ തൃശൂർ സ്വദേശി. കഴിഞ്ഞ പത്തുവർഷത്തോളമായി കുടുംബസമേതം കാലിഫോർണിയയിൽ താമസം. അമേരിക്കൻ പ്രസിദ്ധീകരണമായ 'മലയാളി'യിൽ കോളം എഴുതുന്നു.*



# സുനിത കൃഷ്ണന് പത്മശ്രീ

സ്ത്രീകൾക്കു നേരെയുള്ള ലൈംഗികാതിക്രമങ്ങൾക്കെതിരെയുള്ള പോരാട്ടത്തിന് ജീവിതം ഉഴിഞ്ഞുവച്ച ഡോ.സുനിതകൃഷ്ണനെ രാജ്യം പരമോന്നത ബഹുമതിയായ പത്മശ്രീ നൽകി ആദരിച്ചു. സ്വന്തം ജീവിതത്തിലെ ഇരയാക്കപ്പെട്ട അവസ്ഥയിൽ നിന്നും തോറ്റുകൊടുക്കാൻ തയ്യാറല്ലാത്ത പോരാളിയായി ഉയിർത്തെഴുന്നേറ്റ് പ്രോജ്ജ്വല എന്ന സംഘടനയ്ക്ക് രൂപം കൊടുത്തിരിക്കുകയാണ് ഡോ.സുനിതകൃഷ്ണൻ സ്വന്തം ജീവിതവും പ്രവർത്തിമണ്ഡലവും ലോകത്താകമാനമുള്ള സ്ത്രീകൾക്ക് മാതൃകയായിരിക്കുകയാണ് ഡോ. സുനിത.

കവർസ്റ്റോറി



# അമ്മ ഓർമ്മ



എൽസി താരമംഗലം

അഞ്ചു വയസ്സു മുതൽ അമ്മയെ വിട്ടു നിന്ന മകളുടെ ഓർമ്മകൾ ഇന്നു മുത്തശ്ശിയായി വിലസുന്ന എന്നിൽ നിന്ന് ഒഴുകി തുടങ്ങുന്നത് 'ഗ' എന്നു വിളിക്കപ്പെട്ടിരുന്ന എന്റെ വല്ല്യമ്മച്ചിയിൽ നിന്നാണ്. അപ്പന്റെ അമ്മ എന്ന ഗ്രാന്റ് മദറിന്റെ പരമ്പരാഗത വിളിക്കു പകരമുള്ള ഗഅമ്മച്ചി ലോപിച്ചുണ്ടായതാണ് ഞങ്ങളുടെ 'ഗ'. അവധിക്കാലത്ത് ബോർഡിങ്ങ് സ്കൂളിൽ നിന്ന് വീട്ടിലെത്തുമ്പോൾ രാത്രി കൂടെ കിടക്കുന്നത്, മൂളൽ നിർത്തി ഉറങ്ങും വരെ കഥകൾ പറഞ്ഞ് അതിരാവിലെ കടങ്കഥകളിലൂടെ കണ്ണുതുറപ്പിക്കുന്നത് ഗയുടെ ബ്രഹ്മാണ്ഡ റിഡിൽ കൂമ്പാരത്തിന്റെ ചുരുൾ അഴിക്കാൻ ഇന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് തന്നെയല്ല ലോകത്തിന്റെ മിക്ക ഭൂഖണ്ഡത്തിലും ഇരുന്ന് കൊച്ചുമക്കളും അവരുടെ കൊച്ചുമക്കളും മത്സരിക്കുന്നുണ്ട്.

മീനച്ചിലാറിൽ മുങ്ങിക്കുളിച്ച് പള്ളിക്കൂടത്തിൽ പോയ ഗായിക്ക് വരണ്ടുകീറി പരന്ന് കിടക്കുന്ന തമിഴ് പട്ടണപരിസരങ്ങളിലെ കുഞ്ഞുകാവേരികൾ തേടിപ്പിടിച്ച് അടിച്ചു നനച്ചു കുളിക്കുന്നത് ഒരുഹരമായിരുന്നു. ഉച്ചയൂണും, മയക്കവും കഴിഞ്ഞ് തോളിൽ ഒരു തോർത്തും കയ്യിൽ പെട്ടി സോപ്പുമായി ഞങ്ങൾ തോടും പുഴയും തേടി ഇറങ്ങും. വീട്ടുജോലികളാലും ഓർക്കാപ്പുറത്ത് നിരന്തരം വീട്ടിൽ വന്നു കയറുന്ന നാട്ടുകാർക്ക് ചോറും കറിയും വിളമ്പിയും ദിവസത്തിനു സമയവും മണിക്കൂറുകളും പോരാത്ത അമ്മക്ക് ഈ free baby sitting service മാത്രമാണ് എന്റെ വല്യമ്മച്ചിയിൽ നിന്ന് കിട്ടിയ സഹായം. റെയിൽവേയിൽ ആയിരുന്ന അപ്പച്ചന്റെ പേരും വിവരവും പേഴ്സിൽ തിരുകി ഗോവക്കും സെന്റ് തോമസ് മൗണ്ടിലേക്കും പുണ്യം തേടി പോകുന്നവർ, മദ്രാസിൽ പഠിക്കാൻ വരുന്നവർ, ബോംബേക്ക് ജോലി തേടി ഇറങ്ങിയവർ, വെല്ലൂർ മെഡിക്കൽ കോളേജിൽ ചികിത്സിക്ക് പോകുന്നവർ ഊട്ടിയിലും കുന്നൂരും സുഖവാസത്തിന് വരുന്നവർ ഇങ്ങിനെ വീട്ടിൽ എന്നും നാട്ടുകാരുടേയും ബന്ധുക്കളുടേയും ബഹളമായിരുന്നു. ഏതു നേരത്തു വന്നു കയറിയാലും അമ്മയുടെ അടുക്കളയിലെ അക്ഷയപാത്രത്തിൽ ഒരു വയറുനിറക്കാൻ ചോറും കറിയും എപ്പോഴും റെഡി. അഥവാ കറികൾ ഒന്നും ഇല്ലെങ്കിൽ ഒരു ഉഗ്രൻ തേങ്ങാചുട്ട ചമ്മന്തി എങ്കിലും ഞൊടിയിടകൊണ്ട് അര

**ആദ്യ പ്രഗ്നൻസി എന്ന വലിയ മൈൽസ്റ്റോണിലേക്ക് കാലുകുത്തിയപ്പോഴേ പാസ്സ്പോർട്ടും പ്ലെയ്ൻ ടിക്കറ്റും ശരിയാക്കി അപ്പച്ചൻ ഞെളിഞ്ഞിരുന്നു ചിരിച്ചു. അപ്പോൾ പ്രായോഗിക ബുദ്ധിയുടെ വിരൽ ചൂണ്ടി അമ്മ പറഞ്ഞു. ആ തണുപ്പത്ത് അവിടെ വന്ന് ഒന്നും ചെയ്യാൻ ഞങ്ങളെക്കൊണ്ട് പറ്റില്ല മോളെ പോരാത്തതിന് കാനഡയിൽ വന്ന് കിടപ്പായാൽ പിന്നെ നിങ്ങൾ ഞങ്ങളെ ശുശ്രൂഷിക്കേണ്ട ഗതിയാവും.**

ച്ചെടുക്കുന്ന അമ്മയുടെ പാചകമിടുക്ക് പാലായിൽ ആകെ അന്നു പാട്ടായിരുന്നു എന്നാണ് കേൾവി. ഇപ്പോഴും പലരും കുഞ്ഞൂമ്മ ചേച്ചിയുടെ വീട്ടിൽ നിന്ന് ആദ്യമായി കേക്ക് കഴിച്ചതും, പൂരി-മസാല തിന്നതും, പുതു പലഹാരങ്ങൾ ഉണ്ടാക്കാൻ പഠിച്ചതും ഒക്കെ ഞങ്ങളോട് പറഞ്ഞ് ഓർമ്മ പുതുക്കുന്നു.

രാത്രി എട്ടുമണിക്ക് ഊണു കഴിഞ്ഞാൽ പിന്നെ എല്ലാവരും വായന, വർത്തമാനം, ദിവസക്കഥകൾ കൈമാറൽ അങ്ങിനെ നീളുന്ന അവധി ദിനങ്ങൾ. സ്കൂളിൽ  നിന്ന് കോളേജിലേക്കും യൂണിവേഴ്സിറ്റിയിലേക്കും വളർന്നു വലുതാകുമ്പോഴും താമസം എന്നും ഹോസ്റ്റലിൽ. അതുകൊണ്ട് താലികെട്ടി കുങ്കുമവധുവായി കാനഡയിൽ എത്തുമ്പോൾ അമ്മയിൽ നിന്നുള്ള ദൂരം അധികമാവുകയോ അനുഭവപ്പെകയോ ഇല്ല എന്നു വൃഥാ കരുതി.

എം.എ.ക്ക് പഠിക്കുമ്പോഴും എം.എ.ക്കാരെ പഠിപ്പിക്കുമ്പോഴും ഏതു വാക്കിന്റേയും സ്പെല്ലിംഗിന് സംശയമുണ്ടെങ്കിൽ അമ്മേ എന്നൊന്നു വിളിച്ചാൽ മതി. ഒഫീഷ്യൽ റിപ്പോർട്ട്സും ഓഫീസ് കറസ്പോണ്ടൻസുമായി സ്വന്തം ചാരുകസേരയിൽ ഒതുങ്ങിക്കൂടുന്ന അപ്പച്ചനും ഇടക്കു ചോദിക്കും.

'തങ്കേ ഇതിന്റെ സ്പെല്ലിംഗ് ഒന്ന് ചെക്ക് ചെയ്യാമോ?'  ഇനി ഇപ്പോൾ എന്തിനും  ഏതിനും അമ്മേ എന്നു വിളിച്ചു കൂവാനാവില്ല. കാനഡയിൽ നിന്ന് കത്ത് എഴുതി ഇട്ടാൽ അതു നാട്ടിലെത്തി, തുറന്ന് വായിച്ച് മറുപടി കിട്ടണമെങ്കിൽ മാസം ഒന്ന്! ഫോൺ വിളിയും ഇന്നത്തെപ്പോലെ എളുപ്പമല്ല. ഇങ്ങിനെ തുടങ്ങിയ ആദ്യ സങ്കടങ്ങളുടെ ലിസ്റ്റ് ക്രമേണ നീണ്ട് കടലാസ് കവിഞ്ഞൊഴുകി. ഗൂഗിൾ ദൈവം പ്രത്യക്ഷപ്പെടുന്നതിന് മുമ്പുള്ള കാലത്തു ജനിച്ചു ജീവിച്ച എനിക്ക് എല്ലാ തപാലിലും റെസിപ്പിയും നിർദ്ദേശങ്ങളും ഉപദേശങ്ങളുമായി വളരെ നീണ്ട കത്തുകൾ ഘനമുള്ള കവറുകളായി കടലുതാണ്ടി.

ആദ്യ പ്രഗ്നൻസി എന്ന വലിയ മൈൽസ്റ്റോണിലേക്ക് കാലുകുത്തിയപ്പോഴേ പാസ്സ്പോർട്ടും പ്ലെയ്ൻ ടിക്കറ്റും ശരിയാക്കി അപ്പച്ചൻ ഞെളിഞ്ഞിരുന്നു ചിരിച്ചു. അപ്പോൾ പ്രായോഗിക ബുദ്ധിയുടെ വിരൽ ചൂണ്ടി അമ്മ പറഞ്ഞു. ആ തണുപ്പത്ത് അവിടെ വന്ന് ഒന്നും ചെയ്യാൻ ഞങ്ങളെക്കൊണ്ട് പറ്റില്ല മോളെ. പോരാത്തതിന് കാനഡയിൽ വന്ന് കിടപ്പായാൽ പിന്നെ നിങ്ങൾ ഞങ്ങളെ ശുശ്രൂഷിക്കേണ്ട ഗതിയാവും.

അതിനെന്താ ആറുമാസം പ്രായമുള്ള ആദ്യസന്താനവുമായി ഞാൻ 'മുഹമ്മതായി' അമ്മ മലയിലേക്ക് പറന്നുചെന്നു. അമ്മ കുഞ്ഞുകുരുന്നിന് അയ്യപ്പന്റെ അമ്മ നെയ്യപ്പം ചുട്ടതും കാക്കേ കാക്കേയും പഠിപ്പിച്ചു. കണ്ണുംപൂട്ടി ഉറങ്ങുക നീ എൻ കണ്ണേ പുന്നാര പൊന്നു മകനെ എന്നു പാടി ഉറക്കി. ഒന്നാംപിറന്നാൾ പീപ്പി ഊതി ആഘോഷിച്ചു. വരാന്തയിൽ കൂടി 'ഒത്ത ഓത്തം' നടത്തി മടക്കയാത്രയ്ക്ക് എയർപോർട്ടിൽ എത്തിയപ്പോൾ പുറകേ ഓടി, വാരി എടുത്ത് മുത്തം കൊടുത്ത് കണ്ണീരൊപ്പി യാത്ര പറഞ്ഞു.

വീണ്ടും ശങ്കരി മഞ്ഞിൽ വാസം. രണ്ടാമതായി ഒരു മോളു കൂടി ജനിച്ചപ്പോൾ സന്തുഷ്ടകുടുംബചിത്രം പൂർത്തിയായി. അമ്മ ദാഹം ജാസ്തി. വല്ല്യപ്പ വല്ല്യമ്മമാരുടെ ലാളന ഇല്ലാതെ വളരുന്ന മക്കൾ വെയിൽ കിട്ടാത്ത ചെടികൾ പോലെ വിളറി വെളുത്ത് ഒരു വക എന്നൊരു സിദ്ധാന്തവും പറഞ്ഞുണ്ടാക്കി വീണ്ടും അമ്മ വെളിച്ചത്തിലേക്ക്. കൂടെ അല്ലെങ്കിലും തൊട്ട് അടുത്ത സിറ്റിയിൽ താമസം. വെള്ളിയാഴ്ചകളിൽ അമ്മയുടെ അടുത്തേക്ക് പാട്ടും പാടി മൂന്നു മണിക്കൂർ ഡ്രൈവ്. ഇല്ലെങ്കിൽ ഫോൺ എടുത്ത് ഒന്നും തുമ്മിയാൽ മതി. അമ്മ അനുജനോട് പറയും.

"എന്റെ മകനെ ദേ നമ്മുടെ പിള്ളേർക്ക് കോൾഡും പനിയുമൊക്കെ പിടിച്ചെന്ന് തോന്നുന്നു. എന്നെ അങ്ങോട്ട് ഒന്ന് ഇറക്കിക്കെ. അവൾക്ക് പഠിപ്പിക്കാൻ പോകണ്ടെ?"

മക്കൾ ഹൈസ്ക്കൂളിൽ എത്തും വരെ അമ്മലാളന അനുഭവിച്ച് നാട്ടിൽ തങ്ങി. പിന്നെ അവരുടെ ഭാവി പഠനം ഓർത്തു മടങ്ങി. പക്ഷേ, അമ്മ പഠിപ്പിച്ച മാതൃഭാഷയും പാട്ടുകളും എന്റെ മക്കൾ മുറുകെ പിടിച്ചു. എല്ലാ ഞായറാഴ്ചയും അമ്മയെ ഫോണിൽ വിളിച്ച് മലയാളം പറഞ്ഞ് ആരുടെ മലയാളമാണ് കേമം എന്ന് ചോദിച്ച് തർക്കിച്ച് അമ്മയെ ചിരിപ്പിച്ച് ചിലപ്പോൾ വെള്ളം കുടിപ്പിച്ചു.

മോന് ജീവിതപങ്കാളി എന്നു തോന്നിയ പെണ്ണുമായി ആദ്യം പോയത് അമ്മയുടെ അടുത്തേക്ക്. അവളെ ഒടുവിൽ കുരിശു

വരച്ചു വീട്ടിലേക്ക് കൈപിടിച്ച് കയറ്റിയതും അമ്മ. അമേരിക്കയിലേക്ക് താമസം മാറ്റിയ മോൾക്ക് കുഞ്ഞുണ്ടായപ്പോൾ കൂടുതൽ കെയർ ചെയ്യുന്നതും അമ്മ. 'എന്നെ വല്ല്യ വല്ല്യമ്മച്ചി ആക്കിയ മോനെക്കൊണ്ട് അമ്മേ എന്നാണോ നിങ്ങൾ വിളിപ്പിക്കാൻ പോകുന്നത്. എന്ന അമ്മയുടെ പരിഭവത്തിന് കൊച്ചുമോളുടെ മറുപടി. അമ്മ ഞങ്ങൾക്കെല്ലാം അമ്മ മാത്രം. ഡയറിക്കുറിപ്പുകളെ അനുകരിച്ചുള്ള ഈ പേഴ്സണൽ നറേറ്റീവിന് പ്രവാസിയുടെ അമ്മഓർമ്മകൾ എന്ന് അവകാശപ്പെടാൻ കുറച്ചു brownie points കുറവായിരിക്കും. എങ്കിലും എന്റെ മകൾ എന്റെ അമ്മയോടു പറഞ്ഞതുപോലെ അമ്മ എല്ലാവർക്കും എവിടേയും അമ്മ മാത്രം. അമ്മ ഓർമ്മക്ക് ജാതി ഇല്ല. മതം ഇല്ല. ഭൂമിശാസ്ത്രവും ഇല്ല. നിറഞ്ഞു തുളുമ്പുന്ന സ്നേഹം മാത്രം. അമ്മ ഒരു നാൾ മുത്തശ്ശി ആകുമ്പോഴോ നിരന്തരം മുത്തം കൊടുക്കുന്ന She ആയി മാറുന്നു. മാറ്റമില്ലാത്ത വസ്തുത ഒന്നുമാത്രം. അമ്മ എന്നും ഒരു സമ്പൂർണ്ണ സ്ത്രീ. ഊർജ്ജങ്ങളുടെ ഉറവിടം.

*കേരളത്തിൽ ജനിച്ച് കർണ്ണാടകത്തിൽ പഠിച്ച് കാനഡയിൽ ജീവിക്കുന്ന എൽസി താരമംഗലം കവിയും കഥാകാരിയും വിവർത്തകയുമാണ്.*

---

*പേജ് 13 തുടർച്ച*

സ്ത്രീകളാണ് എനിക്ക് ചുറ്റും. ചിലർ മനസ്സ് തുറക്കും... മറ്റു ചിലർ പറഞ്ഞാൽ തീരാത്തത് കൊണ്ടാവും കണ്ണ് നിറച്ചു ദീർഘാനിശ്വാസമുതിർക്കും . 'തിരിച്ചു പോകാനൊരു നാടുണ്ടല്ലോ നിങ്ങൾക്ക്. അങ്ങിനെയൊരു കാര്യം ഓർക്കാൻ പോലും അവകാശം ഇല്ലാത്തവരാണ് ഞങ്ങൾ...' നാടും വീടും ഒരു സങ്കല്പം മാത്രമായ ജന്മങ്ങൾ. സ്വർഗ്ഗരാജ്യത്തിനായി സഹജീവികളുടെ ജീവിതം നരകത്തിലാക്കിയവർ ബധിരരും മൂകരുമാണല്ലോ. അർത്ഥമില്ലാത്ത സമാശ്വാസ വാക്കുകളെക്കാൾ നല്ലത് അവരുടെ മനസ്സ് കാണുകയെന്നതാണ്. ഇവരെയൊന്നും കാണാതെ, കേൾക്കാതെ ഒഴിഞ്ഞുമാറി നടക്കാൻ കഴിയില്ല. ഭ്രാന്തൻ ഖുബ്രിയിലകപ്പെട്ടത് പോലെ, പ്രവാസവും കുടിയേറ്റവും പലായനവുമെല്ലാം എനിക്ക് മുന്നിൽ കുഴഞ്ഞുമറിയുകയാണ്...

*ഫാത്തിമ മുബീൻ പതിനേഴു വർഷത്തെ ഗൾഫ് ജീവിതം മതിയാക്കി കാനഡയിലേക്ക് കുടിയേറി. മിസ്സിസ്സാഗയിലാണ് താമസം. 'ദേശാന്തര കാഴചകൾ' എന്ന പേരിൽ യാത്രാവിവരണങ്ങളും അനുഭവക്കുറിപ്പുകളുമായി മലയാളം ഓൺലൈൻ രംഗത്ത് സജീവം. കുട്ടികൾക്ക് വേണ്ടി ഓ കാനഡ എന്ന യാത്രാവിവരണ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

---



**പ്രിയ സ്വിറ്റ്സർലാൻഡ്**

നാൽപ്പത്തിയൊന്നു കാരിയായ ഞാൻ കഴിഞ്ഞ 19 വർഷമായി സ്വിറ്റ്സർലൻഡിൽ ജീവിക്കുന്നു. 1996ൽ നവ വധുവായി വന്നഞാൻ വർഷങ്ങളോളം ഇവിടുത്തെ അപരിചിതമായ ഭാഷയും സംസ്ക്കാരവുമായി പൊരുത്തപ്പെടാൻ ബുദ്ധിമുട്ടി. സ്വരാജ്യം എന്നും സ്വന്തമായിരിക്കും. നാടും വീടും വീട്ടുകാരേയുമെല്ലാം മിസ്ചെയ്യുന്നുണ്ട്. ഒരു ഹിന്ദു എന്നനിലയിൽ സ്വിറ്റ്സർലൻഡ്പോലെ ഒരു ചെറിയ രാജ്യത്ത് കൂടുതൽ പോരായ്മകൾ ഉണ്ടെന്ന്!പറയാം. ആദ്യമായി വരുമ്പോൾ പുതിയ സ്ഥലവുമായും സമ്പ്രദായങ്ങളുമായി പരിചയപ്പെടുത്താൻ ആരും ഉണ്ടായിരുന്നില്ല. ഇത്രയും വർഷങ്ങൾകൊണ്ട് ഇവിടുത്തുകാരുമായി പൂർണമായി ഇടപഴകി ജീവിക്കാൻ ഞാൻ തനിയെ പഠിച്ചു. എന്നിരുന്നാലും പലരുടേയും യാഥാസ്ഥിതിക മനോഭാവം ഇത് ദുഷ്കരമാക്കുന്നു. ഇന്ന്! വിവരസാങ്കേതികവിദ്യയുടെ പുരോഗതികൊണ്ട് ലോകത്തിൻറെ എല്ലാഭാഗത്തുള്ളവരുമായി സമ്പർക്കം പുലർത്താൻ കഴിയുന്നുണ്ട്. ഞങ്ങളുടെ മാതാപിതാക്കൾ എല്ലാവർഷവും ഇവിടെ വരാറുണ്ട്, ഞങ്ങളും പതിവായി നാട്ടിൽ പോവാറുണ്ട്. ഗൃഹാതുരതയില്ലാത്ത ഒരു ദിവസം പോലും ഈ പ്രവാസജീവിതത്തിൽ ഇല്ലെന്നു പറയാം. ബാല്യകാല സ്മൃതികളിൽ തെളിഞ്ഞു നിൽക്കുന്നത് വീട്ടിലെ സ്നേഹവാത്സല്യങ്ങളും മഴക്കാലയോർമ്മകളുമാണ്. ഒരു സ്ത്രീയെന്ന നിലയിൽ വിദേശജീവിതം എൻറെ വ്യക്തിത്വത്തെ സാരമായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ജീവിതത്തെ പൂർണമായും അറിയാനും മറ്റൊരു കണ്ണിലൂടെ കാണാനും കഴിയുന്നു. ഈ നാട്ടിലെ സ്വാതന്ത്ര്യവും സുരക്ഷിതത്വവും കടുംപിടുത്തമില്ലാത്ത ജീവിതവും കേരളത്തിലെ സ്ത്രീക്ക് അസൂയഉണ്ടാക്കുന്നതാണ്. ഒരാളുടെ വ്യക്തി ജീവിതത്തിൽ മറ്റുള്ളവർ കൈകടത്താത്തത് അനുഗ്രഹമാണ്. നാട്ടിൽ ഇപ്പോഴും നല്ലൊരു പങ്കു സ്ത്രീകളും പുരുഷൻറെ നിഴലിൽ നിൽക്കുന്നത് കാണാം. ഇവിടെ വന്നകാലത്ത് കാര്യങ്ങൾ സ്വന്തമായി ചെയ്യാനും വിദേശജീവിതത്തിൻറെ രീതികൾ പഠിച്ചെടുക്കാനും ബുദ്ധിമുട്ടിയെങ്കിലും ഈ സ്വാതന്ത്ര്യം എനിക്ക് ആത്മവിശ്വാസവും വിശാലവീക്ഷണവും നൽകി. ഇതിൻറെ ക്രെഡിറ്റ് എൻറെ ഭർത്താവിനുംകൂടിയുള്ളതാണ്. എൻറെ യുക്തിയെ ബഹുമാനിക്കുന്നതിനും എൻറെ തീരുമാനങ്ങളെ വിലകൽപ്പിക്കുന്നത്തിനും. ജനറേഷൻ ഗാപ്പ് നമ്മുടെ നിലപാടനുസരിച്ചിരിക്കും. ഞാനൊരു കടുംപിടുത്തക്കാരിയല്ല. അതുകൊണ്ട് ഇതേവരെ അതൊരു പ്രശ്നമായിട്ടില്ല. കുട്ടികളുടെ ഭാഗത്തുനിന്നും കാര്യങ്ങളെ നോക്കിക്കാണാൻ ശ്രമിക്കും. മറ്റൊരു നാട്ടിൽ വളരുമ്പോൾ അവർ രണ്ടുതരം സംസ്കകാരങ്ങളുമായി പോരുത്തപ്പെട്ടുപോകണം. അവരുടെ സംഘർഷങ്ങളും ബുദ്ധിമുട്ടുകളും നമ്മൾ മനസ്സിലാക്കണം.

കവർസ്റ്റോറി








കുഞ്ഞൂസ്

# നീല മിഴികളുമായി നീനാ പനയ്ക്കൽ

അമേരിക്കയിലെ ഫിലാഡെൽഫിയയിൽ നിന്നുള്ള എഴുത്തുകാരിയാണ് നീന പനക്കൽ. ലളിതവും വ്യത്യസ്ഥവുമായ കഥന രീതി കൊണ്ട് വായനക്കാരുടെ ശ്രദ്ധ പിടിച്ചിരുത്തുന്ന കഥാകാരി. ആർദ്രമായ, എന്നാൽ ചടുലമായ വാക്കുകളിലൂടെ ബന്ധങ്ങളുടെ തീവ്രത വായനക്കാരിലേക്ക് എത്തിക്കുന്ന ആ മാസ്മരികതയ്ക്ക് നല്ലൊരു ഉദാഹരണമാണ് 'സായം സന്ധ്യയിൽ' എന്ന ചെറുകഥ. അമേരിക്കയിലെ അറിയപ്പെടുന്ന കഥാകാരിയായ നീന പനക്കൽ, തന്റെ ജീവിതത്തിന്റെയും കഥകളുടെയും നാൾ വഴികൾ പ്രിയ വായനക്കാരോട് പങ്കു വെക്കുകയാണിവിടെ....

തിരുവനന്തപുരത്തെ പേട്ടയിൽ ജനിച്ചു വളർന്ന നീനയുടെ ബാല്യം വായനയുടെയും എഴുത്തിന്റെയും സമ്പന്ന ലോകത്തായിരുന്നു. കുട്ടിയായിരിക്കുമ്പോഴേ നീന ധാരാളം കഥകൾ എഴുതുമായിരുന്നെങ്കിലും ആദ്യ കഥ പ്രസിദ്ധീകരിച്ചത് കോളേജ് മാഗസിനിൽ തിരുവനന്തപുരം വിമൻസ് കോളേജിൽ പഠിക്കുമ്പോഴാണ്.

നീനയും കുടുംബവും എൺപതുകളുടെ തുടക്കത്തിലാണ് അമേരിക്കയിലേക്ക് ചേക്കേറുന്നത്. ഫിലാഡെൽഫിയയിൽ സ്ഥിര താമസമാക്കിയ നീന, അവിടുത്തെ ചിൽഡ്രൻസ് ഹോസ്പിറ്റലിൽ റിസേർച്ച് വിഭാഗത്തിൽ ഹിസ്റ്റൊ ടെക്നോളജിസ്റ്റ് ആയി ജോലി ചെയ്യുന്നു.

അമേരിക്കയിൽ വന്ന ശേഷം എഴുതിയ ആദ്യ കഥ 'ആട്ടോഗ്രാഫ്' അമേരിക്കൻ മാസികയായ 'രജനി'യിൽ പ്രസിദ്ധീകരിക്കുകയും ചെറുകഥാ വിഭാഗത്തിൽ രണ്ടാം സമ്മാനം നേടുകയും ചെയ്തത് കഥയെഴുത്തിന് നല്ലൊരു പ്രചോദനമായിരുന്നു.

ഭർത്താവ് ജോയിച്ചായനാണ് തന്റെ കഥകളുടെ ആദ്യ വായനക്കാരനും വിമർശകനും എന്നു പറയുന്ന നീന, മക്കളാരും തന്റെ കഥ വായിക്കുന്നില്ലല്ലോ എന്നു സങ്കടപ്പെടുകയും ചെയ്യുന്നു. അമേരിക്കയിൽ വന്ന കാലത്ത് ജീവിതം കെട്ടിപ്പടുക്കാനുള്ള തത്രപ്പാടിൽ മക്കളെ മലയാളം എഴുതാനും വായിക്കാനും പഠിപ്പിക്കാൻ കഴിഞ്ഞില്ലല്ലോയെന്ന് പരിതപിക്കുമ്പോഴും അവർ നന്നായി മലയാളം സംസാരിക്കുന്നുണ്ടല്ലോയെന്ന് ആശ്വാസം കൊള്ളുകയും ചെയ്യുന്നു. നീനയുടെ മോൾ സീന , നന്നായി കഥ പറയുമെങ്കിലും ഒന്നും എഴുതി വെക്കുന്നില്ല എന്നാണ് നീനയിലെ എഴുത്തുകാരിയമ്മയുടെ പരാതി. എങ്കിലും, കൊച്ചുമക്കളായ ഹോളിയും അലീഷയും ആംഗലേയത്തിൽ കഥകൾ എഴുതുന്നതും അവ ഫയൽ ചെയ്തു സൂക്ഷിക്കുന്നതുമൊക്കെ സ്നേഹ വാത്സല്യങ്ങളോടെ നീനയിലെ




അമ്മൂമ്മ നെഞ്ചോടു ചേർത്തു വെക്കുന്നു.

അമേരിക്കൻ ജീവിതം നീനയിൽ ചെലുത്തിയ സ്വാധീനമാണ് 'സ്വപ്നാടനം' എന്ന ആദ്യ നോവൽ. അമേരിക്കൻ സംസ്ക്കാരത്തിന്റെയും മലയാളി സംസ്ക്കാരത്തിന്റെയും വൈരുദ്ധ്യവും ഏറ്റുമുട്ടലുകളും പ്രതിപാദിക്കുന്ന നോവൽ വനിത ദ്വൈവാരികയിലാണ് ആദ്യം പ്രസിദ്ധീകരിച്ചു വന്നത്. തുടർന്ന്, കൈരളി ടിവി അത് 'സമ്മർ ഇൻ അമേരിക്ക്' എന്ന പേരിൽ പരമ്പരയായി പ്രക്ഷേപണം ചെയ്തിരുന്നു.

ആനുകാലികങ്ങളിൽ കഥകൾ പ്രസിദ്ധീകരിച്ചു വന്നു തുടങ്ങിയതോടെ ധാരാളം എഴുത്തുകൂട്ടുകാരെ കിട്ടിയത് സാഹിത്യ സമ്മേളനങ്ങളിലും മറ്റും പങ്കെടുക്കാനും സാഹിത്യത്തിലെ അതികായരെ പരിചയപ്പെടാനും അവരുടെ പ്രസംഗങ്ങൾ കേൾക്കാനും സഹായിച്ചു.

കഥയെഴുത്ത് മൂലം ഓർക്കാൻ ഇഷ്ടപ്പെടാത്ത സംഭവങ്ങളും ഉണ്ടായിട്ടുണ്ട് നീനയുടെ ജീവിതത്തിൽ... തന്റെ കഥകൾ ഭാവനയിൽ നിന്നുരുത്തിരിയുന്നവയാണെന്ന് പറഞ്ഞാലും വിശ്വസിക്കാതെ വാക്കുകളുടെ കൂരമ്പുകൾ കൊണ്ട് നോവിച്ചിട്ടുണ്ട് സ്വന്തക്കാരും ബന്ധുക്കളും .... ആദ്യമൊക്കെ വാക്ശരങ്ങളേറ്റ് തളർന്നു പോയിട്ടുണ്ടെങ്കിലും ഇപ്പോൾ അങ്ങിനെയല്ല. പരിഹാസങ്ങളുടെ മുനയൊടിക്കുന്ന മറുപടി പറയാനുള്ള ധൈര്യം ആർജ്ജിച്ചിരിക്കുന്നു നീനയിലെ എഴുത്തുകാരി.

കഥകളിൽ വ്യത്യസ്തത തേടുമ്പോഴും തുറന്നെഴുത്തിനോട് നീനക്ക് താല്പര്യമില്ല. നിഗൂഢമായിരിക്കേണ്ടത് അങ്ങിനെ തന്നെയാവണം എന്ന പക്ഷക്കാരിയാണ് നീന. നീനയുടെ കഥകളിലൂടെ നമുക്കത് അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. വായനക്കാരുടെ ഭാവനയ്ക്കും ചിന്തക്കുമായി വിടുന്ന ശൈലിയും നീനയുടെ കഥകൾക്കുണ്ട്.

സ്വപ്നാടനം, ഒരു വിഷാദഗാനം പോലെ, മഴയുടെ സംഗീതം, സന്മനസുള്ളവർക്ക് സമാധാനം, ഇലത്തുമ്പിലെ തുഷാരബിന്ദുവായി, മല്ലിക, നിറമിഴികൾ നീല മിഴികൾ എന്നിവയാണ് ഇതുവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ. പുതിയ നോവലിന്റെ അവസാന മിനുക്കു പണികളിലാണ് നീന . കറുത്ത വർഗ്ഗക്കാരുടെയും വെളുത്ത വർഗ്ഗക്കാരുടെയും ഇടയിൽ നടക്കുന്ന കഥയാണിത്. നമുക്ക് അപരിചിതമായ ഭിന്ന സംസ്ക്കാരങ്ങളുടെ ധർമ്മ ശാസ്ത്രവും മനശാസ്ത്രവും കോർത്തിണക്കി വികാരഭരിതമായ മുഹൂർത്തങ്ങളിലൂടെ വായനക്കാരെ പിടിച്ചിരുത്തുന്നതാവും പുതിയ നോവലും എന്ന് പ്രതീക്ഷിക്കാം.

*കുഞ്ഞൂസ് കാനഡയിൽ ആണ് താമസം. നീർമിഴിപ്പൂക്കൾ, രുചിക്കൂട്ട് എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

## പദവികൾ/നേട്ടങ്ങൾ



### മൗറീഷ്യസിൽ ആദ്യ വനിതാപ്രസിഡന്റ്

അമീന ഗുരീബ് ഹക്കിം എന്ന അന്താരാഷ്ട്ര പ്രശസ്തി നേടിയ ശാസ്ത്രജ്ഞയെ മൗറീഷ്യസ് സർക്കാർ രാജ്യത്തെ ആദ്യത്തെ വനിതാപ്രസഡന്റായി നാമനിർദ്ദേശം ചെയ്തിരിക്കുകയാണ്. പാർലമെന്റിന്റെ അംഗീകാരം കൂടി ഈ തീരുമാനത്തിനു ലഭിക്കുന്നതോടെ 1968ൽ ബ്രിട്ടനിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചതിൽ പിന്നീട് എലിസബത്ത് രാജ്ഞിക്കു ശേഷം ആ രാജ്യം ഭരിക്കുന്ന ആദ്യവനിതയെന്ന ബഹുമതിക്കാവും അമീന അർഹയാവുക.



### തായ്ലണ്ടിന് ആദ്യ വനിതാ പ്രധാനമന്ത്രി

തായ്ലണ്ടിലെ ആദ്യവനിതാപ്രധാനമന്ത്രിയാവാൻ ഒരുങ്ങുകയാണ് 44 കാരിയായ യിങ്ഗ്ളുക്ക് ഷിനാവാത്ര. തന്റെ പാർട്ടിയായ ഫ്യൂ തായ്ക്ക് തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിച്ചതിനെ തുടർന്നാണിത്. കെൻടക്കി സർവ്വകലാശാലയിൽ നിന്ന് പൊതുഭരണത്തിൽ ബിരുദാനന്തരബിരുദം നേടിയശേഷം തന്റെ കുടുംബവ്യാപാരത്തിൽ പങ്കുചേർന്നായിരുന്നു യിഗ്ളുക്കിന്റെ ഔദ്യോഗികജീവിതാരംഭം.

കവർസ്റ്റോറി



# റൈൻ തീരത്തെ കളർ സിറ്റി



ഹേമ ഹേമാംബിക

പല വർഷത്തെ പ്രവാസം, യാത്രകളും മറ്റുമായി വീക്കെന്റുകളെ ഇരിക്കപ്പൊറുതി ഇല്ലാതാക്കി മാറ്റിയിട്ടുണ്ട്. അങ്ങിനെയൊരു ജീവിതം പശ്ചിമജർമ്മനിയിലെ, നദീതീരത്തു സ്ഥിതി ചെയ്യുന്ന ബോൺ, കൊളോൺ അല്ലെങ്കിൽ കോബ്ലൻസ് എന്നീ സ്ഥലങ്ങളിൽ ആണെങ്കിൽ പറയുകയേ വേണ്ട. കെട്ടുംമുറുക്കി പോകാൻ ഏറെ സ്ഥലങ്ങൾ ഈ പട്ടണങ്ങളുടെ പരിസര പ്രദേശത്തുണ്ട്. ചെറിയ മിഡീവൽ പട്ടണങ്ങളും, കാസിലുകളും നിറഞ്ഞതാണ് ഈ നദീ തീരം. കാസിലുകൾ നദീതീരത്തുള്ള ഏതെങ്കിലും കുന്നിൻ മുകളിൽ ആണെങ്കിൽ, ചെറിയ പട്ടണങ്ങൾ നദിയോടൊട്ടിയായിരിക്കും സ്ഥിതി ചെയ്തിരുന്നത്. ഒറ്റയാൾ യാത്രകളിൽ, കാസിലുകൾ വേനൽക്കാലത്തും പട്ടണങ്ങൾ അങ്ങിനെ ഒരു കാരണവുമില്ലാത്ത വീക്കെന്റുകളിലുമാണു സന്ദർശിച്ചിരുന്നതു. അങ്ങിനെ ഒരു വീക്കെന്റിലാണു, ലിൻസിൽ (Linz) പോയാലോയെന്നു തോന്നുന്നതും, ക്യാമറയും തൂക്കി തിരിക്കുന്നതും. കൊബ്ലെന്സിനും പഴയ തലസ്ഥാന നഗരിയായ ബോണിനും ഒത്ത നടുക്ക് തന്നെയാണ് ലിൻസ് (Linz am Rhein). ആ ഞായറാഴ്ചയിലെ വെതെർ അപ്ഡേറ്റ് അത്ര സുഖിപ്പിക്കുന്നതായിരുന്നില്ല, മഴയും കാറ്റും ആണെന്നാണ് പ്രവചിച്ചിരിക്കുന്നത്. ബോണിൽ നിന്നും, ട്രെയിൻ പിടിച്ചു ഞാൻ ലിൻസിൽ എത്തുമ്പോഴേക്കും ഉച്ചയായിരുന്നു. ഞായറിന്റെ മടിയാണ് ഇത്രയും വൈകിപ്പിച്ചത്. ഏതായാലും മഴയും മൂടിക്കെട്ടും ആണ്, അതുകൊണ്ട് അധികം ഫോട്ടൊ പിടിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

ഒരു ചെറിയ സ്റ്റേഷൻ



ആയിരുന്നു ലിൻസ്. അതിന്റെ ഒരു ഭാഗം സ്റ്റേഷനും മറ്റേ ഭാഗം മുന്തിരി ചെടികൾ വച്ചു പിടിപ്പിച്ച ചെങ്കുത്തായ ഒരു കുന്നും ആണ്. ഞാൻ alt stadt (ഓൾഡ്ന സിറ്റി) എന്ന് ബോർഡിനെ ലക്ഷ്യമാക്കി വച്ചു പിടിച്ചു. നേരെ നടന്ന് എത്തിയത് പ്രധാന കവാടത്തിലാണ്. മിഡീവൽ സിറ്റികളിൽ ഇത്തരം കവാടങ്ങൾ സാധാരണമാണു. കല്ലുകൾ കൊണ്ടുണ്ടാക്കിയ, കോട്ടവാതിൽ പോലെയുള്ള ഒരു കവാടം, Rheintor അഥവാ റൈൻ ഗെറ്റ്. 1329 ലാണ് ഇതു പണികഴിപ്പിച്ചത് എന്ന് വിശ്വസിക്കുന്നു. ഈ കവാടം റൈൻ നദിയിലേക്കാണ് ഫെയ്സ് ചെയ്തിരിക്കുന്നത്. ഏറെക്കാലം മുമ്പ് ഈ പ്രദേശത്തെ ഒരു പ്രധാന വാണിജ്യ നഗരം ആയിരുന്നു ലിൻസ്. ആയിരത്തിലധികം വർഷം പഴക്കം അവകാശപ്പെടുന്ന ഈ നഗരത്തെ, lincesce എന്നാണ് 800 കളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നൂറ്റാണ്ടുകൾക്കു മുൻപ് എത്രയോ കച്ചവടക്കാർ നഗരത്തിലേക്ക് പ്രവേശിച്ച അതെ കവാടം, അവരുടെ ആർപ്പുവിളികളിലൂടെ ഞാനും നഗരത്തിലേക്ക് പ്രവേശിച്ചു. കല്ലുകൾ കൊണ്ടുണ്ടാക്കിയ കവാടത്തിൽ റൈൻ നദി ഇരമ്പി നിറഞ്ഞു കവിഞ്ഞു വന്ന പ്രധാന വർഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു 1465,1658,1845,1955,1970... എന്നിങ്ങനെ. അതിൽ അവസാനമായി ഏറ്റവും കൂടുതൽ വെള്ളപ്പൊക്കം രേഖപ്പെടുത്തിയത് 95ൽ ആണ്. ഈയടുത്ത കാലത്തൊന്നും വെള്ളം കയറിയ രേഖകൾ ഇല്ല. ഇതൊരു അത്ഭുതം തന്നെ. എനിക്ക് തോന്നി. 600 വർഷങ്ങൾക്കു മുമ്പ് വെള്ളം കേറിയ കഥകൾ!1980 ഇൽ സിറ്റി പുതുക്കിപ്പണിതെങ്കിലും ടിമ്പർ ഫ്രെയിംഡു ബിൽഡിംഗുകൾ അതേപടി വച്ചു.



ടിമ്പർ ഫ്രെയിമുള്ള കെട്ടിടങ്ങളുടെ കാര്യം നോക്കിയാൽ ഏറെ പ്രൌഢിയുള്ളതാണ് ഈ നഗരം. പല നിറത്തിലുള്ള ടിമ്പർ ഫ്രെയിംഡു കെട്ടിടങ്ങൾ ഈ ചെറിയ നഗരത്തിനു വേല colourful ctiy on the Rhine (Die Buntestadt am Rhein) എന്ന ഓമനപ്പേര് വാങ്ങിച്ചു കൊടുത്തു. തടികൾ പ്രത്യേക രീതിയിൽ ഒരു വീടിനു ചേരുന്ന ഫ്രെയിം പോലെ ചേർത്ത് വച്ചു ചെയ്യുന്ന ഒരു തരം നിർമ്മാണരീതിയാണിത്. നമ്മുടെ നാട്ടിലെ തടിവീടുകൾ പോലെ തന്നെ, ഒരു വ്യത്യാസം ചുമരുകൾക്കുള്ളിലും ഈ മരത്തടികൾ ഉണ്ടാകും. ഭിത്തിക്കു ഇഴുകി നില്ക്കുന്ന ഈ മരത്തടികൾ കളറടിക്കുകയും ചെയ്യും. ഈ തണുപ്പു നാടുകളിൽ ചിതലുകളില്ല എന്നതിനാൽ എത്ര വർഷം വേണമെങ്കിലും ഈ തടികൾ അങ്ങിനെ തന്നെ നില്ക്കുകയും ചെയ്യും. മിക്കവാറും എല്ലാ ജർമ്മൻ ട്രഡീഷണൽ നഗരങ്ങളിലും ഇത്തരം വീടുകൾ ധാരാളം കാണാം. എത്ര പഴകിയാലും പൊളിച്ചു കളയാതെ പുതുക്കി


പണിഞ്ഞു അവരതിനെ പൊന്നുപോലെ സൂക്ഷിച്ചും പോന്നു.

കവാടം കടന്നാൽ ഇടതു വശത്ത് തന്നെ കാണാം പതിമൂന്നാം നൂറ്റാണ്ടിൽ പണിത ലിൻസ്ക് കാസിൽ (Burg Linz). അതിനകത്ത് ഒരു വലിയ ഗ്ലാസ് ഷോറൂമും പ്രവർത്തിക്കുന്നുണ്ട്. ഗ്ലാസ് ഉണ്ടാക്കുന്നതും ഗ്ലാസ് ബ്ലോ ചെയ്യുന്നതും കാണിക്കാറുണ്ട്. കാസിലിന്റെ നിലവറയിൽ ഒരു ടോർച്ചർ ചേംബർ ഉണ്ടായിരുന്നു, അതു സഞ്ചാരികൾക്കായി തുറന്നു കൊടുത്തിരുന്നു. മിക്ക കാസിലുകളിലും ഇത്തരം ചേംബറുകൾ കാണാം. റൈൻ തീരത്തെ മാർകസ്ബുർഗ് കാസ്സിലിലാണ് വളരെ വിശാലമായ ഒരു ടോർച്ചർ ചേംബർ കണ്ടിട്ടുള്ളതായ ഓർമ്മ. എങ്ങനെയൊക്കെ ആളുകളെ ശിക്ഷിക്കാം എന്നതും പഴയ ആൾക്കാരെ കണ്ടു തന്നെ പഠിക്കണം. കയ്യും കാലും അനക്കാൻ പറ്റാത്ത വിധത്തിലുള്ള മനുഷ്യക്കൂട്ടിൽ ഇടുക, കഴുത്തിൽ താങ്ങാൻ പറ്റാത്ത ഭാരം ഇട്ടു പൂട്ടി നഗരത്തിലേക്ക് കുറ്റവാളികളെ ഇറക്കി വിടുക, എന്തിനു, തലയും കാലും രണ്ടു ഭാഗത്തും നിന്നും വലിച്ചു പിടിക്കുക, ദേഹം വേർപ്പെടും വരെ... അങ്ങനെ ശിക്ഷകൾ എങ്ങനെയൊക്കെ ചെയ്യാം എന്ന ഒരു റിസേർച്ച് വിംഗ് തന്നെ അവർക്ക് ഉണ്ടായിരിക്കണം.

ലിൻസിലെ പ്രധാന കാഴ്ചയാണ് റാത്ഹൌസ് അഥവാ ടൗൺ ഹാൾ (1517). അതിനു മുന്നിലെ മാർക്കറ്റ് പ്ലേസ് വിജനമായിരുന്നു. നല്ലൊരു വേനൽദിവസമാണെങ്കിൽ ഇവിടങ്ങളിൽ തീനും കുടിയും പാട്ടും ഒഴിഞ്ഞ നേരമുണ്ടാകില്ല. പക്ഷെ ഇന്നിതിനൊന്നും വകയില്ല. അടുത്ത ലക്ഷ്യം ന്യൂടോർ (Neutor) ഗേറ്റ് ആയിരുന്നു. ബട്ടർ മാർക്കറ്റിലൂടെ വേണം അവിടെ എത്താം. ഈ പേരിന്റെ കാരണം, ഇവിടെയായിരുന്നു പണ്ട് കാലത്ത് ഗ്രാമീണരുടെ ഭാര്യമാർ പാൽക്കട്ടിയും, മുട്ടയും ഒക്കെ വിറ്റിരുന്ന സ്ഥലം എന്നതാണ്. കുറച്ചു ദൂരം കൂടി നടന്നപ്പോഴേക്കും ന്യൂടോർ ഗെറ്റ് കാണാറായി, നൂറ്റാണ്ടുകളിലൂടെയുള്ള ഈ നടത്തത്തിന്റെ അവസാനം ന്യൂടോർ ഗേറ്റിലാണ്.

പ്രവേശന കവാടത്തിന്റെ ഏതിർഭാഗത്താണു ഈ കവാടം സ്ഥിതി ചെയ്യുന്നത്. കവാടങ്ങളെ ബന്ധിപ്പിക്കുന്ന നഗരത്തിന്റെ ചുറ്റുമതിൽ നശിച്ചു പോയിട്ടുണ്ട്. കവാടത്തിനു മുന്നിൽ തന്നെ പിച്ചളയിൽ തീർത്ത് ഒരു ആൺകുട്ടിയുടെ പ്രതിമ ഉണ്ട് ലിന്സ്ത ക്ലാപ്പേർ യുങ്ങെ (linzklapperjunge/ Linzer rattling boy). രസകരമായൊരു കാത്തലിക് ട്രഡീഷന്റെ ഭാഗമാണിത്. പെസഹവ്യാഴം മുതൽ ഈസ്ടറിനു മുൻപുള്ള ശനിയാഴ്ച വരെ പള്ളിമണി മുഴങ്ങില്ല. കാരണം പലതാണു. ഒരുകൂട്ടർ പള്ളിമണി റോമിലേക്ക് പറന്നു പോയെന്നും മറ്റൊരു കൂട്ടരുടേത് ക്രിസ്തു ക്രൂശിതനായതിന്റെ നാണക്കേടിൽ പള്ളിമണി സ്തംബിച്ചെന്നുമാണ്. ഏതായാലും ഈ കൂട്ടമണിയടിക്കേണ്ടി വന്നത് നഗരത്തിലെ കുട്ടികളാണ്. പ്രത്യേകം ഉണ്ടാക്കിയ ഒരു പലകയുമെടുത്തു കൊണ്ട് കുട്ടികൾ അതുവഴി ഓടുമത്രെ. ഈ പലകയ്ക്ക് അടിയിൽ ഒരു മരത്തിന്റെ തൂങ്ങി നില്ക്കുന്ന ദണ്ഡുണ്ട്, ഓടുമ്പോൾ ഇത് മരപ്പലകയിൽ ക്ലാപ്പ് ക്ലാപ്പ് അടിച്ചു കൂട്ടക്ലാപ്പ് ഉണ്ടാക്കും. ഈസ്റ്റർ കാലത്ത് കുട്ടികളും യുവാക്കളും അടങ്ങുന്ന കൂട്ടം ഇന്നും ഈ ചടങ്ങു നടത്തുന്നു.

പഴയ വാണിജ്യ നഗരം ആയതു കൊണ്ടു തന്നെ ഇവിടുത്തെ മിക്ക പഴയ കെട്ടിടങ്ങളിലും മോഡികൾ കുറച്ചു കൂടുതലായി തോന്നി. കാശുള്ളവർ അതിനനുസരിച്ചു തങ്ങളുടെ വീടുകൾക്ക് മോഡി കൂട്ടിയിട്ടുണ്ട്. ഞാൻ ഇടുങ്ങിയ നിരത്തുകളിലൂടെ ഓരോ കെട്ടിടത്തിന്റെയും (ജനൽ )വായ നോക്കി നടന്നു നീങ്ങി. ചില കെട്ടിടത്തിൽ പഴയ ജർമ്മൻ ലിപികളിൽ എന്തൊക്കെയോ



എഴുതി വച്ചിട്ടുണ്ടായിരുന്നു.

മഴക്കാറും കോളും ഉള്ളത് കൊണ്ടു തന്നെ സഞ്ചാരികൾ തീരെ കുറവ്. അടുത്ത സ്ഥലങ്ങളിൽ നിന്നു വന്ന കുറച്ചു മനുഷ്യർ അങ്ങിങ്ങ് കറങ്ങി നടക്കുന്നുണ്ട്. കടകൾ മിക്കതും അടച്ചിട്ടാണ്, സഞ്ചാരികളെ കാത്ത് ചില റെസ്റ്ററന്റുകളും ചെറിയ സാധനങ്ങൾ വില്ക്കുന്ന കടകളും ഒഴിച്ചാൽ. പോരാത്തതിനു തണുപ്പും ഉണ്ട്. റൈൻനദിക്കരയിലെ നഗരങ്ങൾ അങ്ങനെയാണ്. എങ്ങാനും മഴ പെയ്യാൻ പ്രകൃതി ഒന്ന് ഓർത്തു പോയാൽ മതി അപ്പോഴേക്കും കാറ്റും തണുപ്പും തുടങ്ങും. ചിലപ്പോൾ എവിടുന്നോ എത്തുന്ന ചെറു ചുഴലിക്കാറ്റു നഗരത്തിന്റെ വിടവുകളിൽ നൃത്തം വച്ചു, മനുഷ്യരെ തൂത്തെറിയാനൊരു ശ്രമം നടത്തി, ഇലകളെ തൂത്തെറിഞ്ഞു പോകും.

പലപ്പോഴും തോന്നിയിട്ടുണ്ട് ഏകാന്ത സഞ്ചാരികൾക്ക് പറ്റിയതാണ് ഇത്തരം പുരാതനമായ ചെറിയ നഗരങ്ങളെന്നു. ഇടുങ്ങിയ നിരത്തിലൂടെ നടക്കുമ്പോൾ കൂട്ടത്തോടെ ആണെങ്കിൽ പലപ്പോഴും നൂറ്റാണ്ടുകൾക്കു മുമ്പുള്ള കുതിരക്കുളമ്പടികൾ കേൾക്കാൻ മറന്നു പോകാം, ആളുകളുടെ അപരിതമായ ഭാഷയും ബൂട്ടിന്റെ ശബ്ദവും കേൾക്കാൻ വിട്ടു പോയേക്കാം. ഒരു പക്ഷെ പാരിസ് , സ്ടോക്ക്ഹോം പോലുള്ള വലിയ വിനോദ സഞ്ചാര നഗരങ്ങൾ ഒറ്റയ്ക്കാണെങ്കിൽ നിങ്ങളെ അതു തിരക്കുള്ള വായിലേക്ക് വിഴുങ്ങിയെക്കാം, പക്ഷെ ഇത്തരം ചെറിയ മിഡീവൽ നഗരങ്ങൾ നമ്മളെ അവരുടെ കൂടെ ചേർത്തു പിടിച്ച് ആ കാലത്തേക്ക് കഥകൾ പറഞ്ഞു കൊണ്ടു പോകും. അതുകൊണ്ട് തന്നെ ഇത്തരം അധികം കേൾക്കാത്ത നഗരങ്ങൾ തിരഞ്ഞു പിടിച്ചു ഞാൻ പോകാറുണ്ട്. ആ പോക്കായിരിക്കും ഒരു പക്ഷെ വലിയ നഗരത്തിനെക്കാളും കൂടുതൽ ഓർമ്മിച്ചു വെയ്ക്കാൻ സാധിക്കുക. കൂടാതെ ചിന്തകളെ എത്ര കാലം പുറകോട്ടു വേണമെങ്കിലും വലിച്ചു കൊണ്ടു പോകാം, അവിടെ ജീവിക്കാം ആ കാലത്ത്, ആ ആളുകളുടെ കൂടെ.

ഓർമ്മകൾക്ക് മീതെ, തലമുറകൾക്ക് മീതെ റൈൻ നദിയിലെ കാറ്റു കൊണ്ടു വന്ന മേഘങ്ങൾ പെയ്യാൻ തുടങ്ങിയിരിക്കുന്നു. ചൂളുന്ന തണുപ്പിന്റെ കൂടെ, ക്ലാപ്പേർ കുട്ടികളുടെ കൂടെ, ഞാൻ പതിയെ തിരിച്ചു ട്രെയിൻ സ്റ്റേഷനിലേക്കു നടന്നു......

*കണ്ണൂർ ജില്ലയിൽ നിന്നുമുള്ള ഹേമ ജർമ്മനിയിലെ ആഹെൻ യൂണിവേർസിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ റിസേർച്ച് ചെയ്യുന്നു. പതിനാലോളം രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള ഹേമ ആനുകാലികങ്ങളിലും സോഷ്യൽ മീഡിയിലും സജീവമാണ്.*

# ആദരാഞ്ജലികൾ



## മൃണാളിനി സാരാഭായ്

ഇന്ത്യയുടെ കലാപാരമ്പര്യം ലോകമെങ്ങും പ്രചരിപ്പിച്ച പ്രശസ്തനർത്തകിയും സാമൂഹ്യപ്രവർത്തകയുമായ മൃണാളിനി സാരാഭായ് (97) 2016 ജനുവരി 21ന് അന്തരിച്ചു. 93 രാജ്യങ്ങളിലായി 23000 അരങ്ങുകളിൽ ഇന്ത്യൻ നൃത്തകലയെ എത്തിച്ച മൃണാളിനി ഇന്ത്യൻ സംസ്ക്കാരത്തിന്റെ എക്കാലത്തേയും ദീപവാഹകയാണ്. നൃത്തം ജീവിതവും ശ്വാസവുമായിരുന്ന അവർ സാമൂഹ്യപ്രശ്നങ്ങളെ നൃത്തരൂപത്തിലവതരിപ്പിച്ച് തന്റെ സാമൂഹ്യപ്രതിബദ്ധത നിർവ്വഹിച്ചു പോന്നിരുന്നു. പത്മഭൂഷൺ അവാർഡ് ജേതാവായ അവർ 1948ലാണ് ദർപ്പണ അക്കാദമി ഓഫ് പെർഫോർമിംഗ് ആക്ട് എന്ന പേരിൽ 1948ൽ ഒരു സ്ഥാപനം ആരംഭിച്ചു. നമ്മുടെ അഭിമാനമായിരുന്ന മൃണാളിനി സാരാഭായിക്ക് സംഘടിതയുടെ ആദരാഞ്ജലികൾ



## കല്പന

മലയാളസിനിമയിലെ അതുല്യഅഭിനേത്രി കല്പന അന്തരിച്ചു. ഹാസ്യങ്ങളായാലും ഗൗരവറോളുകളായാലും ഒരേ മികവോടെ കൈകാര്യം ചെയ്യാൻ സിദ്ധിയുണ്ടായിരുന്ന അപൂർവ്വം കലാകാരികളിലൊരാളായിരുന്നു അവർ. 51 വർഷം മാത്രം നീണ്ടുനിന്ന ജീവിതം അവസാനിക്കുമ്പോൾ കാലത്തെ അതിജീവിക്കുന്ന കഥാപാത്രങ്ങളെ നമ്മുടെ ഓർമ്മയിൽ ആലേഖനം ചെയ്താണ് അവർ വിട പറഞ്ഞത്.

കവർസ്റ്റോറി /അഭിമുഖം





ജൂന സാജു

# മഞ്ഞിൽ പ്രതിധ്വനിക്കുന്ന ചിലമ്പൊലികൾ

സ്ത്രീ ശാക്തീകരണത്തിനും സാംസ്കാരിക വൈവിധ്യമുള്ള കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കാനഡയിൽ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഡാൻസിംഗ് ഡാംസെൽസ് എന്ന സംരംഭത്തിന്റെ സ്ഥാപകയും മാനേജിംഗ് ഡയറക്ടറുമാണ് മേരി അശോക്.

ഭരതനാട്യത്തിൽ നൈപുണ്യം നേടിയ മേരി പരേതനായ ശ്രീ രംഗരാജൻ (B.E., M.B.A., B.L)-ലുസി രംഗരാജൻ ദമ്പതികളുടെ മൂത്ത മകളാണ്. നാട്യ മയൂരി ഉൾപ്പെടെ പല അംഗീകാരങ്ങളും നേടിയ മേരി, കാനഡ തമിഴ്നാട് കൾച്ചറൽ സൊസൈറ്റി (TNCSC) യുടെ മുൻ പ്രസിഡന്റായിരുന്നു. ഹെൽത്ത്കെയർ മേഖലയിലെ തന്റെ മുഴുവൻ സമയ ജോലിക്കിടയിലും, നൃത്തം ചിട്ടപ്പെടുത്തുന്നതിനും, ചെറിയ കുട്ടികളെയും മുതിർന്നവരെയും നൃത്തം പഠിപ്പിക്കുന്നതിനും നേരം കണ്ടെത്തി സന്നദ്ധസേവനം ചെയ്യുന്നുണ്ട് മേരി. അതോടൊപ്പം കാരസ്സാഗ, കാരബ്രാം , യു ഓഫ് ടി ഫെസ്റ്റിവൽ, ഇന്ത്യ ഡേ പോലെ ശ്രദ്ധേയമായ വേദികളിൽ തന്നോടൊപ്പം പങ്കുചേരാൻ അവരെ പ്രചോദിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മേരിയുടെ കലാവിരുത് നൃത്തത്തിൽ ഒതുങ്ങുന്നതല്ല. നോർത്ത് ടൊറോണ്ടോ പ്ലയേർസിന്റെ "Ruddigore" എന്ന തിയട്രിക്കൽ പ്രൊഡക്ഷനിലും മേരി തന്റെ കഴിവ് തെളിയിച്ചു.

ഡാൻസിംഗ് ഡാംസെൽസിന്റെ ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടർ ആയ മേരി, തന്റെ സന്നദ്ധസേവക സംഘത്തോടൊപ്പം, ടൊറോണ്ടോ ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ, വിമെൻസ് ഡേ ഡിഡി വനിതാ അച്ചീവേഴ്സ് അവാർഡ് നൈറ്റ്, മദേർസ് ഡേ ഡിന്നർ ആൻഡ് ഡാൻസ് എന്നീ പരിപാടികൾ വർഷം തോറും നടത്തി സ്ത്രീ ശാക്തീകരണത്തിനും, കൂടാതെ സാംസ്കാരിക വൈവിധ്യമാർന്ന കലാരൂപങ്ങളും സാംസ്കാരിക വിനിമയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി പണം സ്വരൂപിക്കുന്നു.

മേരിയിലേക്കും ഡാൻസിംഗ് ഡാംസെൽസിലേക്കുമുള്ള യാത്രയാണ് ഈ ഇന്റർവ്യൂ.

*1. ഒരു നർത്തകി, പാട്ടുകാരി, നൃത്തസംവിധായിക നല്ലൊരു സംഘാടക എന്നീ നിലകളിലൊക്കെയാണ് മേരി അശോക് പൊതുവെ അറിയപ്പെടുന്നത്. എന്താണ് മേരിക്ക് മേരിയെപ്പറ്റി പറയാനുള്ളത്?*

വൈദ്യരംഗം എന്റെ തൊഴിൽ മേഖലയും നൃത്തവും സംഗീതവും എന്റെ അഭിനിവേശവുമാണ്. മറ്റു സ്ത്രീകൾക്ക് അവസരങ്ങളും പ്രചോദനവും നല്കുന്നതിനും, നൃത്തമേഖലയിലുള്ള അവരുടെ താല്പര്യം തുടരുന്നതിനും വേണ്ടിയാണ് ഞാനൊരു സംഘാടകയായത്. അങ്ങനെയാണ് ഡാൻസിംഗ് ഡാംസെൽസ് എന്ന ഡാൻസ് ഗ്രൂപ്പ് സ്ത്രീകളെ ശക്തരാക്കുക എന്ന ഉദ്ദേശത്തോടെ ഒരു നോൺപ്രൊഫിറ്റബിൾ സ്ഥാപനമായി തുടങ്ങിയത്.

*2. എന്നായിരുന്നു കാനഡയിലേക്ക് കുടിയേറിയത്?*

1998 ഓഗസ്റ്റിലാണ് കാനഡയിലേക്ക് വന്നത്; ടോറൊണ്ടോ ആണിപ്പോൾ ഞങ്ങളുടെ നാട്. ദുബായിൽ നിന്നുമാണ് ഞങ്ങൾ ഇങ്ങോട്ട് വന്നത്.

*3. പൊതുവെ പറയുകയാണെങ്കിൽ കാനഡയിലേക്ക് കുടിയേറിയവർക്കെല്ലാം ഇവിടെ ആദ്യഘട്ടങ്ങളിൽ അവനവന്റെ നിലനിൽപ്പിനും ഐഡന്റിറ്റിക്കും വേ*

*ണ്ടി അവർ നടത്തിയ കഠിനയ ത്നങ്ങളുടെയും, യാതനകളുടെ യും, സഹനത്തിന്റെയുമൊക്കെ കഥകൾ പറയാനുണ്ടാകും. മേരി ക്ക് അങ്ങനെയുള്ള കഥകൾ എ ന്തെങ്കിലും പറയാനുണ്ടോ?*

തീർച്ചയായും ഉണ്ട്. നല്ല വി ദ്യാഭ്യാസമുള്ള ഏതു കുടിയേറ്റ ക്കാരെയും പോലെ കാനഡയിൽ ഒരു അടിത്തറയുണ്ടാക്കുന്നതിനു ഞങ്ങൾക്കും തീവ്രയത്നം ചെ യ്യേണ്ടി വന്നിട്ടുണ്ട്. തൊഴിൽ രം ഗത്തേക്ക് കയറിപ്പറ്റാനുള്ള എളു പ്പമാർഗ്ഗം കനേഡിയൻ വിദ്യാഭ്യാ സം ഉണ്ടാവുകയാണെന്നുള്ളത് തിരിച്ചറിഞ്ഞപ്പോൾ ആ വഴിക്ക് നീങ്ങി. പഠനം കഴിഞ്ഞ ഉടനെ രണ്ടുപേർക്കും എളുപ്പത്തിൽ ജോലികിട്ടി.

*4. എന്തുതരം നൃത്തമാണ് ചെറുപ്പത്തിൽ അഭ്യസിച്ചത്?*

ഞാൻ വഴവൂർ ശൈലിയിൽ ഭരതനാട്യം അഭ്യസിച്ച ഒരാളാ ണ്. നൃത്തത്തിൽ ഇരുപത്തഞ്ചു വർഷത്തിലേറെ അനുഭവസമ്പ ത്തുണ്ട്. കൂടാതെ പരിപാടികൾ അവതരിപ്പിക്കുന്നതിനായി വ്യാപ കമായി സഞ്ചരിച്ചിട്ടുമുണ്ട്.

*5. കുട്ടിക്കാലം എങ്ങനെയാ യിരുന്നു.?*

വളരെ അവിസ്മരണീയമായ കുട്ടിക്കാലമായിരുന്നു. എന്റെയും എന്റെ സഹോദരിമാരുടെയും നൃ ത്തസംഗീത മികവിനുവേണ്ടി ത ങ്ങളുടെ സമയവും ഊർജ്ജവും പണവും ചിലവഴിച്ച എന്റെ മാ താപിതാക്കളോട് എനിക്ക് തീർ ത്താൽ തീരാത്ത കടപ്പാടുണ്ട്. വി വിധ ഡാൻസ് ടൂറുകളിൽ ഞ ങ്ങളുടെ സുഹൃത്തുക്കളുടെ കൂ ടെ സമയം ചിലവഴിച്ചതൊക്കെ സുഖമുള്ള ഓർമ്മകൾ ആണ്. ഇ ന്നും അവരുമായൊക്കെ ആ ആ ത്മബന്ധം പുലർത്തുന്നുണ്ട്.

*6. എങ്ങനെയായിരുന്നു രാ ജൻ സഹോദരിമാരുടെ പിന്നീടു ള്ള കലാപ്രയാണം ?*

മേരി രാജൻ, സോണി രാ ജൻ, സോഫിയ രാജൻ. രാജൻ സഹോദരിമാർ മൂന്നുപേരും ഭരത നാട്യത്തിൽ ഒരുപോലെ പ്രാവീ ണ്യം നേടിയവരായിരുന്നു. മൂന്നു പേരും അതിപ്രശസ്തനായ ശ്രീ വഴവൂർ രാമയ്യ പിള്ളയുടെയും അദ്ദേഹത്തിന്റെ മകൻ ശ്രീ വഴ വൂർ ആർ സാമ്രാജിന്റെയും ശി ക്ഷണത്തിലായിരുന്നു നൃത്തം അഭ്യസിച്ചത്. രാജൻ സഹോദരി മാർ പല ഇന്ത്യൻ നഗരങ്ങളിലും, മലേഷ്യ, മൗറീഷ്യസ്, സിംഗപ്പൂർ ഉൾപ്പെടെ പല വിദേശരാജ്യങ്ങളി ലും കലാപരിപാടികൾ അവത രിപ്പിച്ചിട്ടുണ്ട്. രാജൻ സഹോദരി മാരുടെ എടുത്തു പറയേണ്ട ഒരു സവിശേഷത, അന്നത്തെ തമിഴ് നാട് മുഖ്യമന്ത്രിയായിരുന്ന ഡോ. തിരു.കലൈഞ്ജർ എം. കരുണാ നിധി എഴുതിയ "sanga Thamizh" എന്ന നൃത്തനാടകത്തിൽ പ്രധാ ന വേഷങ്ങൾ ഞങ്ങൾ മൂന്നു പേരും ചെയ്തിരുന്നു എന്നുള്ള താണ്. ആ നൃത്ത നാടകം പ്രമു ഖ ഇന്ത്യൻ നഗരങ്ങളിലും, പല വിദേശരാജ്യങ്ങളിലുമായി നൂറില ധികം തവണ അവതരിപ്പിക്കപ്പെ ട്ടു.

വഴവൂർ സ്കൂളിൽ നിന്നും ബിരുദം നേടിയ ശേഷം അവർ ഗുരു നാട്യഭൂഷണി, 'കലൈമ ണി' ശ്രീമതി രംഗനായകി ജയരാ മന്റെ സരസ്വതി ഗാനനിലയം എ ന്ന സ്കൂളിൽ ചേർന്ന് നൃത്ത പഠ നം തുടർന്നു. അവർ ഉടനെത ന്നെ പല ഡാൻസ് ബാലെകളി ലും ഞങ്ങൾക്കു അവസരം ത ന്നു. എനിക്ക് അവയിലൊക്കെ അവ്വൈയാർ അരുണഗിരിനാ തൻ, രാവണൻ പോലുള്ള മുഖ്യ വേഷങ്ങൾ പലപ്പോഴും ലഭിച്ചിരു ന്നു. ഒപ്പം പല പുരസ്കാരങ്ങളും. രാജൻ സിസ്റ്റേർസ് ശാസ്ത്രീയ സംഗീതവും അഭ്യസിക്കുകയും, ചെന്നൈക്ക് അകത്തും പുറത്തു മായി നിരവധി ബാൻഡുകളിൽ പാടുകയും ചെയ്തിട്ടുണ്ട് വളരെ ശക്തമായ അക്കാദമിക് പശ്ചാ ത്തലം മൂവർക്കും ഉണ്ടായിരുന്നു. മൂവരും ഇന്ത്യയിലെ പ്രസിദ്ധമാ യ ചർച്ച് പാർക്ക് കോൺ വെന്റിൽ പഠിച്ചവരാണ്. ഞാനും സോണിയും യഥാക്രമം സ്റ്റാൻലി മെഡിക്കൽ കോളേജ്, മദ്രാസ് മെഡിക്കൽ കോളേജ് എന്നിവിട ങ്ങളിൽ നിന്ന് M.B.B.S ബിരുദം നേടി. സോഫിയ ചെന്നൈ സ്റ്റെ ല്ല മേരീസ് കോളേജിൽ നിന്നും സയൻസ് ബിരുദം നേടി. കോൺ വെന്റിൽ നിന്നും, ഗുരുകുല രീതി യിലുള്ള നൃത്താഭ്യാസത്തിൽ നി ന്നും ലഭിച്ച അച്ചടക്കവും അർപ്പ ണമനോഭാവവും ഞങ്ങളുടെ മൂ ന്നുപേരുടെയും വ്യക്തി ജീവിത ത്തിൽ ഉന്നത വിജയം കൈവരി ക്കാൻ സഹായിച്ചിട്ടുണ്ട്.

നൃത്തവും സംഗീതവും ഒരുമി ച്ചു പരിശീലിച്ചെങ്കിലും മൂവരും അവരവരുടെതായ ഒരിടം ജീവി



തത്തിൽ ഉണ്ടാക്കിയെടുത്തിട്ടുണ്ട്. സോഫിയ സൗത്ത് ഇന്ത്യൻ സിനിമകളിൽ പിന്നണി ഗായികയായും ഡബ്ബിങ്ങ് ആർട്ടിസ്റ്റായും പ്രവർത്തിക്കുന്നു. ഇന്ത്യയിലെയും നോർവേ, ലണ്ടൻ തുടങ്ങിയ ഇടങ്ങളിലെയും ജനസമ്മതിയുള്ള പല ചാനലുകളിലും മ്യൂസിക് ആൽബം ചെയ്തിട്ടുണ്ട്. രണ്ടായിരത്തിൽ പരം മ്യൂസിക് ഷോ നടത്തുകയും പല അവാർഡുകളും നേടുകയും ചെയ്തു. ഉയർന്നു വരുന്ന കലാകാരിക്കുള്ള അവാർഡടക്കം പല പുരസ്കാരങ്ങളും നേടി. 1998 ലെ രാജ് ടെലിമീഡിയയുടെ ബെസ്റ്റ് സിങ്ങർ അവാർഡ്, 1995 ൽ ചെന്നൈ മെഡിക്കൽ ഹാർട്ട് ഫൗണ്ടേഷന്റെ 'ഗാനകുയിൽ' അവാർഡ്, 2015 ൽ വരഘി മന്ത്രത്തിന്റെ രാധു അവാർഡ് എന്നിവ നേടിയിട്ടുണ്ട്. സോഫിയ പല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കമ്പനികളുടെയും പരിപാടികളിൽ ജഡ്ജ് ആകുന്നതോടോപ്പം നൃത്തം ചിട്ടപ്പെടുത്തിയും, പൂർവ്വ വിദ്യാർത്ഥി എന്ന നിലയിൽ സന്നദ്ധ സേവനം ചെയ്തും ഒപ്പം ടാലെന്റ് ഷോകളിലും പാട്ട് പരിപാടികളിലും പങ്കെടുക്കുന്ന കുട്ടികളെ പരിശീലിപ്പിച്ചും കലാരംഗത്ത് സജീവമായി തുടരുന്നു.

സോണി ഒരു നല്ല പ്രാസംഗികയും ഒപ്പം ജതികളും നട്ടുവങ്ങവും ഒക്കെ കമ്പോസ് ചെയ്യാൻ പ്രത്യേക കഴിവുള്ളവളുമാണ്. സോണി പല സ്റ്റേജ് ഷോകളും, രാജ് ടി.വി നെറ്റ് വർക്കിനു വേണ്ടിയുള്ള പല ഷോകളും അവതരിപ്പിച്ചിട്ടുണ്ട്. കാനഡയിലേക്ക് വന്ന ശേഷം സോണി നൃത്തം പഠിപ്പിക്കുകയും, പല സാംസ്കാരിക സംഘടനകൾക്കും വേണ്ടി സന്നദ്ധ സേവനം ചെയ്യുകയും ചെയ്യുന്നു. സോണി ജ്യൂയിഷ് കമ്മ്യൂണിറ്റി സെന്ററിൽ തനിച്ചു നൃത്ത പരിപാടി അവതരിപ്പിച്ച് ബി.സി ചിൽഡ്രൻസ് ഹോസ്പിറ്റൽ ഫൗണ്ടേഷനുവേണ്ടി പണം സ്വരൂപിച്ചിട്ടുണ്ട്. സ്വരൂപിച്ച മുഴുവൻ പണവും ബിസി ചിൽഡ്രൻസ് ഹോസ്പിറ്റലിനു വേണ്ടി സംഭാവനയായി നല്കി. രണ്ടു വർഷത്തോളം വാൻകൂവറിലെ ബി.സി തമിൾ കൾച്ചറൽ സൊസൈറ്റിയുടെ സെക്രട്ടറി സ്ഥാനം കൈകാര്യം ചെയ്ത സോണി ഇപ്പോൾ താമസിക്കുന്ന കാൽഗറിയിലെ, തമിൾ കൾച്ചറൽ സൊസൈറ്റിയുടെ പരിപാടികളിലൊക്കെ സ്ഥിരമായി പരിപാടികൾ അവതരിപ്പിക്കാറുണ്ട്. കൂടാതെ2014 ൽ സ്വന്തം മകളുടെ കൂടെ ബെസ്റ്റ് ഡാൻസർ അവാർഡ് നേടിയിട്ടുമുണ്ട്

*9. കാനഡയിലെ കുടിയേറ്റക്കാരിൽ ഒരുപാടു കലാകാരന്മാരും കലാകാരികളുമുണ്ടാകും. പക്ഷെ പലരും അതിജീവനത്തിനായുള്ള പോരാട്ടങ്ങൾക്കിടയിൽ മുഖ്യധാരയിൽ എത്തപ്പെടാറില്ല പക്ഷെ മേരിക്ക് അതെങ്ങനെ സാദ്ധ്യമായി?*

കാനഡ അവസരങ്ങളുടെ ഭൂമിയാണ്. ദൃഢനിശ്ചയമുള്ള ആർക്കും ഇവിടെ വിജയം കൈവരിക്കാനാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. വിജയം നിങ്ങൾ ഏത് മാനദണ്ഡം ഉപയോഗിച്ച് അളക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ചിലർ പെർഫോം ചെയ്തും മറ്റു ചിലർ അദ്ധ്യാപനം ചെയ്തും വിജയം കൈവരിക്കുന്നു.

*10. കുടിയേറ്റ കലാകാരന്മാർക്കായുള്ള എന്തെങ്കിലും മെന്ററിങ്ങ് പ്രോഗ്രാം നടത്തുന്നുണ്ടോ ?*

മെന്ററിങ്ങ് പരിപാടികളെക്കുറിച്ച് എനിക്ക് അറിവില്ല. പക്ഷെ കലാകാരന്മാർക്കായി നിരവധി ഗ്രാന്റുകളും ശില്പശാലകളും അതുപോലെ ഡാൻസിംഗ് ഡാംസെൽസ് പോലുള്ള ഡാൻസ് സ്കൂളുകൾ നടത്തുന്ന പരിപാടികളും കലാകാരന്മാർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. അതുകൂടാതെ സൗത്ത് ഏഷ്യൻ ഉൾപ്പെടെ വിവിധ സംസ്കാരങ്ങളിലെ കലാകാരന്മാരുമായി സഹകരിച്ചു പ്രവർത്തിക്കാനും ധാരാളം അവസരങ്ങൾ ഉണ്ട്.

*11. നമുക്ക് ചുറ്റും ഒരുപാടു കലാകാരന്മാരും കലാകാരികളും ഉണ്ട്. ആത്മവിശ്വാസമുള്ള ഒരുപാടു കലാകാരികളെ നമ്മൾ കാണാറുണ്ട്. പക്ഷെ അതേപോലെ സ്വാഭാവികവുമാണ്, വിവാഹ ശേഷം കല തുടർന്നു പോകാതെ അല്ലെങ്കിൽ കല ഉപേക്ഷിക്കുന്നവരുടെ എണ്ണവും. ഇതിനെപ്പറ്റി മേരിയുടെ കാഴ്ചപ്പാട് എന്താണ് ?*എന്താണ് മേരിക്ക് അവരോട് പറയാനുള്ളത് ?

ഓരോ വ്യക്തികൾക്കും അവനവന്റെ ഇഷ്ടങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഒരാൾക്ക് തന്റെ കലാപരമായ ആഗ്രഹങ്ങൾ തുടരാനുള്ള മോഹങ്ങളുണ്ടെങ്കിൽ തുടരണം. തീർച്ചയായും മുൻഗണനയുള്ള കാര്യങ്ങൾ കാണും. എങ്കിലും നിങ്ങൾക്ക് വേണ്ടി സമയം കണ്ടെത്തിയാൽ മാത്രമേ നിങ്ങളുടെ കലയും പരിപോഷിപ്പിക്കാൻ സാധിക്കുകയുള്ളൂ. സ്ത്രീകൾക്ക് നൃത്തത്തിലും സംഗീത ത്തിലും അല്ലെങ്കിൽ മറ്റേതെങ്കിലും കലയിലുമുള്ള തങ്ങളുടെ അഭിരുചികൾ തുടരാൻ സഹായിക്കുന്ന അപൂർവ്വം ചില ഓർഗനൈസേഷനുകളിൽ ഒന്നാണ് ഡാൻസിംഗ് ഡാംസെൽസ്.

*12. എങ്ങനെയാണ് ഡാൻസിംഗ് ഡാംസെൽസ് രൂപപ്പെട്ടത് ?*

ഞാൻ എപ്പോഴും ഗ്രൂപ്പ് ആയി പെർഫോം ചെയ്യാനുള്ള അവസരങ്ങൾക്ക് വേണ്ടി ശ്രമിക്കാറുണ്ടായിരുന്നു. അങ്ങനെ നോക്കിയപ്പോഴാണ് ഞാൻ താമസിക്കുന്ന പ്രദേശത്ത് അങ്ങനെയൊരു ഗ്രൂപ്പിന്റെ ആവശ്യകതയുണ്ടെന്നു തോന്നിയത്. അങ്ങനെയാണ് ഞാൻ ഡാൻസിംഗ് ഡാംസെൽസ് തുടങ്ങിയതും എന്റെ സുഹൃത്തുക്കൾക്ക് വേണ്ടി നൃത്തം ചിട്ടപ്പെടുത്താൻ ആരംഭിച്ചതും. പിന്നീട് ഗ്രേറ്റർ ടൊറോണ്ടോ ഏരിയയിൽ പല സാംസ്കാരിക വേദികളിലും പരിപാടികൾ അവതരിപ്പിച്ചു

*13. ആർക്കൊക്കെ ഡി.ഡി യുടെ ടൊറോണ്ടോ ഇന്റർനാഷ*

# 1960 കളിൽ ജോലി തേടി വിദേശങ്ങളിലേക്കു കുടിയേറിയ



ജർമ്മനിയിലെ ബോൺ നഗരത്തിൽ നഴ്സ് ആയി ജോലി ചെയ്തു വളരെക്കാലം താമസിച്ച അന്നമ്മ വർക്കി









കാനഡയിൽ നഴ്സ് ആയിരുന്ന മറിയാമ്മ ജോൺ

# മലയാളി സ്ത്രീകളുടെ ഓർമ്മച്ചിത്രങ്ങൾ





1965 ൽ നഴ്സിംഗ് പഠിക്കാൻ ജർമ്മനിയിലേക്കു പോയ സംഘം. ഫെഡറീന നസ്രത്തിനെ നടുവിൽ കാണാം. പഠന ശേഷം ജോലിയിൽ ചേർന്നു. പലരും അവിടെ സ്ഥിരതാമസമാക്കി. ശ്രീമതി ഫെഡറീന ഇപ്പോൾ കൊല്ലത്തു കുടുംബത്തോടൊപ്പം താമസിക്കുന്നു.



ജർമ്മനിയിലെ പത്രത്തിൽ അച്ചടിച്ചു വന്ന മലയാളി നഴ്സുമാരുടെ ഫോട്ടോ



9.12.64


Im Dienste der Nächstenliebe

25 junge Mädchen aus Indien wollen sechs Jahre in Deutschland Krankenschweste

*കടപ്പാട് : നിർമ്മല തോമസ്, ഷൈനി ബെഞ്ചമിൻ, ഫെഡറിന നസ്രത്ത്*

*ണൽ ഡാൻസ് ഫെസ്റ്റിവലിൽ പങ്കെടുക്കാം? എന്തെങ്കിലും സ്ക്രീനിംഗ് പ്രോസെസ്സ് ഉണ്ടോ?*

പ്രൊഫെഷണൽ ലെവലിലുള്ള കലാകാരന്മാരും കലാ സംഘടനകളും ആണ് നമ്മുടെ ഫെസ്റിവലിൽ പങ്കെടുക്കുന്നത്. എങ്കിലും സെലക്ഷന് മുൻപ് ഒരു വീഡിയോ ഒഡീഷനുണ്ട്. ഡാൻസിംഗ് ഡാംസെൽസിന്റെ ഗ്രൂപ്പും എല്ലാ വർഷവും ഈ ഫെസ്റ്റിവലിൽ പങ്കെടുക്കാറുണ്ട്. നമ്മുടെ മുൻഗണന തദ്ദേശീയരായ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഒപ്പം മികച്ചതിൽ മികച്ചതിനെയാണ് നമ്മൾ തിരഞ്ഞെടുക്കുന്നത്.




*14.ഡി ഡി ഇത് രണ്ടാമത്തെ കൊല്ലമാണ് ഡി.ഡി ഫെസ്റ്റ് അഥവാ ടൊറോണ്ടോ ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ നടത്തുന്നത്. ഇതുപോലൊരു ഫെസ്റിവൽ സംഘടിപ്പിക്കുന്നത് തീർച്ചയായും വലിയൊരു വെല്ലുവിളി തന്നെയാണ്. എന്തായിരുന്നു ഇതിന്റെ ഭാഗമായുണ്ടായിരുന്ന യഥാർത്ഥ വെല്ലുവിളികൾ?*

ഈ ഡാൻസ് ഫെസ്റ്റിവൽ എന്റെയൊരു ജീവിതാഭിലാഷമായതുകൊണ്ട് തന്നെ ഇത് സംഘടിപ്പിക്കുന്നതിലുള്ള ഓരോ ഘട്ടങ്ങളും എല്ലാ വെല്ലുവിളികളുമടക്കം ഞാൻ ആസ്വദിക്കുന്നു. യഥാർത്ഥ വെല്ലുവിളിയെന്നത് നമ്മുടെ കമ്മ്യൂണിറ്റിയുടെ സഹകരണം ലഭിക്കുകയെന്നതും, അവരെ പരിപാടികാണുന്നതിനായി അണിനിരത്തുക എന്നുള്ളതുമായിരുന്നു. പക്ഷെ ആദ്യത്തെ ഫെസ്റ്റിവൽ വലിയ വിജയമായതിനു ശേഷം പിന്നെ വിശ്വസിപ്പിക്കേണ്ട ആവശ്യകതയുണ്ടായിരുന്നില്ല. എല്ലാ അധ്വാനത്തിനും അതിന്റേതായ ഫലമുണ്ടായിരുന്നു.

*15. ഡി.ഡി ഇപ്പോൾ പല മാനങ്ങളിൽ വളർന്നു വലുതായിരിക്കുന്നു. ലാഭേച്ഛയില്ലാതെ പടർന്നു പന്തലിക്കുന്ന ഒരു സാംസ്കാരിക സംഘടന എന്ന നിലയിൽ, കലാ സാംസ്കാരിക സാദ്ധ്യതകൾക്കപ്പുറം ഡി ഡി യുടെ മറ്റു സാമൂഹ്യ പ്രതിബദ്ധതകൾ എന്തൊക്കെയാണ് ?*

ഡി.ഡി യുടെ ചാരിറ്റി സംരംഭമായ 'ഹെൽപിംഗ് ഹാൻഡ്സ് മുഖേന നിർദ്ധനരായ കുട്ടികളുടെയും സ്ത്രീകളുടെയും പഠനത്തിനും, മറ്റു കഴിവുകൾ വികസിപ്പിക്കുന്നതിനും വേണ്ടി, ഞങ്ങളുടെ പരിപാടികളിൽ നിന്നും ലഭിക്കുന്ന തുകകൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

*16. തീർച്ചയായും പല നൃത്ത രൂപങ്ങളിൽ ആഴത്തിൽ പഠനങ്ങൾ നടത്തുന്ന ഒരാൾ ആണ് മേരി. നൃത്തം സാർവ്വലൗകികമാണ്. വിവിധ നൃത്തരൂപങ്ങൾ വിവിധ സംസ്കാരങ്ങളെ അല്ലെങ്കിൽ വിവിധ വംശങ്ങളെ പ്രതിനിധീകരിക്കുന്നു. എല്ലാ നൃത്ത രൂപങ്ങൾക്കും അവയുടേതായ പ്രഭാവങ്ങളും സവിശേഷതകളുമുണ്ടാകുമല്ലോ. എങ്കിലും എന്താണ് ഈ വിവിധ നൃത്തരൂപങ്ങളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നത്?*

ഹൃദയമിടിപ്പിൽ ഒരു താളമുണ്ട്...ജീവന്റെ താളം ഓരോ നൃത്ത രൂപങ്ങളും അവരുടെ ജീവന്റെ താളവും, സാംസ്കാരിക പശ്ചാത്തലവും ജീവിതചര്യകളും ഒക്കെയാണ് പ്രതിഫലിപ്പിക്കുന്നത്. അവർ അവരുടെ വേഷവിധാനങ്ങൾ, സംഗീതം, നൃത്തം എന്നിവ വഴി ജീവിതം ആകർഷകമാക്കി ആഘോഷിക്കുന്നു.

*17. ലോകത്തിലെ വിവിധ നൃത്ത രൂപങ്ങൾ കാണുവാനും ആസ്വദിക്കാനും ഒപ്പം പല രാജ്യങ്ങളിലെ കലാകാരന്മാരെ പരിചയപ്പെടാനുമുള്ള ഭാഗ്യം മേരിക്കുണ്ടായിട്ടുണ്ട്. അതോടനുബന്ധിച്ച് പ്രചോദനമുണ്ടാക്കിയ എന്തെങ്കിലും അനുഭവങ്ങളുണ്ടായിട്ടുണ്ടോ?*

പ്രതിഭയും വൈദഗ്ദ്ധ്യവും തികഞ്ഞ ആർട്ടിസ്റ്റുകളുമായി ഇടപഴകാൻ പറ്റിയത് ഒരു അനുഗ്രഹമായാണ് ഞാൻ കരുതുന്നത്. അവരുടെ പ്രകടനങ്ങൾ എന്നിൽ കൂടുതൽ എളിമയുണ്ടാക്കുന്നതായിരുന്നു.

*17. ഇനി എന്തെങ്കിലും ഡ്രീം പ്രൊജക്റ്റ് ഉണ്ടോ ?*

സമീപഭാവിയിൽ ഞങ്ങളുടെ സംഘടനക്ക് വേണ്ടി ഒരു സ്റ്റുഡിയോ സ്പേസ് വാങ്ങിക്കണം എന്നതൊരു സ്വപ്നമാണ്.

*18. ഒരു മുതിർന്ന കലാകാരി എന്നനിലയിൽ കാനഡയിലെ സൗത്ത് ഏഷ്യൻ നൃത്ത രൂപങ്ങളെപ്പറ്റി എന്താണ് അഭിപ്രായം?*

ചില സൗത്ത് ഏഷ്യൻ കലാരൂപങ്ങൾക്ക് ഇവിടെ പ്രാമുഖ്യം കിട്ടിയിട്ടുണ്ട്. എങ്കിലും എല്ലാ കലാരൂപങ്ങളും വളർത്താനും മറ്റു കലാരൂപങ്ങളുമായി സമന്വയിപ്പിച്ച് കൊണ്ടുപോകുവാനും നമുക്ക് ഇനിയും ക്രിയാത്മകമായി പ്രവർ

ത്തിക്കേണ്ടതുണ്ട്.

*19. അനേകം സാംസ്കാരിക സംഘടനകൾ ഇപ്പോൾ ഇവിടെയുണ്ടല്ലോ. അവരൊക്കെ കലാകാരന്മാരെയും കലാകാരികളെയും എങ്ങനെയാണ് പ്രോത്സാഹിപ്പിക്കുന്നത് ?*

ടോറൊണ്ടോയിലെ സൗത്ത് ഏഷ്യൻ കലാകാരന്മാരെ ഇവിടെയുള്ള സാംസ്കാരിക സംഘടനകൾ വളരെയധികം പിന്തുണയ്ക്കുന്നുണ്ട്. എങ്കിലും പ്രൊഫഷണൽ ലെവലിലുള്ള കലാകാരന്മാർ അർഹിക്കുന്ന തരത്തിലുള്ള വേദികളുടെ അഭാവം ഉണ്ട്. അങ്ങനെയുള്ള ഒന്നിന് വേണ്ടിയാണു നമ്മുടെ സംരംഭവും ശ്രമിക്കുന്നത്. ഗ്രേറ്റർ ടൊറോണ്ടോ പ്രദേശത്തുള്ള എല്ലാ സാംസ്കാരിക സംഘടനകളുടെയും സഹവർത്തിത്വത്തോടുകൂടെയാണ് നമ്മൾ പ്രവർത്തിക്കുന്നത്. നമ്മുടെ പരിപാടികൾക്ക് അവർ നൽകുന്നത് വലിയ പിന്തുണയാണ്.

*20. കുടുംബം, ജോലി, കല എന്നിവയിലൂടെ സന്തുലിതാവസ്ഥയിൽ കടന്നു പോകുന്നത് എത്രമാത്രം എളുപ്പം അല്ലെങ്കിൽ കഠിനമാണ് ?*

തൊഴിൽ എന്നത് സ്ഥിരമാണ്. അതിൽ വിട്ടുവീഴ്ചകളൊന്നും നടക്കില്ല. പിന്നെയുള്ളത് കുടുംബത്തിനും കലയോടുള്ള അഭിനിവേശത്തിനുമിടയിലുള്ള അനുരഞ്ജന കളിയാണ്. ചിലപ്പോൾ ഏതെങ്കിലും ഒന്നിൽ വിട്ടുവീഴ്ച ചെയ്യേണ്ടി വന്നേക്കാം. എങ്കിലും കുടുംബത്തിന്റെ പിന്തുണയുണ്ടെങ്കിൽ ഇതൊക്കെ സാദ്ധ്യമാണ് .

*21. ശരിയാണ്. കുടുംബത്തിന്റെ സഹകരണമില്ലെങ്കിൽ ആർട്ടിസ്റ്റെന്നുള്ള നിലയിലുള്ള യാത്ര അത്ര എളുപ്പമല്ല. മേരിയുടെ ഫാമിലി എത്രമാത്രം സഹകരിക്കാറുണ്ട്? അവരെപ്പറ്റിയും കൂടി പറഞ്ഞു നമുക്ക് ഈ ഇന്റർവ്യൂ അവസാനിപ്പിക്കാം.*

എന്റെ ഭർത്താവ് അശോക് ടൊറോണ്ടോ സർവകലാശാലയിലെ ഐടി മാനേജർ ആണ് . എന്റെ മക്കൾ ആൻഡ്രൂവും ബ്രയാനും യഥാക്രമം സർവ്വകലാശാലയിലും ഹൈസ്കൂളിലും വിദ്യാർഥികളാണ്. അവർ അങ്ങേയറ്റം ക്ഷമയുള്ളവരും എന്റെ കലാസാംസ്കാരിക പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നവരുമാണ്. അവരുടെ സ്നേഹവും പിന്തുണയുമില്ലതെ ഞാൻ ഇതുവരെ എത്തിച്ചേരുമായിരുന്നില്ല.

ഈ ഘട്ടത്തിൽ നമുടെ മലയാളി കമ്മ്യൂണിറ്റി ഡാൻസിംഗ് ഡാംസെൽസിനു നല്കിയ ശക്തമായ പിന്തുണയെപ്പറ്റിക്കൂടി പറയാൻ ആഗ്രഹിക്കുകയാണ്. കലയുടെ വളർച്ചക്ക് വേണ്ടിയുള്ള അവരുടെ നിരന്തരമായ പിന്തുണയും വിമർശനങ്ങളും നമ്മുടെ സംരംഭത്തിന്റെ വളർച്ചയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട് . തീർച്ചയായും ഒരു മലയാളി ആയതിൽ ഞാൻ അഭിമാനിക്കുന്നു

*ജൂന സാജു ജന്മദേശം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി. ഇപ്പോൾ കാനഡയിലെ ടൊറോണ്ടോയിൽ താമസം. ഐ.ടി. പ്രോഫഷണലായ ജൂന എഴുത്തുകാരിയും നല്ലൊരു ഫോട്ടോഗ്രഫറുമാണ്.*

# ചുവന്ന ബ്രിഗേഡ് എന്ന നീതിയുടെ പോരാളികൾ

പൂനെ ആസ്ഥാനമാക്കി അപർണ്ണ ദരാദേയുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് റെഡ്ബ്രിഗേഡ് എന്ന സംഘടന. ഗാർഹികപീഡനത്തിനെതിരായ നിയമം പ്രാബല്യത്തിൽ വന്നിട്ടും നിയമലംഘനങ്ങളും പീഡനങ്ങളും തുടർന്നുകൊണ്ടിരുന്ന സാഹചര്യമാണ് തന്നെ ഇത്തരമൊരു സംഘടന രൂപീകരിക്കാൻ പ്രേരിപ്പിച്ചതെന്ന് അപർണ്ണ അഭിപ്രായപ്പെടുന്നു. ആയിരക്കണക്കിന് സ്ത്രീകളുടെ അംഗത്വം അവകാശപ്പെടുന്ന ബ്രിഗേഡ് ഗാർഹികപീഡന സംഭവങ്ങളിൽ ഇടപെടുകയും ആദ്യം ഇരുകൂട്ടരെയും ചർച്ചയ്ക്ക് വിളിക്കുകയും ചെയ്യും. പുരുഷന്മാർ അക്രമനടപടികൾ നിർത്താത്തപക്ഷം ചെണ്ടകൊട്ടിയും, പാട്ടുപാടിയും, ജാഥനയിച്ചും അവരെക്കൊണ്ട് സമ്മതിപ്പിക്കാൻ ശ്രമങ്ങൾ തുടരും. 2010ൽ രണ്ടായിരം പേരടങ്ങുന്ന ജാഥ നയിച്ച് ബ്രിഗേഡ് ചരിത്രം സൃഷ്ടിച്ചു. ചുവന്ന സാരികൾ മാത്രമാണ് ബ്രിഗേഡ് അംഗങ്ങൾ ധരിക്കുക എന്ന പ്രത്യേകതകൂടി ഈ സംഘത്തിനുണ്ട്.





മായ ബാനർജി



**ഇന്നലെ ഉറക്കം കൊണ്ടു പോയത് ഓഫീസിലേക്കുള്ള പതിവ് ടി.ടി.സി യാത്രയിലേക്കാണ്. ജാലകത്തിനടുത്തുള്ള സീറ്റിൽ അവൾ "വാട്ട് ടു എക്സ്പെക്റ്റ് വെൻ യൂ ആർ എക്സ്പെക്റ്റിങ്ങ്" വായിച്ചു കൊണ്ടിരുന്നു. ചെവിയിൽ ഘടിപ്പിച്ച ഐപോഡിൽ എസ് ജാനകി 'സൂര്യകാന്തി സൂര്യകാന്തി സ്വപ്നം കാണുവതാരെ....' എന്നു ചോദിച്ചു കൊണ്ടിരുന്നു.**

# അസഹിഷ്ണുത

ജോലിക്ക് പോവേണ്ടാത്ത എല്ലാ ദിവസത്തേയും പോലെ അന്നും സൂര്യകാന്തി വിചാരിച്ചു വെയിൽ മൂക്കും വരെ കിടന്നുറങ്ങണം. തണുത്തു കിടക്കുന്ന ലതർ സോഫയിൽ മൂടിപ്പുതച്ചിരുന്ന് കുറേ നേരമെടുത്ത് ചായ കുടിക്കണം. നാട്ടിലേക്ക് വിളിക്കണം. അടുക്കളയിൽ കയറി ഒന്ന് കുത്തിമറിയണം. എന്തൊക്കെയോ തട്ടിയും മുട്ടിയും തിന്നുപോയ ജോലി ദിവസങ്ങൾക്ക് പ്രായശ്ചിത്തമായി മേശപ്പുറത്ത് വിഭവങ്ങൾ നിരത്തി റിയാസിനേയും മോനേയും ഞെട്ടിക്കണം. ഉറക്കം ആദ്യമൊന്ന് ചതിച്ചു. പേടി സ്വപ്നം കാട്ടി അസമയത്ത് എണീപ്പിച്ചു. കുറേ കുട്ടികളെയാണ് ആദ്യം കണ്ടത്. നല്ല ഉരുണ്ട കവിളുകളുള്ള പൂക്കൾ പോലെ വിടർന്ന കണ്ണുകളുള്ള എണ്ണക്കറുപ്പുള്ള കുട്ടികൾ. അവർ കളിക്കുകയായിരുന്നു. ഓടുമ്പോഴും ഉരുണ്ട് വീഴുമ്പോഴും അവർ ഓടിൻ പുറത്ത് വീഴുന്ന മഴത്തുള്ളികളുടെ ശബ്ദത്തിൽ ചിരിച്ച് കൊണ്ടിരുന്നു. പെട്ടെന്നാണ് ഇരുട്ടടച്ചത്. ചിരിക്കുന്ന കുട്ടികളുടെ ഇടയിലേക്ക് തോക്കും ചൂണ്ടി അയാൾ കടന്ന് വന്നത്. അയാളുടെ പെരുവിരൽ കാഞ്ചിയിൽ മുറുകുമ്പോഴേക്കും സൂര്യകാന്തി ഞെട്ടിയുണർന്നു.

അടുത്ത് റിയാസ് ഉറങ്ങുന്നുണ്ട്. റിയാസിന്റെ ദേഹത്തേക്ക് കയ്യും കാലും കയറ്റി വെച്ച് ചെറിയ വായ തുറന്ന് വെച്ച് ഇക്രുവും നല്ല ഉറക്കത്തിലാണ്. അവന്റെ ദേഹത്തേക്ക് പുതപ്പ് വലിച്ചിട്ട് കുഞ്ഞു ചുണ്ടിന്റെ വശത്ത് കൂടെ ഇറങ്ങുന്ന തുപ്പൽ തുടച്ച് സൂര്യകാന്തി ഇടത് വശം ചെരിഞ്ഞു കിടന്നു.

ഇന്നലെ ഉറക്കം കൊണ്ടു പോയത് ഓഫീസിലേക്കുള്ള പതിവ് 'ടി.ടി.സി' യാത്രയിലേക്കാണ്. ജാലകത്തിനടുത്തുള്ള സീറ്റിൽ അവൾ "വാട്ട് ടു എക്സ്പെക്റ്റ് വെൻ യൂ ആർ എക്സ്പെക്റ്റിങ്ങ്" വായിച്ചു കൊണ്ടിരുന്നു. ചെവിയിൽ ഘടിപ്പിച്ച ഐപോഡിൽ എസ് ജാനകി 'സൂര്യകാന്തി സൂര്യകാന്തി സ്വപ്നം കാണുവതാരെ....' എന്നു ചോദിച്ചു കൊണ്ടിരുന്നു. അപ്പോഴാണ് നീണ്ട താടിയുള്ള... മഞ്ഞുമൂടിയ താഴ്‌വാരം പോലെ നിസ്സംഗനായ ഒരാൾ സൂര്യകാന്തിയുടെ അരികിലിരുന്നതും നിമിഷനേരം കൊണ്ട് ടിടിസി ബസ്സിനെ ഓടുന്നൊരു തീഗോളമാക്കിയതും. ഉറക്കം കട്ടെടുത്തോടുന്ന ദുസ്വപ്നങ്ങൾക്ക് അവൾ ഹോർമോണുകളെ കുറ്റപ്പെടുത്തി. അടിവയറ്റിലെ അനക്കത്തോട് അവൾ പറഞ്ഞു. "ഉറങ്ങിക്കോ..." പക്ഷേ സൂര്യകാന്തിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. വെടിയുണ്ടകൾ തറഞ്ഞുറങ്ങുന്ന കുഞ്ഞുങ്ങളുടെ ചുണ്ടുകളിൽ തൊട്ടുമുൻപത്തെ നിമിഷത്തിൽ പറ്റിയ ചിരി അങ്ങനെ തന്നെ ഉണങ്ങാതെ നിൽക്കുന്നുണ്ടാകുമെന്ന് അവൾക്ക് തോന്നി. മുറിയിലേക്ക് വെളിച്ചം അരിച്ചെത്തുന്നതു വരെ അതുതന്നെ തോന്നി. രണ്ടാമത്തെ ഉറക്കം മുറിച്ചത് മൊരിഞ്ഞവെയിലാണ്. പുറത്തിറങ്ങി വന്നാൽ ഇപ്പോൾ പൊരിച്ചു തരാമെന്ന് പറ്റിക്കുന്ന വെയിൽ കുളിർത്ത പകലിന്റെ പുറത്ത് നേർത്ത ആവരണം പോലെ കിടന്നു.

റിയാസ് ടെലിവിഷൻ കാഴ്ചകളിൽ കണ്ണും നട്ടിരുന്നു. ഫ്രാൻസിന് മീതെ ചുമന്ന പുക... ഗുമഗുമ തടിച്ച് കൊഴുക്കുന്നത് നോക്കി സൂര്യകാന്തി ചായ തിളപ്പിച്ചു. മഞ്ഞനിറമുള്ള ഉടയാത്ത കപ്പിൽ മോനുള്ള

പാലൊഴിച്ചു. മുകളിലേക്കുന്തി വരുന്ന ശർദ്ദിലിനെ  തടുക്കാൻ ഓട്സും ഉണക്കമുന്തിരിയും സൂര്യകാന്തി കുരുക്കളും നിറഞ്ഞ ഗ്രനോലബാർ കടിച്ചും ചായകുടിച്ചും അവൾ ജനലിനരികിലുള്ള സോഫയിൽ ചാരിക്കിടന്ന് വീട്ടിലേക്ക് സ്കൈപ്പിൽ വിളിച്ചു.

"ഇവിടെയൊക്കെ അസഹിഷ്ണുതയാ മോളെ..." വിശേഷം ചോദിച്ചപ്പോൾ അമ്മാമ്മ ശബ്ദം താഴ്ത്തിപ്പറഞ്ഞു.

"അസഹിഷ്ണുതയോ..." സൂര്യകാന്തി ചിരിച്ചു.

"മോളൊന്നുമറിഞ്ഞില്ലേ? അസഹിഷ്ണുത കാരണം ആളോളൊക്കെ നാട് വിടാൻ പൂവ്വാത്രെ..."

ഇപ്പോൾ ഹോർമോണുകൾ സൂര്യകാന്തിയെ ഒരു കരച്ചിലിന്റെ വക്കത്ത് കൊണ്ട് നിർത്തി.

അസഹിഷ്ണുത എന്ന വാക്ക് താനെന്നാണ് ആദ്യമായി കേട്ടത് എന്ന് സൂര്യകാന്തി ഓർത്തു.

റാനാണ് സൂര്യകാന്തിക്ക് തോന്നിയത്. പക്ഷെ അതിന് ധൈര്യമില്ല. പകരം ചെയ്തതോ, എന്നത്തേയും പോലെ ഉച്ചക്ക് ഓടി തിമർത്ത് വിയർത്തൊലിച്ച് രതീഷ് അടുത്ത് വന്നിരുന്ന് ചോറ്റുപാത്രം തുറന്നപ്പോൾ "ഈ രതീഷിന്റെ വിയർപ്പ് നാറ്റം കാരണം എനിക്ക് ഊണ് കഴിക്കാൻ പറ്റ്ണില്ല" എന്ന് ജോസഫ് മാഷിനോട് പരാതി പറഞ്ഞു.

രതീഷിന്റെ മുഖം ചോര വറ്റി ഒന്നും എഴുതാത്ത ഉത്തരക്കടലാസ് പോലെയായി.

"കുട്ടികളായാൽ ഓടും ചാടും... വിയർക്കും. അതത്ര കാര്യാക്കാനില്ല. അത് മനുഷ്യന്റെ മണമാണ് സൂര്യകാന്തി" ജോസഫ് മാഷ് ചിരിച്ചു.

"അപ്പോൾ അവനെന്റെ സ്കേൽ ഒടിച്ചതോ?" കരച്ചിലും ദേഷ്യവും കൂടിക്കുഴഞ്ഞ് വല്ലാത്തൊരു കൊഴുപ്പ് സൂര്യകാന്തിയുടെ ചെറിയ തൊണ്ടയിലേക്ക് തള്ളി വന്നു.

രിക്കും അസഹിഷ്ണുതയുടെ അർത്ഥം ലോകം സൂര്യകാന്തിയെ പഠിപ്പിച്ചത് റിയാസിനെ പ്രണയിച്ചപ്പോഴാണ്.

"മോളെ നിനക്ക് കുഴപ്പൊന്നുല്ല്യല്ലോ..." അമ്മാമ്മയുടെ പിന്നിൽ വന്നു നിന്ന് അമ്മ സൂര്യകാന്തിയോട് ചോദിച്ചു.

"നേരത്തിനും കാലത്തിനും വല്ലതും കഴിക്കുന്നുണ്ടോ നീ..."

"ഞാൻ കഴിക്കിണ്ട്..."

"ഇന്നലെ വാഴക്കൊടപ്പൻ ഉപ്പേരി വെച്ചപ്പോൾ നിന്റെ കാര്യം പറഞ്ഞേള്ളൂ."

"ഇവിടെ ചൈനക്കടേല് കിട്ടും കൊടപ്പനൊക്കെ. അമ്മ വിഷമിക്കണ്ട"

"ഇക്രുവെവിടെ?"

"അവനവിടെ പാലും പിടിച്ചിരിക്കിണ്ട്. ഞാനൊന്നു ഒച്ച വെച്ചില്ലെങ്കിൽ ഉച്ച വരെ ആ ഇരുപ്പിരിക്കും"

"റിയാസ് മോന് സുഖല്ലേ"

"നല്ല സുഖം.... ജോലി കഴിഞ്ഞു വന്നാ ഫോണിൽക്കോ ടീ

**ചന്ദ്രേട്ടൻ മകൻ രതീഷ് യാതൊരു വിധ ദയാദാക്ഷിണ്യവുമില്ലാതെ സൂര്യകാന്തിയുടെ സ്കേൽ ഒടിച്ചു.  അച്ഛൻ റാസൽകൈമയിൽ നിന്നും കൊടുത്തയച്ച പുത്തൻ സ്കേൽ ഒടിഞ്ഞ് കിടക്കുന്നത് കണ്ട് സൂര്യകാന്തിയുടെ നെഞ്ച് പൊട്ടുന്നത് പോലെയായി. അതിലെ അനക്കുമ്പോൾ മാറുന്ന തിളങ്ങുന്ന ചിത്രങ്ങൾക്ക് കണ്ട് അവൾക്ക് കൊതി തീർന്നിട്ടില്ല.**

നാലാംക്ലാസ്സിൽ പഠിക്കുമ്പോൾ ജോസഫ് മാഷിന്റെ വായിൽ നിന്നാണ് അത് വീണുകിട്ടിയത്.

ചന്ദ്രേട്ടന്റെ മകൻ രതീഷ് യാതൊരു വിധ ദയാദാക്ഷിണ്യവുമില്ലാതെ സൂര്യകാന്തിയുടെ സ്കേൽ ഒടിച്ചു.  അച്ഛൻ റാസൽ കൈമയിൽ നിന്നും കൊടുത്തയച്ച പുത്തൻ സ്കേൽ ഒടിഞ്ഞ് കിടക്കുന്നത് കണ്ട് സൂര്യകാന്തിയുടെ നെഞ്ച് പൊട്ടുന്നത് പോലെയായി. അതിലെ അനക്കുമ്പോൾ മാറുന്ന തിളങ്ങുന്ന ചിത്രങ്ങൾ കണ്ട് അവൾക്ക് കൊതി തീർന്നിട്ടില്ല.

പൊട്ടിയ സ്കേലിന്റെ മൂർച്ച കൊണ്ട് അവന്റെ മുഖത്ത് കോ

"ഇവൾക്കെപ്പോഴും പേർഷ്യക്കാരന്റെ മോളാന്നൊള്ള പൗറാ... ഞാൻ അതിലെ ചിത്രമൊന്നു നോക്കി ചോയ്ച്ചിട്ട് തന്നില്ല." രതീഷും വിട്ട് കൊടുക്കാൻ ഭാവമില്ല.

"കുട്ടികളെ.... നിങ്ങളിങ്ങനെ നിസ്സാരകാര്യങ്ങൾക്ക് അസഹിഷ്ണുത കാണിച്ചാൽ... എന്താകും... നമ്മുടെ ക്ലാസ്സിന്റെ സ്ഥിതി? നമ്മുടെ നാടിന്റെ സ്ഥിതി? പരസ്പരം സ്നേഹിച്ചും സഹകരിച്ചും സഹിഷ്ണുതയോടെ കഴിയേണ്ടവരാണ് നിങ്ങൾ. നാളത്തെ പൗരന്മാർ."

അസഹിഷ്ണുത ചീത്തകാര്യമാണെന്ന് സൂര്യകാന്തിയും രതീഷും അന്നു പഠിച്ചു. പക്ഷെ ശ

വീൽക്കോ കേറിയങ്ക്ട്  പോകാം. തോന്ന്യേതൊക്കെ കഴിക്കാം. ഇഷ്ടം പോലെ ഉറങ്ങാം." സൂര്യകാന്തി ലിവിങ് റൂമിലേക്ക് കേൾക്കാൻ പാകത്തിന് പറഞ്ഞു.

'നീ അവനെ കുറ്റം പറയണ്ട. അവനായിട്ടാ നിന്റെ ഈ കുറുമ്പൊക്കെ സഹിക്കണേ... പാവം... അവന്റെ ഉപ്പ അവനോട് മിണ്ടീട്ട് എത്ര കൊല്ലായി. ഒക്കെ നിനക്ക് വേണ്ടീട്ടല്ലേ."

വയറ്റിൽ നിന്നും നെഞ്ചിലേക്ക് ഗ്യാസ് കയറി നിന്നു അവളെ വീർപ്പുമുട്ടിച്ചു.

'പിന്നെന്താ... അമ്മേ" സൂര്യകാന്തി ചോദിച്ചു.

'പിന്നെ... പിന്നെ... പിന്നെ" നാടിന്റെ വിശേഷങ്ങൾ മുഴുവൻ

വിഴുങ്ങാനുള്ള ആർത്തിയോടെ സൂര്യകാന്തി ചോദിച്ചുകൊണ്ടേയിരുന്നു.

'തെങ്ങു കേറീട്ട് മാസം മൂന്നായി. ആളു വരണ്ടേ? കുട്ട്യോളെ മുറ്റത്തിക്ക് വിടാൻ തന്നെ പേടിയാ... എപ്പഴാ... ഓലമെടല് വീഴാന്നറിയില്ല."

"പഴയ പോസ്റ്റ്മാനില്ലേ... അന്തോണിചേട്ടൻ... കഴിഞ്ഞ ബുധനാഴ്ച മരിച്ചു. പാവം... കിടപ്പായിരുന്നു."

"നിന്റെ കൂടെ പഠിച്ച കുട്ടിയില്ലേ... മേപ്പുറത്ത് വീടുള്ള... ആ ബെറ്റി തന്നെ. അതൊരു ദൂസം നമ്മടോടെ വന്നിരുന്നു. അവൾക്ക് നാലു കുട്ട്യോളാ...."

"തെക്കേൽത്തെ ഐശുമ്മ ഒന്നു വീണു. കയ്യൊടിഞ്ഞ് ഇരിക്ക്യാ. മോൾടോടെ പൂവ്വാൻ ഒരുങ്ങി മിറ്റത്തിക്കിറങ്ങ്യേതാ. ആളോഹ പോലത്തെ കുപ്പായല്ലേ്യ... എന്താത്. ബുർക്കയോ. തട്ടി തടഞ്ഞു പടീമെ വീണു."

"ഐശുമ്മ ബുർക്കയൊക്കെ ഇടാൻ തുടങ്ങ്യോ"

"പിന്നേ... ഇപ്പ എല്ലാരും അതല്ലേ. വഴീ വെച്ച് കണ്ടാ ചെലപ്പോ പരിചയക്കാരെ പോലും മനസ്സിലാവില്യ." അമ്മ ചിരിച്ചു.

"വല്ല്യേട്ടനവിടില്ല്യേ..." സൂര്യകാന്തി അന്വേഷിച്ചു.

"അവന് വീട്ടിലിരിക്കാൻ നേരംണ്ടോ? എവിടെയെങ്കിലും കാണും എന്തെങ്കിലും പരിപാടി... എലക്ഷൻ കഴിയണ വരെ എന്നും ബീഫ് ഫെസ്റ്റായിരുന്നു."

"വല്ല്യേട്ടൻ വീണ്ടും ബീഫൊക്കെ കഴിക്കാൻ തൊടങ്ങ്യോ?"

"ഒന്നും പറയണ്ടെന്റെ കാന്ത്യേ... അന്ന് നെഞ്ച് വേദന വന്നേ പിന്നെ മൂപ്പരുടെ ബീഫും പറോട്ട്യേം നിർത്തിച്ചാ. ഇപ്പെന്നും ബീഫ് ഫെസ്റ്റാ. നമ്മടെ അടുക്കളേലും നടത്തി ഒരെണ്ണം. വേണ്ടാന്നു പറഞ്ഞേനു എന്ന് ഫാഷിസ്റ്റ്ന്നു വിളിച്ചു മൂപ്പര്...", അടുക്കളയിൽ നിന്നോടി വന്നു മഞ്ജു വേടത്തി എപ്പോഴത്തേയും പോലെ മുഖം വിടർത്തി ചിരിച്ചു.

"മറ്റുള്ളോർ എന്ത് കഴിക്കണം കഴിക്കരുത് എന്നൊക്കെ തീരുമാനിക്കുന്നോര് ഫാഷിസ്റ്റുകളാത്രെ. അങ്ങന്യാച്ചാ മൂപ്പരുടെ ഡോക്ടറാ ഏറ്റവും വല്യ ഫാഷിസ്റ്റ്."

"നിനക്കറിഞ്ഞൂടെ... അച്ഛനും നിങ്ങക്കും ഇണ്ടാക്കി തരാന്നല്ലാണ്ട്... ഞാനീ സാധനം ഉപ്പ് പോലും നോക്കാറില്ല. അമ്മയാണെങ്കി ചെറുമീനല്ലാണ്ട് വേറൊരു വകേം തിന്നാറില്ല. അവനുണ്ടാക്കിയ ബീഫ് കഴിക്കാത്തേന് അവനിപ്പോ ഞങ്ങളെ രണ്ടാളേം സങ്കികളെന്നാ വിളിക്കണേ..." അമ്മ സാരി തലപ്പ് ഉയർത്തി വായ പൊത്തി ചിരിച്ചു.

അമ്മയുടെ ചിരി കണ്ടപ്പോൾ അമ്മയെ കെട്ടിപ്പിടിക്കണമെന്ന് തോന്നി സൂര്യകാന്തിക്ക്.

"അതൊന്നുമല്ല... പൂരം. ഇവ്ടെ ബീഫ് വെച്ചേന്റെ പിറ്റേന്ന് വടക്കേലേ രതീഷും കൂട്ടുകാരും കൂടി പോർക്ക് വരട്ടി. പാവം ചന്ദ്രേട്ടൻ. ഇത് വല്ലതും ശീലണ്ടോ. അതിനേയും നിർബന്ധിച്ച് കഴിപ്പിച്ചു അവൻ."

"രതീഷോ?"

"പിന്നേ അവനിപ്പൊ വല്ല്യ നേതാവല്ലേ! ചോന്ന കുറീം തൊട്ടല്ലേ നടപ്പ്. ഇവടക്ക് വരലില്ല നിന്റെ കല്യാണത്തിന് എതിർപ്പായിരുന്നല്ലോ അവന്. അതിന് സുഖക്കുറവുണ്ട്."

അപ്പോൾ ജോസഫ് മാഷ് പഠിപ്പിച്ചതൊന്നും സൂര്യകാന്തിയോടൊപ്പമിരുന്ന് പഠിച്ചില്ലേ രതീഷ്?

അടുത്ത അവധിക്ക് വരുമ്പോൾ രണ്ട് സ്കേൽ കൊണ്ടുവരണമെന്ന് സൂര്യകാന്തി അച്ഛനെഴുതിയതും വിയർത്ത് കുളിച്ചിരുന്ന അവന്റെ അരികിലിരുന്ന് സൂര്യകാന്തി സന്തോഷത്തോടെ ഊണ് കഴിച്ചിരുന്നതും അവൻ മറന്നു പോയോ?

"പിന്നെ സുഹറേടെ മോന് കാനഡയിൽ പഠിക്കാനുള്ളതൊക്കെ ശരിയായിട്ടുണ്ട്. നീ അവിടെ ഒള്ളതാ സുഹറയ്ക്കാകെയൊരു സമാധാനം. എന്താ വേണ്ടതെന്ന് വെച്ചാ നീ ചെയ്തു കൊടുക്കണം... നീ നാള്യോ മറ്റന്നാളോ... അവരെയൊന്നു വിളിച്ചോ.

ഐശുമ്മാക്കും സന്തോഷാവട്ടെ..."

"വിളിക്കാ അമ്മേ..."

"ഹലോ. മാഡം. നമ്മളൊക്കെ ഇവിടെയുണ്ടേ..." അനുജൻ അമ്മയെ തള്ളി മാറ്റി മുന്നോട്ട് വന്നു.

"എന്താഡാ നിന്റെ മുഖത്ത്.... പൂച്ച പെറ്റു കിടന്ന് എണീറ്റ് പോയ പോലുണ്ടല്ലോ"

"നൊ ഷേവ് നവംബർ. ഇതൊന്നും അറിയില്ലേ കാനഡക്കാരിക്ക്?"

കാനഡയിലൊക്കെ ഡിസംബറായി. "എന്നാലും ഇരിക്കട്ടെ എന്റെ സിസ്."

"ഹും അതവിടെ എത്ര കാലമിരുന്നാലും വലിയ പുരോഗതിയുണ്ടാവുമെന്ന് തോന്നുന്നില്ല ബ്രോ." മഞ്ചുവേടത്തി ചപ്പാത്തി ചുട്ട് നിറച്ച് കാസറോളുമായി ഡൈനിംഗ്ടേബിളിലേക്ക് നടക്കുമ്പോൾ വിളിച്ച് പറഞ്ഞു.

"അല്ല സിസ്... കാനഡയിലെ കോളേജിൽ ആൺകുട്ടികളും പെൺകുട്ടികളും അടുത്തടുത്തി

**"പിന്നെ... പിന്നെ... പിന്നെ" നാടിന്റെ വിശേഷങ്ങൾ മുഴുവൻ വിഴുങ്ങാനുള്ള ആർത്തിയോടെ സൂര്യകാന്തി ചോദിച്ചുകൊണ്ടേയിരുന്നു.**
**"തെങ്ങു കേറീട്ട് മാസം മൂന്നായി. ആളു വരണ്ടേ? കുട്ട്യോളെ മുറ്റത്തിക്ക് വിടാൻ തന്നെ പേടിയാ... എപ്പഴാ... ഓലമെടല് വീഴാന്നറിയില്ല."**

രുന്നല്ലേ പഠിക്കണേ..?"

"ആണെങ്കിൽ...?"

"ഒരു മാറ്റത്തിന് സമയമായി സിസ്. അടുത്തടുത്തിരുന്ന് പഠിക്കാനുള്ള അവകാശത്തിന് വേണ്ടി ഞങ്ങളും സമരം ചെയ്യാൻ ആലോചിക്ക്യാ..."

"അടുത്ത് ഇരുന്നാലും അകന്നു ഇരുന്നാലും ഇവനൊക്കെ ഒന്നു പഠിച്ചു കണ്ടാൽ മതി എനിക്ക്..." അമ്മ കയ്യിൽ കൂട്ടാൻ പാത്രവുമായി പോകുന്ന പോക്കിൽ അനുജന്റെ തലക്ക് ഒരു കിഴുക്ക് കൊടുത്തു.

"എടാ... ഈ പെൺപിള്ളാരൊക്കെ രാവിലെ കുളിച്ചു ഒരുങ്ങി പഠിക്കാൻ വരണ ടീമാ. നീയൊക്കെ കുളിയും പല്ല് തേപ്പുമില്ലാതെ അവരുടെ അടുത്ത് ചെന്നിരുന്നു എന്തിനാഡാ... അവരുടെ പ്രാക്ക് കേക്കണേ..." സൂര്യകാന്തി രതീഷിനോട് തർക്കുത്തരം പറയുന്ന പഴയകുട്ടിയുടെ കുപ്പായമിട്ട് പൊട്ടിച്ചിരിച്ചു. 'ഇങ്ങനെ വേണ്ടതിനും വേണ്ടാത്തതിനും അട്ടഹസിച്ചിട്ടാണ്... ചേച്ചി വീർത്ത് വീപ്പക്കുറ്റി പോലെ ആവുന്നത്." എന്ന് അവൻ തിരിച്ചടിച്ചു.

"നമ്മുടെ അമ്മാമ്മയെ കണ്ടില്ലേ. ഈ പ്രായത്തിലും സ്ലിം ബ്യൂട്ടിയായിരിക്കണത്."

അവൻ സൂര്യകാന്തിയുടെ കൈകൾ കൊണ്ട്, തിരക്ക് പിടിച്ചൊരു റോഡിന്റെ നടുക്ക് എത്തിപ്പെട്ടത് പോലെ ഇരിക്കുന്ന അമ്മാമ്മയെ കെട്ടിപ്പിടിച്ചു. അമ്മാമ്മയെ തൊടാതെ തൊട്ട നിമിഷം അവളുടെ അടിവയറ്റിലൊരു കുഞ്ഞു തിരയിളകി മറഞ്ഞു.

സ്കൈപ്പിൽ നിന്നും ലോഗ് ഔട്ട് ചെയ്തതും ആളും ആരവവും ഒഴിഞ്ഞ പൂരപ്പറമ്പ് പോലെയായി സൂര്യകാന്തി.

ഇക്കുറി മഞ്ഞ് ഇല്ലെന്ന് കോക്രി കാട്ടുന്ന ഡിസംബറിന്റെ വെള്ള വെയിൽ ഇഴഞ്ഞെത്തുന്ന ലിവിങ് റൂമും... ഇനിയും പാൽ കുടിച്ച് തീർക്കാത്ത മകനും ടെലിവിഷനിൽ നിന്നും കണ്ണെടുക്കാത്ത റിയാസും എല്ലാം നരച്ച

**"എടാ... ഈ പെൺപിള്ളാരൊക്കെ രാവിലെ കുളിച്ചു ഒരുങ്ങി പഠിക്കാൻ വരണ ടീമാ. നീയൊക്കെ കുളിയും പല്ല് തേപ്പുമില്ലാതെ അവരുടെ അടുത്ത് ചെന്നിരുന്നു എന്തിനാഡാ... അവരുടെ പ്രാക്ക് കേക്കണേ..." സൂര്യകാന്തി രതീഷിനോട് തർക്കുത്തരം പറയുന്ന പഴയകുട്ടിയുടെ കുപ്പായമിട്ട് പൊട്ടിച്ചിരിച്ചു. "ഇങ്ങനെ വേണ്ടതിനും വേണ്ടാത്തതിനും അട്ടഹസിച്ചിട്ടാണ്... ചേച്ചി വീർത്ത് വീപ്പക്കുറ്റി പോലെ ആവുന്നത്." എന്ന് അവൻ തിരിച്ചടിച്ചു.**

ചിത്രങ്ങളായി അവളുടെ മുൻപിൽ വെറുങ്ങലിച്ചിരുന്നു.

ഫ്രിഡ്ജിൽ നിന്നും ഒരു കൈ ബ്ലൂബെറി വാരിയെടുത്ത് ടെലിവിഷൻ ചാലിലൂടെ വഴിതെറ്റി സിറിയൻ അഭയാർഥി ക്യാമ്പിൽ ചെന്ന് കയറി സൂര്യകാന്തി. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കാണുന്ന തലയിലേക്ക് മുഷിഞ്ഞ തുണിയും മുഖത്തേക്ക് നിസ്സഹായതയും വലിച്ചിട്ടിരിക്കുന്ന അമ്മമാരെയും കമ്പിവേലിയിൽ തൂങ്ങി കളിക്കുന്ന പേടിച്ച കണ്ണുകളുള്ള കുഞ്ഞുങ്ങളേയും വീണ്ടും കണ്ടു. നിറവയറുള്ള ഒരു യുവതി ആൾക്കൂട്ടത്തിൽ നിന്നും അകന്ന് ശൂന്യമായ കണ്ണുകളോടെ ഇരുന്നു. അവൾ സൂര്യകാന്തിയുടെ കൈക്കുള്ളിലെ ബ്ലൂബെറിയിലേക്ക് നോക്കി. പിന്നെ വരണ്ട കൈവിരലുകൾ അവൾക്ക് നേരെ നീട്ടി. സൂര്യകാന്തി ഞെട്ടി പുറകിലേക്ക് നീങ്ങി.

"നിന്റെ ട്രൂഡോ... പണി തുടങ്ങിയല്ലോ..."

സൂര്യകാന്തി സോഫയിലിരുന്ന് അമ്പരന്ന കണ്ണുകൾ കൊണ്ട് റിയാസിനെ നോക്കി.

"എന്റെ ട്രൂഡോയോ....?"

"പിന്നെ... നീയൊക്കെ അല്ലേ ലിബറലിന് വോട്ട് ചെയ്ത്.. ആളെ കേറ്റി ഇരുത്തിയത്?

ആദ്യത്തെ ബാച്ച് അഭയാർത്ഥികൾ സിറിയയിൽ നിന്ന് ഇപ്പൊ ഇങ്ങെത്തും..."

"അതിന്?...." സൂര്യകാന്തി മിഴിച്ച ഇരുന്ന് തുടർന്നു.

"എന്തൊക്കെ പ്രോബ്ലംസാ വരാന്ന് കണ്ടറിയാം."

സൂര്യകാന്തി വീണ്ടും അവിശ്വസനീയതയോടെ റിയാസിനെ നോക്കി കണ്ടു. "ഇവിടെ നിന്നാൽ ശരിയാവില്ല സൂര്യ. നമ്മടെ... ജീവിതം... നമ്മടെ കുട്ട്യോൾടെ ജീവിതം.... ഒന്നും ശരിയാവില്ല. പോണം എങ്ങോട്ടെങ്കിലും. ദൂരെ ദൂരെ. ജാതിയും മതവും ഒന്നുമില്ലാതെ ജീവിക്കാൻ പറ്റുണോടത്തേക്ക്..." ഇങ്ങനെ പറഞ്ഞ ഒരു ചെറുപ്പക്കാരനെ സൂര്യകാന്തിക്ക് അറിയാമായിരുന്നു. ഇപ്പോൾ അയാൾ എവിടെ യാണ്? അയാളുടെ കണ്ണുകളിലെ ആത്മവിശ്വാസം എവിടെ പോയി?

റിയാസിന്റെ തവിട്ട് കൺമണികളിൽ പേടി കണ്ടു സൂര്യകാന്തി. റിയാസ് പേടിക്കുന്നത് സ്വന്തം പേരിനെ തന്നെയാണെന്ന് സൂര്യകാന്തിക്ക് തോന്നി. ആ പേടി സൂര്യകാന്തിയിലേക്ക് പടർന്നു കയറിയ നിമിഷം കോളിങ്ങ് ബെൽ കിലുങ്ങി. മൂന്നുസ്ത്രീകൾ ആകൃതിയിൽ വരച്ചെടുത്ത ചുണ്ടുകൾ വളച്ച് ഭംഗിയുള്ള ചിരികൾ സൂര്യകാന്തിക്ക് കൊടുത്തു.

സിറിയയിൽ നിന്നും വരുന്ന അഭയാർത്ഥികൾക്കായി അവശ്യ വസ്തുക്കൾ ശേഖരിക്കുകയാണ് അവരെന്ന് പറഞ്ഞു... അവരെ... അല്ലെങ്കിൽ അവരെ പോലുള്ളവരെ കഴിഞ്ഞ ദിവസങ്ങളിൽ സൂര്യകാന്തി വാർത്തകളിൽ കണ്ടിരുന്നു. അവർക്കെല്ലാം നല്ല തെളിഞ്ഞ വെള്ളം പോലുള്ള മുഖങ്ങ

ളുണ്ടായിരുന്നു. പക്ഷെ റിയാസിന്റെ തവിട്ട് കണ്മണികളിൽ ഇരുണ്ട ഭീതി സൂര്യകാന്തിയിലൂടെ ആകമാനം നീറിപ്പടർന്നുകൊണ്ടിരുന്നു. വിടർന്ന പൂ പോലുള്ള കണ്ണുകളുള്ള കുട്ടികളുടെ ഇടയിലേക്ക് കയറി വന്ന ഒരാൾ വെടിയുണ്ടകൾ കൊണ്ട് ചുമന്ന ചായം പൂശിക്കൊണ്ടിരുന്നു.

ബസ്സിൽ അരികിൽ വന്നിരുന്ന മഞ്ഞുകാലം പോലെ നിസ്സംഗനായ ഒരാൾ.

അയാളോടൊപ്പം പലതായി ചിതറുമ്പോൾ എസ്. ജാനകി "സൂര്യകാന്തീ സൂര്യകാന്തീ സ്വപ്നം കാണുവതാരേ" എന്ന് ചിതറിത്തെറിച്ച ശബ്ദത്തിൽ സൂര്യകാന്തിയോട് ചോദിച്ചുകൊണ്ടിരുന്നു.

നിറവയറുള്ള യുവതി ബ്ലൂബെറിക്കായി കൈനീട്ടിക്കൊണ്ടിരുന്നു. കമ്പിയിൽ തൂങ്ങിക്കളിക്കുന്ന കുട്ടികളുടെ പേടിക്കണ്ണുകളിൽ നിസ്സഹായതയുടെ തണുപ്പ് പെറ്റുപെരുകിക്കൊണ്ടിരുന്നു.

തെളിഞ്ഞ മുഖമുള്ള പെണ്ണുങ്ങൾ സൂര്യകാന്തിക്ക് മുന്നിൽ നിന്നു.

സൂര്യകാന്തി തിരിഞ്ഞ് പിന്നിൽ നിൽക്കുന്ന റിയാസിനെ നോക്കി. റിയാസ് സൂര്യകാന്തിയേയും.

സൂര്യകാന്തി അകത്തേക്ക് നടന്നു. മകനായി വാങ്ങിയ പുതിയ സ്നോബൂട്സും ചുമന്ന മിറ്റൻസും എടുത്തു. പുതിയ ആൾക്കായി തുന്നിവെച്ച ഇളംനിറമുള്ള കമ്പിളിഉടുപ്പുകളും എടുത്തു. വേഗം തെളിഞ്ഞ മുഖമുള്ള പെണ്ണുങ്ങളുടെ കയ്യിലേക്ക് വെച്ചുകൊടുത്തു

"എന്താ പരിപാടി?"

റിയാസ് ചോദിച്ചു. "പുറത്തൂന്ന് എന്തെങ്കിലും വാങ്ങി കൊണ്ടുവരട്ടെ?"

"വേണ്ട...ഞാനുണ്ടാക്കാം..." സൂര്യകാന്തി അടുക്കളയിലേക്ക് നടന്നു.

കിച്ചൻസിങ്കിൽ തണുപ്പ് വിടാൻ വെച്ച ചാള കയ്യിലെടുത്തപ്പോൾ അവൾക്ക് വീണ്ടും ഓക്കാനം വന്നു.

**സൂര്യകാന്തി വീണ്ടും അവിശ്വസനീയതയോടെ റിയാസിനെ നോക്കി കണ്ടു. ""ഇവിടെ നിന്നാൽ ശരിയാവില്ല സൂര്യ. നമ്മടെ... ജീവിതം... നമ്മടെ കുട്ട്യോൾടെ ജീവിതം.... ഒന്നും ശരിയാവില്ല. പോണം എങ്ങോട്ടെങ്കിലും. ദൂരെ ദൂരെ. ജാതിയും മതവും ഒന്നുമില്ലാതെ ജീവിക്കാൻ പറ്റുണോടത്തേക്ക്..." ഇങ്ങനെ പറഞ്ഞ ഒരു ചെറുപ്പക്കാരനെ സൂര്യകാന്തിക്ക് അറിയാമായിരുന്നു. ഇപ്പോൾ അയാൾ എവിടെയാണ്? അയാളുടെ കണ്ണുകളിലെ ആത്മവിശ്വാസം എവിടെ പോയി?**

"ഞാൻ ശരിയാക്കാം..." പതിവില്ലാത്തൊരു ശബ്ദം അടുക്കളയിൽ മുഴങ്ങി. ടി.വി ഓഫ് ചെയ്തുവെച്ച് റിയാസ് പോർച്ചുഗീസുകാരൻ വലവീശിപ്പിടിച്ച ചാള നൂറു സംശയങ്ങളുടെ അകമ്പടിയോടെ വെടുപ്പാക്കാൻ തുടങ്ങി.

സൂര്യകാന്തി അമേരിക്കക്കാരന്റെ അരി അടുപ്പത്ത് വേവാൻ വെച്ചു. ഡൊമിനിക്കയിൽ നിന്നുള്ള പച്ചമുളകും ഇന്ത്യയിൽ നിന്നുള്ള ചുമന്നുള്ളിയും ചൈനക്കാരന്റെ വെള്ളുള്ളിയും നൈജീരിയക്കാരന്റെ ഇഞ്ചിയും  അരിഞ്ഞുവെച്ചു. തൈലാന്റിൽ നിന്നുള്ള തേങ്ങപ്പാലൊഴിച്ച് മീൻകൂട്ടാൻ വെച്ചു

അർജന്റീനക്കാർ നട്ടുനനച്ചുണ്ടാക്കിയ ബ്ലൂബെറികൾ ദഹിച്ചു കഴിഞ്ഞുവെന്ന് കുഞ്ഞുകാലുകൾ ഇളക്കി ഒരാൾ സൂര്യകാന്തിയോട് പറഞ്ഞു. അറബിയുടെ മധുരിക്കുന്ന ഈന്തപ്പഴങ്ങൾ ഇട്ട് കൊടുത്ത് സൂര്യകാന്തി കുഞ്ഞുകുറുമ്പിനെ അടക്കി നിർത്തി. റിയാസ് ബ്രസീലിൽ നിന്നെത്തിയ ബീഫ് ചെറിയ കഷ്ണങ്ങളായി നുറുക്കുമ്പോൾ ഫ്രിഡ്ജിൽ നിന്നും ശ്രീലങ്കക്കാരന്റെ മുരിങ്ങയില നുള്ളിവെച്ചത് എടുത്ത് സൂര്യകാന്തി തോരൻ വെച്ചു.

കാനഡയുടെ മണ്ണിൽ കൃഷി ചെയ്തെടുത്ത വെള്ള സവോളകൾ നുറുക്കി കനോല എണ്ണയിൽ മറ്റനേകം രാജ്യങ്ങളിൽ നിന്നെത്തിയ മസാലക്കൂട്ടുകൾ ചേർത്ത് സൂര്യകാന്തി ബീഫ് വരട്ടിയെടുത്തു.

റിയാസ് പാക്കിസ്ഥാനിയുടെ മാമ്പഴമരിഞ്ഞ് വെച്ചു. സൂര്യകാന്തി ഒരു മാമ്പഴപ്പുളിശ്ശേരി ഉണ്ടാക്കി.

അസഹിഷ്ണുതയേതുമില്ലാതെ എല്ലാവരും ഉണ്ണാനിരുന്നു.

"എനിക്ക് ഹോട്ട്ഡോഗ് വേണം..."അപ്പോൾ ഇക്രു പറഞ്ഞു.

സൂര്യകാന്തിക്ക് അരിശം വന്നു. "ഈ കൂട്ടാനൊക്കെയുള്ളപ്പോൾ പിന്നെന്തിനാ ഇപ്പോ ഒരു ഹോട്ട്ഡോഗ്?.."

"എനിക്ക് ഹേട്ട്ഡോഗ് വേണം..." മകൻ ചിണുങ്ങി.

'മിണ്ടാതിരുന്ന് ഊണ് കഴിച്ചേ... ഇക്രൂ... വെറുതെ കൊഞ്ചാൻ നിക്കണ്ട..." അസഹിഷ്ണുതയോടെ സൂര്യകാന്തി ഒച്ച വെച്ചു. മകൻ പേടിച്ച് മുഖം കുനിച്ച് ചോറിൽ ചിത്രം വരച്ചിരുന്നു. "രണ്ട് മിനിറ്റിന്റെ കാര്യല്ലേയുള്ളു... ഞാൻ വറുത്തുകൊടുക്കാം" എന്നു പറഞ്ഞ് റിയാസ് എണീറ്റു.

"നീയാണിവനെ വഷളാക്കണേ..." സൂര്യകാന്തി പറഞ്ഞത് റിയാസ് കേട്ടില്ലെന്ന് ഭാവിച്ചു.

ഫ്രിഡ്ജിൽ നിന്നും മേപ്പിൾ ലീഫിന്റെ പോർക്ക് സോസേജുകളെടുത്ത് വറുത്തു. ഇക്രുവിന്റെ പാത്രത്തിലേക്ക് വെച്ചുകൊടുത്തു. ഇക്രുവിന്റെ കണ്ണുകളിൽ സന്തോഷം നിറഞ്ഞു.

"വേഗം കഴിച്ചോ. നമുക്ക് ക്രിസ്തുമസ് ട്രീ ഡെക്കറേറ്റ് ചെയ്യണ്ടേ..." റിയാസ് പറഞ്ഞു.

*തൃശൂർകാരിയായ മായബാനർജി കാനഡയിൽ താമസിക്കുന്നു. 'സ്നേഹപൂർവ്വം അമ്മയ്ക്ക്', 'അലമേലു തുന്നുകയാണ്', 'ഗോമന്തലത്തെ മധുവിധു.', 'പിലോമിനയുടെ പന്നികൾ' എന്നിവ കൃതികൾ.*



# ആകാശം തന്നെ അതിര്



അനിത പണിക്കർ

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്ന് അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുണ്ട്. 'സാമൂഹ്യം' എന്ന വാക്ക് സമൂഹം എന്ന വാക്കിൽ നിന്നും വന്നതാണല്ലോ. സമൂഹം നിലകൊള്ളുന്നത് മനുഷ്യനെ പരിരക്ഷിക്കാനും, പരിപോഷിപ്പിക്കുവാനും.ഒരു മനുഷ്യനും ഒന്നിനും ഒറ്റക്ക് പൊരുതേണ്ട എന്നും, അവനേപ്പോലെതന്നെയുള്ള ധാരാളം ആളുകൾ അവന്റെ ചുറ്റുമുണ്ട് എന്നുമുള്ള ആശ്വാസമാണ് സമൂഹം മനുഷ്യനു നല്കുന്ന ഉറപ്പ്. ഒരു പ്രവാസിക്ക്, അവൻ എത്തിച്ചേരുന്ന സമൂഹത്തിന്റെ ഭാഗമാകണമെങ്കിൽ ആ സമൂഹത്തെ മനസ്സിലാക്കാൻ കഴിയണം. അതുപോലെ ആ സമൂഹത്തിലെ ചുറ്റുപാട്, ജീവിത രീതി, ഭാഷ ഇവയൊക്കെയുമായി ഇണങ്ങിച്ചേരാനും കഴിയണം. ഓരോ പ്രവാസിക്കും ഈ വെല്ലുവിളികൾ ഓരോ രീതിയിലാണ് അഭിമുഖീകരിക്കേണ്ടിവരിക.

നമ്മളെ കൈനീട്ടി സ്വീകരിച്ച നാടിനെപ്പറ്റിയും, നമ്മൾ വിട്ടുപോന്ന നാടിനെപ്പറ്റിയും വസ്തുനിഷ്ഠമായി അറിയണമെങ്കിൽ ഒരു പ്രവാസിയുടെ കണ്ണുകളിലൂടെതന്നെ നോക്കിക്കാണണം.

'അമേരിക്കൻ ഡ്രീം' അതായത് സാമ്പത്തിക ഭദ്രത, ഉന്നതി അതാണ് ഇവിടെ എത്തുന്ന ഓരോ പ്രവാസിയുടെയും ലക്ഷ്യം. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വിദ്യാഭ്യാസമുള്ളവനെന്നോ ഇല്ലാത്തവനെന്നോ എന്ന വ്യത്യാസം ഇല്ല, എല്ലാവരും ഇവിടെ എത്തുന്നത് ഒരേ ഒരു ലക്ഷ്യത്തോടെയാണ്. 'സ്കൈ ഈസ് ദി ലിമിറ്റ്' അതായത് ഉയരത്തിൽ

എത്തേണ്ടവർക്ക് ആകാശത്തോളം ഉയരാം എന്നതുതന്നെ. PepsiCo bpsS Chief Executive Officer ആയ ഇന്ദ്ര നൂയി തന്നെ ഇതിന്! ഉത്തമോദാഹരണം! വിജയിക്കുന്നവർക്ക് ദൈവാനുഗ്രത്തിന്റെയും ഭാഗ്യത്തിന്റെയും മാത്രമല്ല കഠിന പ്രയത്നത്തിന്റെയും ധാരാളം കഥകൾ പറയാനുണ്ടാവും. വിജയത്തിന്റെ ഓരോ പടികൾ കയറുമ്പോഴും ജീവിതത്തിൽ എന്തൊക്കെ ത്യാഗങ്ങളാണ് ചെയ്യേണ്ടി വന്നിട്ടുള്ളത് എന്നതും പറയാനുണ്ടാവും.

എന്റെ ജീവിതം കുട്ടനാട്ടിൽ നിന്നും പറിച്ചു നടപ്പെട്ടിട്ടുള്ളത് രണ്ടു പ്രാവശ്യമാണ്. ഒന്ന് വടക്കേ ഇന്ത്യയിലേക്ക്; രണ്ട് വടക്കേ അമേരിക്കയിലേക്ക് (USA). രണ്ടു പ്രാവശ്യവും ഒരു ഇണങ്ങിച്ചേരലിനു വലിയ ബുദ്ധിമുട്ടൊന്നും ഉണ്ടായിരുന്നില്ല.

പക്ഷേ ഇപ്പോഴും ദിവസം ഒരു നേരമെങ്കിലും അറിഞ്ഞോ അറിയാതെയോ ഭാഷ, സംസ്കാരങ്ങളിലുള്ള വിടവ്, ദിവസേന പഠിക്കുന്ന ജീവിത പാഠങ്ങൾ ഇതിലേതെങ്കിലുമൊന്നുമായിട്ടെങ്കിലും മല്ലിടാറുണ്ട്, നീണ്ട ഇരുപതു അമേരിക്കൻ വർഷങ്ങൾക്കു ശേഷവും!

ഞങ്ങൾ അമേരിക്കയിലേക്കു കുടിയേറുമ്പോൾ എന്റെ ഇളയ മകന് അഞ്ചു വയസ്സ്. അവനിപ്പോൾ 24 കഴിഞ്ഞു. 'ഒരു ഇമ്മിഗ്രന്റ്റ് ആയി ഇവിടെ വന്നപ്പോൾ നിന്റെ ഏറ്റവും വലിയ ചലഞ്ച് അഥവാ വെല്ലുവിളി എന്തായിരുന്നു' എന്ന് ഞാനവനോടു ചോദിച്ചു. ഒരു നിമിഷം പോലും ആലോചിക്കാതെ അവന്റെ മറുപടി വന്നു 'ഐ ഹാവ് ടു അഡാപ്റ്റ് ടു ബി ആക്സപ്റഡ്'. എല്ലാ പ്രവാസിയുടെയും അവസ്ഥ



ഇതുതന്നെ അല്ലേ? അഡാപ്റ്റ് ചെയ്യാൻ തയ്യാറല്ലാത്തവർ ഒറ്റപ്പെടുന്നു, പുറംതള്ളപ്പെടുകയും ചെയ്യുന്നു. അങ്ങിനെ പുറംതള്ളപ്പെടുന്നവർ ആ സമൂഹത്തെ തള്ളിപ്പറയാൻ ശ്രമിക്കുന്നതു സാധാരണം.

അക്കൗണ്ടിംഗിൽ മാസ്റ്റേർസ് ബിരുദവും, റീജനൽ എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഒരു കമ്പ്യൂട്ടർ ഡിപ്ലോമയുമായി ഇവിടെ വിമാനമിറങ്ങുമ്പോൾ എന്റെ മനസ്സിലും ധാരാളം ഡ്രീംസ് ഉണ്ടായിരുന്നു. ഇവിടെയുള്ള ഒരു ഇന്ത്യൻ ദേശസാൽകൃത ബാങ്കിന്റെ ന്യൂയോർക്ക് ശാഖയിൽ ക്ലറിക്കൽ ജോലിയായിരുന്നു എന്റെ ആദ്യത്തെ അമേരിക്കൻ ചവിട്ടുപടി. ഒന്നോ രണ്ടോ അമേരിക്കൻ ജോലിക്കാരൊഴികെ ബാക്കിയെല്ലാവരും ഇന്ത്യക്കാർ. രസകരമായിരുന്നു അവിടുത്തെ ജോലി. ബാങ്കിൽ കയറിയാൽ ഇന്ത്യയിലാണെന്നേ തോന്നൂ. ഭാഷ, ഭക്ഷണം, വസ്ത്രം, പിന്നെ ജോലിയുടെ രീതികളും ഒക്കെ തനി ഇന്ത്യൻ തന്നെ. ന്യൂയോർക്ക് സിറ്റിയുടെ മധ്യത്തിലുള്ള ആ ഓഫീസിന്റെ ജനാലയിലൂടെ ഞാൻ ഇടക്കിടക്ക് പുറത്തേക്കു നോക്കുമ്പോൾ റിസപ്ഷനിസ്റ്റ് ഉഷ ചേച്ചി ചോദിക്കുമായിരുന്നു, അനിത, ഇത് അമേരിക്ക തന്നെ എന്നുറപ്പുവരുത്തുകയാണോ എന്ന്. സത്യത്തിൽ അതങ്ങിനെതന്നെ ആയിരുന്നു..

അവിടെ ബാങ്കിലെ മാനേജർ കസേര ഒഴികെയുള്ള മറ്റെല്ലാ കസേരകളിലും ഞാൻ ഇരുന്നിട്ടുണ്ടാവും. ജോലി വിട്ടുപോയവരുടെയും, അവധി എടുത്തിരുന്നവരുടെയും ജോലികൾ തീർക്കാൻ വേണ്ടീട്ട്. ആരും അവിടെ സ്ഥിരമായി ജോലി ചെയ്യില്ലായിരുന്നു അത്രേ. ശമ്പളക്കുറവും, ജോലി സമയക്കൂടുതലും എന്ന് പിന്നാമ്പുറ വാർത്തകൾ കേട്ടിരുന്നു. ജോലിയുടെ കീഴ്വഴക്കങ്ങളും സൗത്ത് ഇന്ത്യൻ, നോർത്ത് ഇന്ത്യൻ തരംതിരിവും, പിന്നെ സർ, മാഡം വിളികളും, പരസ്പരം പാരവെക്കലുകളും, പുറംചൊറിയലും, പ്യൂൺ എന്ന സ്ഥാനവും എല്ലാം ഒരു മാറ്റവുമില്ലാതെ അമേരിക്കയിലും നടത്തിക്കൊണ്ടു പോകാൻ അന്നും അവർക്ക് കഴിഞ്ഞിരുന്നു. അമേരിക്കയിൽ പ്യൂൺ എന്ന ഒരു കോൺസെപ്റ്റേയില്ല. അതുപോലെതന്നെ സർ, മാഡം വിളികളും ഇല്ല. ബാങ്കിലെ ആറുമാസത്തെ ജോലി, ജീവിതത്തിൽ എന്നെ ഒരു

പൂച്ചയേപ്പോലെ സ്മാർട്ട് ആക്കി, അതായത്, ഏതുയരത്തിൽ നിന്നെടുത്തിട്ടാലും സ്വന്തം കാലുകളിൽ വന്നു നിൽക്കാൻ ഞാൻ പഠിച്ചു. സത്യത്തിൽ ആ കാലഘട്ട മായിരുന്നു എന്റെ അമേരിക്കൻ 'ആടു ജീവിത' കാലം!!

ഈ മാനേജർ പൊസിഷൻ കിട്ടിയതു വളരെ അപ്രതീക്ഷിതമായിരുന്നു. അപ്പോഴത്തെ ഐടി മാനേജർ വളരെ മിടുക്കിയായ ഒരു ആഫ്രിക്കൻ അമേരിക്കൻ സ്ത്രീ ആയിരുന്നു. അവരും, കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി എന്നും എന്തെങ്കിലും പറഞ്ഞു വാഗ്വാദത്തിൽ ഏർപ്പെടാറുണ്ടായിരുന്നു. ഒരു സുപ്രഭാതത്തിൽ, അവർ തന്റെ ബാഗുമെടുത്ത് 'ഐ ക്വിറ്റ്' എന്നും പറഞ്ഞ് ഒറ്റപ്പോക്കങ്ങുപോയി. അങ്ങനെ ഞങ്ങളുടെ ഐടി ഡിപ്പാർട്ട്മെന്റു നാഥനില്ലാക്കളരിയായി, എല്ലാം ചിതറപ്പെട്ട നിലയിലായി. ഐടിയിൽ പല ഡിപ്പാർട്ട്മെന്റുകളാണുള്ളത്. ജോലിയുടെ ആദ്യനാളുകളിൽ സമയം കിട്ടിയിരുന്നപ്പോളൊക്കെ ഐടിയിലെ മറ്റുള്ള ഡിപ്പാർട്ട്മെന്റുകളിൽ എന്തൊക്കെ നടക്കുന്നു എന്നറിയാൻ ഞാൻ അവർ ചെയ്യുന്ന ജോലികൾ ചോദിച്ചു മനസ്സിലാക്കാറും അവരെ സഹായിക്കാറും ഉണ്ടായിരുന്നു (ബാങ്കിലെ ആടു ജീവിതത്തിനു നന്ദി!).ആ അറിവുകൾ ഉപകരിച്ചതു മാനേജർ വിട്ടുപോയ ഈ അവസരത്തിലായിരുന്നു. എന്റെ ഉള്ളിലെ പൂച്ച വല്ലാതെ കരഞ്ഞു. എനിക്കെന്തു ചെയ്യാൻ പറ്റുമെന്നും, എങ്ങിനെ കമ്പനിയെ സഹായിക്കാൻ കഴിയുമെന്നും ചിന്തിച്ചു. ഐടിക്കുള്ളിലെ ഡിപ്പാർട്ടുമെന്റുകളുടെ ജോലികൾ ഞാൻ

**മാനേജ്മെന്റ് എന്റെ പ്രവർത്തികൾ ശ്രദ്ധിച്ചിരുന്നു എന്നു മനസ്സിലാവുന്നത് അടുത്ത കമ്പനിമീറ്റിങ്ങിൽ "എംപ്ളോയീ ഓഫ് ദി ഇയർ' അവാർഡ് എനിക്കാണെന്ന് അറിയിക്കുമ്പോളായിരുന്നു. അതിന്റെ കൂടെ പ്രോഗ്രാമിങ് മാനേജർ ആയി എനിക്ക് പ്രമോഷനും തന്നു. അർഹിക്കുന്നവർക്കു ആദരവു കൊടുക്കുന്ന അമേരിക്കൻ കൾച്ചർ ഞാനന്ന് ആദ്യമായി അനുഭവിച്ചറിയുകയായിരുന്നു. തൊലിയുടെ നിറമോ, ഏതു രാജ്യത്തിൽ നിന്നു കുടിയേറിയവരാണെന്നോ ആണോ പെണ്ണോ എന്നതോ അളവുകോലായി അവർ നോക്കിയില്ല. ബുദ്ധിയും സാമർത്ഥ്യവും മാത്രം പോരാ, നല്ല അവസരങ്ങൾ തിരിച്ചറിഞ്ഞു വിനിയോഗിക്കാനുള്ള വകതിരിവാണു ഉയർച്ചക്കുള്ള അടിസ്ഥാനം എന്ന പാഠം ഞാൻ പഠിക്കുകയായിരുന്നു.**

കോ-ഓർഡിനേറ്റ് ചെയ്യാൻ ശ്രമിക്കുകയും ഒരു പരിധിവരെ അതിൽ വിജയിക്കുകയും ചെയ്തു. വലിയ കുഴപ്പങ്ങളൊന്നും ഇല്ലാതെ മൂന്നുമാസം ഞങ്ങളുടെ ഡിപ്പാർട്ട്മെന്റ് മുന്നോട്ട് പോയി. മാനേജ്മെന്റ് എന്റെ പ്രവർത്തികൾ ശ്രദ്ധിച്ചിരുന്നു എന്നു മനസ്സിലാവുന്നത് അടുത്ത കമ്പനിമീറ്റിങ്ങിൽ 'എംപ്ളോയീ ഓഫ് ദി ഇയർ' അവാർഡ് എനിക്കാണെന്ന് അറിയിക്കുമ്പോളായിരുന്നു. അതിന്റെ കൂടെ പ്രോഗ്രാമിങ് മാനേജർ ആയി എനിക്ക് പ്രമോഷനും തന്നു.

അർഹിക്കുന്നവർക്കു ആദരവു കൊടുക്കുന്ന അമേരിക്കൻ കൾച്ചർ ഞാനന്ന് ആദ്യമായി അനുഭവിച്ചറിയുകയായിരുന്നു. തൊലിയുടെ നിറമോ, ഏതു രാജ്യത്തിൽ നിന്നു കുടിയേറിയവരാണെന്നോ ആണോ പെണ്ണോ എന്നതോ അളവുകോലായി അവർ നോക്കിയില്ല.

ബുദ്ധിയും സാമർത്ഥ്യവും മാത്രം പോരാ, നല്ല അവസരങ്ങൾ തിരിച്ചറിഞ്ഞു വിനിയോഗിക്കാനുള്ള വകതിരിവാണു ഉയർച്ചക്കുള്ള അടിസ്ഥാനം എന്ന പാഠം ഞാൻ പഠിക്കുകയായിരുന്നു.

ഒരു ടീം ലീഡർ എന്ന നിലയിൽ ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടായിരുന്നു തുടക്കത്തിൽ. നമ്മുടെ ടീമിന് നമ്മളെ വിജയിപ്പിക്കാനും പരാജയപ്പെടുത്താനും കഴിയും. എല്ലാ പ്രൊജെക്റ്റുകളുടെയും ആരംഭത്തിൽ ഒരു 'ബ്രയിൻ സ്റ്റോർമിങ്ങ്'മീറ്റിങ് വെക്കുക എന്റെ പതിവാണ്. ടീമിലെ എല്ലാ അംഗങ്ങളുടെയും അഭിപ്രായങ്ങൾ ചോദിച്ചറിയുക, നല്ല ഐഡിയകൾ കൊണ്ടുവരുന്നവരെ പ്രത്യേകം അഭിനന്ദിക്കുക. കൂടാതെ ബ്രേക്ഫാസ്റ്റ്, ലഞ്ച്, ഗിഫ്റ്റ് കാർഡ്, ജന്മദിനങ്ങളിൽ കേക്ക് വാങ്ങുക ഇങ്ങനെ പലതും

ചെയ്യാറുണ്ട് ടീമിലുള്ളവർക്ക് വേണ്ടി (ബഡ്ജറ്റില്ലെങ്കിൽ കൈയിൽ നിന്നും പൈസ മുടക്കിയും). ജോലിയിലുള്ള ആത്മാർത്ഥതയുടെ പാരിതോഷികമായി അവർ അർഹിക്കുന്നതാണ് ഇതൊക്കെ. അതുകൊണ്ടു തന്നെ ജോലിയിൽ എന്തു സഹായം എനിക്കു നൽകാനും അവർ മടി കാണിക്കാറില്ല.

ഓരോ ജോലി സ്ഥലത്തും പല രീതിയിലുള്ള വെല്ലുവിളികൾ ആണ് നേരിടേണ്ടി വന്നിട്ടുള്ളത്. എന്നാൽ ഒരിടത്ത് പോലും, നീ ഇന്ത്യൻ ആണെന്നോ, ഒരു സ്ത്രീ ആണെന്നോ പറഞ്ഞു മാറ്റി നിർത്തിയിട്ടില്ല എന്ന് പ്രത്യേകം എടുത്തു പറയട്ടെ. ജോലികൾ എനിക്കെന്നും 'പാഷൻ' ആയിരുന്നു. അതിൽ നിന്നുകിട്ടുന്ന സാമ്പത്തിക പ്രതിഫലം കഠിനാധ്വാനത്തിന്റെ ഒരു ബൈ പ്രോഡക്റ്റ മാത്രമായിരുന്നു, അന്നും ഇന്നും.

വാൾസ്ട്രീറ്റിലെ ഒരു വക്കീൽ ആഫീസിന്റെ ഐടി ഡയറക്ടർ ആയി ജോലി ചെയ്തിരുന്ന കാലഘട്ടമായിരുന്നു എന്റെ ജീവിതപുസ്തകത്തിലെ ഏറ്റവും മാനസികസംഘർഷം നിറഞ്ഞ ഏട്. മീറ്റിങ്ങുകളും, കോൺഫറൻസുകളും മറ്റുമായി ദിവസത്തിന്റെ പകുതിയിൽ കൂടുതൽ പോവും. അന്നത്തെ ജോലി തീർക്കണമെങ്കിൽ വളരെ വൈകി ആഫീസിൽ ഇരുന്നേപറ്റൂ. രാത്രി വളരെ വൈകും വീട്ടിലെത്താൻ. മക്കൾ കൊച്ചു കുട്ടികളായിരുന്നു അന്ന്, അവരുടെ ഹോം വർക്ക്, സ്കൂൾ കാര്യങ്ങൾ ഇവയിലൊന്നും ശ്രദ്ധിക്കാൻ പറ്റിയിരുന്നില്ല. ജീവിതത്തിൽ ധാരാളം വിട്ടുവീഴ്ച്ചകൾ വരുത്തേണ്ടിവന്ന കാലമായിരുന്നു അത്.

അവിടുത്തെ ജോലി എന്റെ കരിയർ ബാർ വളരെ ഉയർത്തി, പക്ഷേ ഇപ്പോഴും ഓർക്കുമ്പോൾ മനസ്സ് വിങ്ങുന്നു.. കുട്ടികളുടെ

**ഒരു എക്സിക്യൂട്ടീവ് പൊസിഷൻ കൈകാര്യം ചെയ്യാൻ അറിവ് മാത്രം പോര. ആത്മവിശ്വാസം, അതുപോലെ കമ്പനിക്കു നമ്മളെ നൂറു ശതമാനവും വിശ്വസിക്കാം എന്ന ഉറപ്പ് നമ്മുടെ പ്രവർത്തി യിലൂടെ കാണിച്ചുകൊടുക്കുകയും വേണം. ഇന്നലത്തെ മീറ്റിങ്ങിൽ ഞങ്ങളുടെ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ (അദ്ദേഹം ചാർജ്ജ് എടുത്തിട്ട് ഒരു വർഷം തികയുന്നതേയുള്ളൂ, ഞാൻ ഏഴാമത്തെ വർഷവും) ഒരു പ്രോജക്റ്റ് ഡിസ്കഷന്റെ അവസാനം പറഞ്ഞു "ഐ ക്യാൻ ആൾവേയ്സ് കൗണ്ട് ഓൺ യൂ, അനിത'. അങ്ങിനെ പറയിപ്പിക്കുവാൻ കഴിയുന്നതിലാണ് നമ്മുടെ വിജയം.**

ടീച്ചേഴ്സ്മീറ്റിനോ, ബാസ്കറ്റ്ബോൾ ടൂർണമെന്റിനോ ഒന്നും പങ്കെടുക്കാൻ എനിക്കന്നു സമയം കിട്ടുമായിരുന്നില്ല. ജോലിക്കാരായ എല്ലാ അമ്മമാരുടെയും ദു:ഖങ്ങളാണല്ലോ ഇതൊക്കെ!

ഒരു എക്സിക്യൂട്ടീവ് പൊസിഷൻ കൈകാര്യം ചെയ്യാൻ അറിവ് മാത്രം പോര. ആത്മവിശ്വാസം, അതുപോലെ കമ്പനിക്കു നമ്മളെ നൂറു ശതമാനവും വിശ്വസിക്കാം എന്ന ഉറപ്പ് നമ്മുടെ പ്രവർത്തി യിലൂടെ കാണിച്ചുകൊടുക്കുകയും വേണം. ഇന്നലത്തെ മീറ്റിങ്ങിൽ ഞങ്ങളുടെ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ (അദ്ദേഹം ചാർജ്ജ് എടുത്തിട്ട് ഒരു വർഷം തികയുന്നതേയുള്ളൂ, ഞാൻ ഏഴാമത്തെ വർഷവും) ഒരു പ്രോജക്റ്റ് ഡിസ്കഷന്റെ അവസാനം പറഞ്ഞു 'ഐ ക്യാൻ ആൾവേയ്സ് കൗണ്ട് ഓൺ യൂ, അനിത'. അങ്ങിനെ പറയിപ്പിക്കുവാൻ കഴിയുന്നതിലാണ് നമ്മുടെ വിജയം.

ഒരു മാനേജ്മെന്റിന്റെ കീഴിൽ മൂന്നു കമ്പനികളുടെ ഗ്രൂപ്പാണ് ഞങ്ങളുടേത് ഫൈനാഷ്യൽ, കസ്റ്റമർ സർവ്വീസ് , ഹെൽത്ത് ഇൻഷൂറൻസ്. അഞ്ഞൂറിലധികം ജോലിക്കാരുണ്ട്. ഇതിൽ ക്ലൈന്റുകളുടെ സിസ്റ്റം ഇന്റഗ്രേഷനും, പ്രോഗ്രാമിങ്ങ് ഡെവലപ്മെന്റുമാണ് എന്റെ ജോലി. സമയം അളന്നു മുറിച്ച് നോക്കി ചെയ്യാൻ പറ്റുന്ന ജോലി അല്ല. ചെയ്യുന്നത് ഭംഗിയായി ചെയ്യണം എന്നു നിർബന്ധമാണ്. അതുകൊണ്ട് ഓവർടൈം എന്ന ഒരു കോൺസെപ്റ്റ് മനസ്സിൽ വരാറേയില്ല. എന്റെ കമ്പനിയിൽ ഞാനൊരു ഇന്ത്യൻ മാത്രം. പല രാജ്യക്കാർ എന്റെ ടീമിൽ ഉണ്ട്. ഒരു 'സ്റ്റുപ്പിഡ് ഇന്ത്യൻ ലേഡിസ്' ഞങ്ങളെ എന്തിന് ഭരിക്കുന്നു എന്നു എന്റെ ടീമിൽ ആരും ഇന്നേവരെ ചോദിച്ചു കേട്ടിട്ടില്ല, അവർ തമ്മിൽ അങ്ങിനെ പറയുന്നുണ്ടെങ്കിൽ തന്നെ അതവരുടെ പ്രശ്നം അല്ലാതെന്താ, അല്ലേ?

*അനിത പണിക്കർ*

*(അമേരിക്കയിലെ ഒരു പ്രമുഖ ഫൈനാൻഷ്യൽ സ്ഥാപനത്തിന്റെ വൈസ് പ്രസിഡണ്ട്, ഐ ടി)*



വീട്ടുവിശേഷം



റഷീദ ഗഫൂർ തൈവളപ്പിൽ

**എന്തായാലും കണ്ണീർ സീരിയലുകൾ വന്നത് മുതൽ പിത്തനകോലായിലും പെണ്ണുങ്ങളുടെ ഭൂരിപക്ഷം ഇത്തിരി കുറഞ്ഞിരിക്കുന്നതിൽ ജുമൈലക്ക് അൽപം ആശ്വാസം തോന്നി.**

# പരദൂഷണക്കോലായി

സൈനാത്താന്റെ അടുക്കള കോലായിൽ കുറച്ച് പെണ്ണുങ്ങൾ കൂട്ടം കൂടി ഇരുന്ന് സൊറ പറയുന്നതാണ് ജുമൈല കണ്ടത്. പറയുന്നതപ്പടി മറ്റു പെണ്ണുങ്ങളുടെ കുറ്റങ്ങളായിരുന്നു. വെറുതെയല്ല മുസ്ലീംപെണ്ണുങ്ങളിലെ കാരണോത്തിമാർ ഈ കോലായിക്ക് പിത്തന (പരദൂഷണ) കോലായി എന്ന ചെല്ലപ്പേരിട്ടിരിക്കുന്നതെന്നോർത്തപ്പോൾ ജുമൈലക്ക് ചിരിപൊട്ടി.

എന്തായാലും കണ്ണീർ സീരിയലുകൾ വന്നത് മുതൽ പിത്തന കോലായിലും പെണ്ണുങ്ങളുടെ ഭൂരിപക്ഷം ഇത്തിരി കുറഞ്ഞിരിക്കുന്നതിൽ ജുമൈലക്ക് അൽപം ആശ്വാസം തോന്നി.

അന്നും പിത്തനകോലായിൽ വന്ന പെണ്ണുങ്ങൾ ഓരോ വീട്ടിലേയും കാര്യങ്ങളും കാര്യക്കേടുകളും പറഞ്ഞ് തുടങ്ങി. ജോറായി വന്നപ്പോഴാണ് തൊട്ടടുത്ത വീട്ടിലെ റുക്കിയ പിറക് വശത്തെ തൂണും ചാരി വിഷമത്തോടു കൂടി ഇരിക്കുന്ന കാഴ്ച അവർ കണ്ടത്.

കണ്ടപ്പോഴേ കാര്യം മനസ്സിലായി. റുക്കിയയുടെ നിക്കാഹ് കഴിഞ്ഞിട്ട് പത്ത് വർഷമായി. റുക്കിയാക്കിതുവരെ കുഞ്ഞുങ്ങൾ ഉണ്ടായിട്ടില്ല ഇതു കണ്ടപ്പോൾ കൂട്ടത്തിലെ ഒരുവൾക്ക് ഹാലിളകി. ഓ അവളുടെയൊരു സങ്കടം! എന്താണിതിനിപ്പോൾ ഇത്ര ബെസമിക്കാനുള്ളത്? ലോകത്ത് എത്ര പെണ്ണുങ്ങളുണ്ട് കുട്ടികളില്ലാത്തോരായിട്ട്. അവരൊക്കെ ചിരിച്ചും കളിച്ചും ജീവിക്കുന്നില്ലേ? ഇവൾക്കെന്താണിത്ര പെരുത്ത് ദുഃഖിക്കാനുള്ളത്. ഒന്നുമല്ലെങ്കിലും ഓളെ അനിയത്തിക്കും ഭർത്താവിന്റെ അനിയന്മാർക്കും ആവശ്യത്തിൽ കൂടുതൽ കുട്ടികളില്ലേ? അവറ്റങ്ങളെ നോക്കിയിരുന്നാൽ പോരെ! അങ്ങനെ പോയി ചർച്ചകൾ.

ചർച്ചകൾ ഇടക്ക് വഴിമുട്ടും. അടുത്ത ചർച്ച ചെന്നെത്തിയത് മജീദിന്റെ ഭാര്യ സുലൈഖയിൽ. മജീദ് നല്ല സ്വഭാവക്കാരനായിരുന്നു. അവൾക്ക് ഭയങ്കര സുഖവുമായിരുന്നു. അവന് സ്വന്തമായി വീടും കാറും. ഇതിലും വലിയ സുഖമെന്താണ് വേണ്ടത്. എന്നിട്ടും അവൾ അവന്റെ കൂടെ നിൽക്കാതെ സ്വന്തം വീട്ടിലേക്ക് പോന്നിക്കുണു. അതാണ് കോലായിൽ ചർച്ചക്കെടുത്ത അടുത്ത പ്രശ്നം.

അതവളുടെ അഹങ്കാരം കൊണ്ടാണെന്നാണ് ചിലർ വാദിക്കുന്നത്. ബാഹ്യമായി പറയുകയാണെങ്കിൽ സുലൈഖാക്ക് പരമസുഖം തന്നെ. പക്ഷെ മജീദിന്റെ ഉള്ളുകള്ളികൾ സുലൈഖക്കല്ലാതെ വേറെ ആർക്കറിയാനാണെന്ന് ജുമൈലയുടെ പക്ഷം. നമ്മുടെ വടക്കേതിലെ ബീരാനിക്കാന്റെ മോൾ അഫ്സത്തും സ്വന്തം വീട്ടിലേക്ക് വന്നിട്ടുണ്ടത്രെ. മറ്റൊരാൾ പുതിയ വിഷയമെടുത്തിട്ടു. അവളുടെ ഭർത്താവ് കള്ളു കുടിക്കുന്നതിനാലാണേത്രേ അവൾ പോന്നത്. അത് രണ്ടാംകെട്ടല്ലേ, ഒരു കുട്ടീംണ്ട്. ആറിൽ പഠിക്ക്ണ്. ആണുങ്ങളായാൽ കുറച്ച് കള്ളൊക്കെ കുടിക്കില്ലേ. എന്നാലെന്താ ഓക്കും മക്കളെയും ഉണ്ടാക്കി സ്ഥലം വിട്ടില്ലല്ലോ. പിന്നെന്താണ് കുഴപ്പമെന്നായി ആയിശുമ്മ.

ഏറെ നേരത്തെ ചർച്ചക്കിടയിൽ ആ വിളി വന്നു. 'എടീ ആയിശേ ഏടെ പോയി കെടക്ക്ണടീ...' ആയിശുമ്മയുടെ മാപ്പിള വന്നിക്ക്ണ്. വിളി കേട്ടപാതി ഈ പെണ്ണുങ്ങളുടെ ഒരു കാര്യങ്ങളെയ്, എന്ന് പറഞ്ഞ് മൂപ്പത്തി സ്ഥലം വിട്ടു. അതോടെ എല്ലാ

വരും പിരിഞ്ഞു. ഇനി നാളെയും വൈകീട്ട് ആരാന്റെ പുതിയ വിശേഷങ്ങളുമായി അവരെത്തും. ഇതിൽ വലിയ കാര്യമൊന്നുമില്ലെന്ന് കോലായിലെ സ്ഥിരം നിരീക്ഷകയായ ജുമൈലക്ക് തോന്നി. അതേ സമയം നമ്മുടെയിടയിലെ പ്രശ്നങ്ങൾ ചർച്ചയിൽ വിവരിക്കുകയാണെങ്കിൽ എത്ര നന്നെന്ന് ജുമൈല ചിന്തിച്ചു. ഇത് ആരാന്റെ അമ്മക്ക് ഭ്രാന്തായാൽ കാണാൻ നല്ല ശേല് എന്ന് കാരണവന്മാർ പറയുന്ന പോലെയാണ് പരദൂഷണ കോലായുടെ പോക്ക് എന്ന് ജുമൈലക്ക് തോന്നി. ഈ പിത്തന കോലായയെ ഗുണകരമായി മാറ്റിയെടുക്കണമെന്ന ചിന്ത എങ്ങനെയോ അവളിലുണർന്നു.

ഇക്കൂട്ടർക്കിടയിൽ ഇത്തിരി വിദ്യാഭ്യാസമുള്ള ജുമൈല പരദൂഷണ കോലായിയെ മാറ്റിയെടുക്കാൻ തീരുമാനിച്ചു. കുടിയന്റെ ഭാര്യക്കേ മറ്റൊരു കുടിയന്റെ ഭാര്യയുടെ സങ്കടങ്ങൾ മനസ്സിലാവുകയുള്ളൂ. ഒരു കുഞ്ഞില്ലാത്ത ദമ്പതികളുടെ വേദന കുഞ്ഞില്ലാത്തവർക്കേ മനസ്സിലാവൂ. സ്നേഹം കിട്ടാത്തവർക്കേ സ്നേഹത്തിന്റെ വിലയറിയൂ. ഇവർക്കിതെല്ലാം അറിയണമെങ്കിൽ എല്ലാ വിഷമവും ഇവരും അനുഭവിച്ച് തന്നെ അറിയണം. അപ്പോഴേ മറ്റുള്ളവരുടെ സങ്കടങ്ങൾ ഉൾക്കൊള്ളാൻ സാധിക്കുകയുള്ളൂ. മുറിവേറ്റ ഹൃദയവേദനയുമായി ജീവിക്കുന്നവർക്ക് ഉപകാരം ചെയ്യാൻ പറ്റിയില്ലെങ്കിലും അവരെ പരിഹസിക്കാതിരിക്കാനെങ്കിലും ശ്രമിച്ചുകൂടെ. ജുമൈലയുടെ മനസ്സിനുള്ളിലപ്പോൾ ഉത്തരം കിട്ടാത്ത ആയിരം ചോദ്യങ്ങൾ ഉയർന്നുവന്നു. ഏതായാലും അടുത്ത പരദൂഷണകോലായിൽ ഇടപെടാൻ തന്നെ ജുമൈല തീരുമാനിച്ചു.

അങ്ങിനെ പരദൂഷണത്തിന്റെ രണ്ടുദിവസം കടന്നുപോയി. മൂന്നാംദിവസം ഉച്ചക്ക് ചോറ് ബെയ്ച്ചതിനു ശേഷം ജുമൈലയും പരദൂഷണ കോലായിലേക്ക് ചെന്നു. അവിടെ സ്ഥിരം ചില മെമ്പർമാർ തലയിലെ പേനും നോക്കിയിരിപ്പുണ്ടായിരുന്നു. ജുമൈല വന്നതും ചിലർ തല പൊക്കി.

'ഇന്ന് എന്താ നേരത്തെ പിത്തനകോലായിലേക്ക്?' പേൻ തലകൾ പൊങ്ങി.

'എനിക്ക് ഒരു പ്രശ്നം അവതരിപ്പിക്കാനുണ്ട്; അത്വന്നേ.'

അങ്ങനെ ഒന്ന് രണ്ട് പറഞ്ഞിരിക്കുമ്പോൾ തന്നെ സൈനത്താന്റെ പിത്തനകോലായി ഏതാണ്ട് നിറഞ്ഞു.

ജുമൈല തുടക്കമിട്ടു. 'ഒരു ബിസയുണ്ട്. ഇമ്മളെ ബീരാനിക്കയുടെ മോള് അഫ്സത്തല്ലേ, ന്റെ ക്ലാസ്മേറ്റ് ഓളെ വിസയം മ്മള് ന്നലെ ചർച്ച ചെയ്തില്ലേ. ഓള് എന്താ ഭർത്താവുമായി പിരിഞ്ഞു പോരാൻ കാരണം ഇങ്ങളാരെങ്കിലും ചിന്തിച്ചിറ്റ്ണ്ടാ.'

'എന്ത് പ്രശ്നം സുബർക്കോം കായിം പോരാഞ്ഞിട്ടായിരിക്കും?'

'അല്ല സൈനത്താ. പീഡനം!!'

'ആരെ അഫ്സാനിനെയോ? ഓളെ കല്യാണം കഴിച്ചുകൊണ്ടോയതല്ലേ, പിന്നെന്ത് പീഡനം?'

'അഫ്സാനിത്തിനെയല്ല; ഓളെ മോള് സുൽഫത്തിനെ. രണ്ടാംകെട്ടുകാരൻ.' ജുമൈല ശബ്ദം താഴ്ത്തി പറഞ്ഞു.

'ഞാൻ ചോദ്യം ചെയ്തു. ഓള് എല്ലാം പറഞ്ഞു.'

'ആറിൽ പഠിക്കണ പെണ്ണിനെയോ?'

ഇത് കേട്ടതും പരദൂഷണകോലായിലെ പെണ്ണുങ്ങൾ ഒന്നിച്ച് തലയിൽ കൈവെച്ച് ഒറ്റവിളി...'ന്റെ... റബ്ബേ..'

ജുമൈല പെണ്ണുങ്ങളുടെ മധ്യത്തിലേക്ക് നീങ്ങിയിരുന്ന് തലയിലെ തട്ടം നേരെയാക്കി മറ്റുള്ളവരുടെ ശ്രദ്ധ ക്ഷണിച്ച് നേതൃത്വഭാവത്തിൽ പറഞ്ഞു.

'പ്രശ്നം ഗുരുതരമാണ്. ആ പെണ്ണിനെയും അഫ്സത്തിനെയും വിളിച്ച് ഞാൻ സംസാരിച്ചു. ചെറിയ കുട്ടികളെ പീഡിപ്പിക്കുന്ന സ്വഭാവക്കാരനാണ് ഓളെ പുയ്യ്യാപ്ല. ഒരു കുട്ടിയുള്ള അഫ്സത്തിനെ തന്നെ കെട്ടാൻ ഓൻ വന്നത് തന്നെ ഈ സുൽഫത്തിനെ കണ്ടിട്ടാണത്രെ. ഓൻ ഇത് ആവർത്തിക്കാൻ പാടില്ല.'

ജുമൈല മൊബൈലെടുത്ത് അഫ്സത്തിനെ വിളിച്ച് പരദൂഷണകോലായിലേക്ക് വരാൻ പറഞ്ഞു. അഫ്സത്ത് മകൾ സുൽഫത്തുമായി പീഡനകോലായിലെത്തിയതും എല്ലാം തത്ത പറയുന്നതുപോലെ പറഞ്ഞു. ഇതിനെല്ലാം ഇരയായ സുൽഫത്ത് എല്ലാത്തിനും സാക്ഷിയായി. ബാക്കി നീക്കങ്ങളെല്ലാം ജുമൈല നടത്തി.

പിറ്റേന്ന് ആ വാർത്ത കേട്ട് ആ ഗ്രാമം വെറുങ്ങലിച്ചു നിന്നു. അഫ്സത്തിന്റെ രണ്ടാംകെട്ടുകാരനെ പോലീസും ചൈൽഡ്ലൈൻ പ്രവർത്തകരും രാവിലെ നാട്ടിലെ പാറക്വാറിയിൽ നിന്നും പിടിച്ചു. സുൽഫത്ത് എല്ലാറ്റിന് സാക്ഷി പറയാമെന്നേറ്റതോടെ കേസിന് തുമ്പായി.

പരദൂഷണകോലായി. വെറും പരദൂഷണത്തിനപ്പുറം നാടിന്റെയും നാട്ടിലെ പെണ്ണുങ്ങളുടെയും പ്രശ്നം വരെ പരിഹരിക്കുന്ന വേദിയായി മാറി. നാടിനും പെണ്ണിനും കരുത്തായി പിത്തനകോലായി മാറി.

ഇപ്പോൾ സൈനാത്താന്റെ പരദൂഷണ കോലായ എന്ന് കേൾക്കുമ്പോൾ തന്നെ നാട്ടിൽ വനിതാകമ്മീഷൻ ഇറങ്ങിയപോലെ ആണുങ്ങൾക്ക് ഉൾക്കിടലമാണ്.

**സന്ധ്യ, ബഹറിൻ**

എന്റെ കാഴ്ചപ്പാടിൽ പ്രവാസികളായി ജീവിക്കുന്നവരൊക്കെ തന്നെയും നാട്ടിലെ കുടുംബവുമായി നല്ല ബന്ധം നിലനിർത്തി കൊണ്ട് പോകുന്നവരാണു.ടെക്നോളജി ഇത്രയും പുരോഗമിച്ച ഈ കാലത്ത് യാതൊരു വിധ ചിലവുമില്ലാതെ തന്നെ എല്ലാ ദിവസവും നാടുമായി ബന്ധപ്പെടാനുള്ള എല്ലാ സൗകര്യങ്ങളും ലഭ്യവുമാണു.  ഇവിടെയായാലും നാട്ടിലായാലും കുട്ടികളുമായുള്ള ജനറേഷൻ ഗ്യാപ് ഉണ്ടാവുക തന്നെ ചെയ്യുമെന്നാണു എന്റെ അഭിപ്രായം. ബന്ധുക്കളുമായും കസിൻസുമായുമൊക്കെ ഉള്ള കൂടിച്ചേരലുകൾ വർഷത്തിലൊരിക്കലുള്ള തിരക്ക് പിടിച്ച അവധിക്കാലങ്ങളിലും നെറ്റ് കോളുകളിലും മാത്രമായി ചുരുങ്ങുന്നു. പ്രാവാസിയായി ജീവിക്കുന്ന കുട്ടികൾ സുഹൃത്തുക്കളെ കുടുംബമെന്ന രീതിയിൽ കണ്ടാണു വളരുന്നത്. അച്ഛൻ, അമ്മ എന്ന റോളുകൾ മാത്രമല്ല അമ്മാവൻ അമ്മായി ചെറിയച്ഛൻ വേഷങ്ങളും കെട്ടിയാടാൻ നിർബന്ധിതരാവുന്നുണ്ട്..ജീവിക്കുന്ന രാജ്യത്തെ എല്ലാ വിധ സൗകര്യങ്ങൾക്കും ആഡംബരങ്ങളും നടുവിലും തങ്ങൾക്ക് ഇവിടെ ആരുമില്ല എന്ന അരക്ഷിതത്വം കുട്ടികൾ അനുഭവിക്കുന്നുണ്ട് എന്നാണു എനിക്ക് തോന്നുന്നത്.



**സിന്ധു വർഗ്ഗീസ്**
**സ്വിറ്റ്സർലണ്ട്**

പ്രവാസമെന്നത് തികച്ചും മനസ്സിന്റെ അവസ്ഥ ആണെന്നാണുഎനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത്.കണ്ണൊന്ന് ചിമ്മിയാൽ കടന്ന് ചെല്ലാനാവാത്തൊരിടമോ ചേർത്ത് പിടിക്കാൻ പറ്റാത്ത മനുഷ്യരോ നമ്മൾക്കുണ്ടോ ഇതേ കാര്യം പറഞ്ഞ്  സെലിൻ ഡിയോണെന്ന പ്രശസ്തയായ ഗായിക ഒരു പാട്ടു പോലും പാടിയിട്ടുണ്ട്..  " When I need you,I just close my eyes and I'm with you, All all that I so want to give you, It's only a heart beat away...?"കാലപ്പനികതയ്ക്കിപ്പുറം...പ്രവാസം ഒരു പറിച്ച് നടൽ തന്നെയാണു.പരിചിതമായ എന്തിൽ നിന്നോ അടർന്ന് മാറി മറ്റെവിടെയൊ വേരുറപ്പിക്കാൻ പാടുപെടുന്ന സങ്കീർണ്ണമായ ഒരു പ്രക്രിയ. ജീവിതത്തിന്റെ ആദ്യത്തെ ഇരുപത്തിമൂന്ന് കൊല്ലം മാതപിതാക്കൾക്കും സഹോദരങ്ങൾക്കുമൊപ്പം മാത്രം ആയിരുന്നു,അതും അച്ഛന്റെ നാട്ടിൽ.പിന്നീട് പഠനവും ജോലിയുമായി തിരുവനന്തപുരത്ത് മൂന്ന് കൊല്ലം.അതിനു ശേഷം ഭർത്താവൊന്നിച്ച് 2001ഇൽ കേരളത്തോട് വിടപറഞ്ഞ്  പറന്ന് വന്നിറങ്ങിയത് ആല്പ്സിന്റെ താഴ്വരയിലുള്ള ഈ സുന്ദരഭൂമിയിലും. ഗർഭകാലമായിരുന്നു പ്രവാസിയെന്നത് തികച്ചും ഭീകരമായ അവസ്ഥയാണെന്ന് സ്വയം ഏറ്റ് പറഞ്ഞ ആദ്യത്തെയും അവസാനത്തെയും സമയം.കുട്ടികളായതിനു ശേഷമുള്ള ജീവിതം വാശിയോടെയുള്ള പോരാട്ടങ്ങളുടേത് തന്നെ ആയിരുന്നു, ആണു ! തനിച്ചാണു എന്നത് പ്രവാസത്തിൽ മാത്രം ഉണ്ടാവുന്ന അവസ്ഥ അല്ലെന്നും എന്നും എപ്പോഴും എല്ലാവരും തനിച്ചാണെന്നുമുള്ളതാണു സത്യമെന്നും ഇതൊരു ഗതികേടല്ലെന്നും അവനവന്റെ ശക്തിയെയും കഴിവിനെയും തിരിച്ചറിയാനുള്ള അവസരമാണെന്നും അറിയുന്നു.



**ചിന്ത ഐസക്**
**സ്വിറ്റ്സർലാൻഡ്**

പ്രവാസിയെന്ന അവസ്ഥ തീർച്ചയായും ഞാനിഷ്ടപ്പെടുന്നുണ്ട്. മതപരമായും, സാമൂഹികമായും ,വിദ്യാഭ്യാസപരമായുമുള്ള വേർതിരിവുകൾ നമ്മൾക്ക് ഇവിടെ അനുഭവവേദ്യമാകുന്നില്ല എന്നതാണു ഒരു വല്യ മേന്മയായി ഞാൻ കാണുന്നത്.കൂടാതെ ആരോഗ്യമുള്ള ഭക്ഷണപദാർത്ഥങ്ങൾ, ശുദ്ധമായ പ്രകൃതി,മികച്ച ജീവിത നിലവാരം ഇവയൊക്കെയും പ്രവാസത്തെ മനസ്സിനോട് ചേർന്ന് നിർത്താവുന്ന അനുഭവം ആക്കുന്നുണ്ട്.മാതാപിതാക്കളോടും സഹോദരങ്ങളോടുമുള്ള അടുപ്പവും ബന്ധവും മാത്രമാണു ഗൃഹാതുരത എന്ന ലേബലിൽ പേരിട്ട് വിളിക്കാൻ എനിക്ക് തോന്നുന്ന കാര്യങ്ങൾ.പുതിയ സാങ്കേതികതകൾ നാടുമായുള്ള ആശയവിനിമയങ്ങൾ കുറേക്കൂടി എളുപ്പമുള്ളതാക്കി തീർത്തിട്ടുണ്ട്.അതുകൊണ്ട് നാടു വിട്ട് ഇവിടെ വന്ന് ജീവിക്കുന്നത് കൊണ്ട് എന്തെങ്കിലും മിസ്സ് ചെയ്യുന്നു, അറിയാതെ പോകുന്നു എന്ന തോന്നൽ ഇല്ല.ഇവിടെയുള്ള മനുഷ്യരുമായുള്ള ഇടപെടലുകൾ കുറേക്കൂടി സുതാര്യവും സ്ട്രെയിറ്റുമാണു. മറ്റുള്ളവരെന്തു പറയുന്നു എന്നത് അവരെ ഒരിക്കലും ബാധിക്കാറുമില്ല. ഇങ്ങനെയുള്ള സമീപനം വ്യക്തിപരമായി വളരെ പോസിറ്റീവായി കാണുന്ന ഒരാളാണു ഞാൻ.



# വാസ്തവം



ഡോ.ജാൻസി ജോസ്

കേരളത്തിന് ചിരിയുടെ മാലപ്പടക്കം സമ്മാനിച്ചുകൊണ്ടാണ് 2016 ജന്മം കൊണ്ടത്. ചില ചിരികൾ നാണക്കേടിന്റേയും അഭിമാനക്ഷതത്തിന്റേയും ആകാറുണ്ട് എന്നത് ഓർമ്മയിലുണ്ടാവേണ്ടതാണ്. പെണ്ണു മനസ്സുതുറന്നാൽ തീരാവുന്നതേയുള്ളൂ നമ്മുടെ നാണം കെട്ട പദവികൾ എന്നത് നാം മനസ്സിലാക്കിക്കഴിഞ്ഞു. മനസ്സുതുറക്കാനുള്ള പെണ്ണുങ്ങളെല്ലാം മനസ്സു തുറന്നാൽ നാടിന്റെ സ്ഥിതി എന്താവും എന്നാണ് എന്റെ ആശങ്ക! പെണ്ണിന്റെ കഴിവുകേടിനെക്കുറിച്ച് പറഞ്ഞ കാന്തപുരം മുസ്‌ലിയാർ വരെ ഒരുപക്ഷേ നമ്മുടെ സരിതയെ നമിച്ചേക്കും! എന്തായാലും നമ്മുടെ നാലരക്കോടിയിലധികം രൂപ ചികിത്സാ ചിലവിനായി മുടിച്ച നിയമസഭാസാമാജികർക്ക് ഈ രോഗത്തിന് ചികിത്സിക്കാൻ ഫണ്ടെവിടെ? ഒരുപക്ഷേ, ഈ രോഗത്തിന്റെ പേരു കണ്ടുപിടിക്കാൻ തന്നെ പരീക്ഷണങ്ങൾ ഏറെ വേണ്ടി വന്നേക്കും. ചികിത്സയില്ലാത്ത രോഗങ്ങളും ഉണ്ടെന്നറിയാം. ഈ രോഗം മാറിക്കിട്ടുമെങ്കിൽ എന്നു പറയാൻ തോന്നും. ഞങ്ങളുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരണ്ട മുഴുവനായും തന്നേക്കാം നിങ്ങളുടെയൊക്കെ ഈ രോഗം മാറിക്കിട്ടുമെങ്കിൽ. കയർ വികസനത്തിന് മന്ത്രിയും സെക്രട്ടറിയും വിദേശരാജ്യങ്ങൾ കയറിയിറങ്ങി കോടികൾ നശിപ്പിച്ചത് കാണാതെ പോകുന്നത് ശരിയല്ല. പ്രധാനമന്ത്രിയെ വെട്ടിക്കുന്ന പര്യടനത്തിന് ഒരു പത്മശ്രീ കൊടുത്തുകൂടെ. (ആദ്യമായി പട്ടിണികിടന്ന ജോസ് കെ. മാണിക്കും ഒരു പത്മശ്രീ കൊടുത്താൽ നന്നായിരുന്നു.) കാലിസമ്പത്ത് നഷ്ടപ്പെടുന്നതോർത്ത് ദുഃഖിക്കുന്ന കുമ്മനം രാജശേഖരന്റെ മുൻകൂർ ജാമ്യം കണ്ടില്ലെന്നു നടിക്കാനാവുന്നില്ല. വേണ്ടപ്പോൾ ബീഫ് തിന്നാനുള്ള അടവൊന്നുമായിരിക്കില്ല ഇത് എന്ന് വിശ്വസിക്കാം. ഒരു കാര്യമെ ചെയ്യാനുള്ളൂ. സർക്കാർ വക സംവിധാനം ഇതിന് ഒരുക്കേണ്ടതുണ്ട്. കാലികൾ വർദ്ധിച്ചാൽ നായ്ക്കൾ വർദ്ധിക്കുന്നത് പോലാവില്ല എന്നറിയാം. നായ കടിച്ചാൽ 5000 രൂപ നഷ്ടപരിഹാരമുണ്ട്. ആർത്തവസമയത്ത് സ്ത്രീകളുടെ ആരോഗ്യകാര്യം ശ്രദ്ധിക്കാൻ എത്രയെത്ര ആളുകളുണ്ട് എന്നതിൽ അഭിമാനം തോന്നുകയാണ്. ഏതു കൊടികെട്ടിയ ചോരവാർപ്പ് സമയത്തും കുടുംബത്തിനകത്തും പുറത്തും ബലാത്സംഗം ചെയ്യുന്ന ആളുകൾ നമ്മുടെ ഇടയിൽ ഉണ്ട് എന്ന് മറന്നുകൂടാ. എന്തായാലും നാപ്കിൻ കമ്പനിക്കാർക്കെങ്കിലും ആർത്തസമയത്തെ സ്ത്രീയെ സ്വാഗതം ചെയ്തേ പറ്റൂ. ഈ കോലാഹലങ്ങൾക്കിടയിലും സ്ത്രീപീഡനങ്ങൾക്കൊരുപിടി മുന്നിൽ നിൽക്കാൻ തന്നെ നമുക്ക് കഴിയുന്നുണ്ട്. ഹോംസ്റ്റേയ്ക്കു വന്നാലും വെറുതെ വിടില്ലല്ലോ നമ്മുടെ ആളുകൾ. മെഡിക്കൽവിദ്യാർത്ഥിനികൾ ആത്മഹത്യ ചെയ്ത സംഭവം കൂടുതൽ അന്വേഷണത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു. മദ്യത്തിനും മദിരാശിക്കും സൂര്യനും സൂര്യോർജ്ജത്തിനും ഒക്കെ പുറത്തുപോവുകയും അകത്തുവരികയും ചെയ്യുന്ന മന്ത്രിമാരുള്ള നാട്ടിൽ സ്ത്രീപീഡനങ്ങൾ മുറയ്ക്കു നടക്കുന്നു എന്നത് കാണാതെ പോകരുത്.



# പ്രവാസം ഒരു നിശബ്ദപ്രാർത്ഥന..



ഷീല ടോമി

പ്രവാസം ഒരു പറിച്ചു നടലായിരുന്നു എനിക്ക്; മഴത്തുള്ളികൾ ഇറ്റിയ മണ്ണിൽ നിന്നും അടർത്തിയെടുത്ത് വരണ്ട ഭൂമികയിലേക്കുള്ള വലിച്ചെറിയൽ. അപരിചിതത്വങ്ങളുടെ വേനലുകൾ. വരൾച്ചകൾ. എങ്കിലും വന്നുവീണ മണ്ണിലേക്ക് വേരുകൾ താഴ്ന്നു, മെല്ലെ മെല്ലെ. കൂട്ടുകാരനൊപ്പം പ്രവാസഭൂമിയിൽ എത്തുന്നത് വിവാഹത്തിനു ശേഷമാണ്. വർഷങ്ങൾ എത്രയോ കഴിഞ്ഞു! ജോലിയും കുഞ്ഞുങ്ങളും എഴുത്തും വായനയും ഒക്കെയായി ഈ മണ്ണിലും ഏതെല്ലാമോ നന്മകൾ ആവിഷ്കരിക്കാൻ വെമ്പൽകൊണ്ട് ദിനരാത്രങ്ങൾ അങ്ങനെ നീളുന്നു. ഓരോ ഇടങ്ങളും നമുക്കായ് എന്തെങ്കിലുമൊക്കെ കരുതിവെച്ചിരിക്കും. മണലിൽ ഒളിഞ്ഞു കിടക്കുന്ന ആ നിധി തേടിയുള്ള യാത്രയിലായിരുന്നോ ഞാൻ ഇത്ര നാൾ? അറിയില്ല. ഒരു പക്ഷെ, യാത്രയും ലക്ഷ്യവും ഒന്നായ് മാറുന്നതും അന്വേഷിക്കുന്നത് കൂടെത്തന്നെയുണ്ട് എന്ന് തിരിച്ചറിയുന്നതും ഈശ്വരകടാക്ഷത്താൽ ഗൾഫ് നൽകുന്ന സുരക്ഷിതത്വത്തിന്റെ സുഖം അനുഭവിക്കുന്നതുകൊണ്ടാവാം.

മണൽനാട്ടിലേക്ക് ചേക്കേറുന്നവരിൽ ഒരുപ വലിയ വിഭാഗം ഒറ്റപ്പെട്ട ദ്വീപിൽ അകപ്പെട്ട ഉള്ളിൽ ഒരു വിങ്ങൽ പേറുന്നവരാണ് നഗരം നമുക്കായി കാത്തുവെക്കുന്നത് ഭ്രമിപ്പിക്കുന്ന കാഴ്ചകളും അകമേ തിരയടിക്കുന്ന മരുഭൂമിയോളം വളരുന്ന ഏകാന്തതയുമാണ്. ലേബർക്യാമ്പുകളിലും സംഘർഷങ്ങൾ നിറഞ്ഞ തൊഴിൽ ഇടങ്ങളിലും ഒന്നിളവേൽക്കാൻ കനിവിന്റെ ഇത്തിരിപ്പച്ച തേടുന്ന മനസ്സുകൾ ഒരുപാടാണ്. പലപ്പോഴും ഫ്ളാറ്റിന്റെ മടുപ്പിക്കുന്ന ചുമരുകൾക്കുള്ളിൽ സ്ത്രീകൾ അനുഭവിക്കുന്ന ഒറ്റപ്പെടൽ ഗുരുതരമായ കുടുംബപ്രശ്നങ്ങളിലേക്ക് പോലും കടന്നുകയറുന്നു. നിലനിൽപ്പിനായി പോരാടുന്ന ആയിരം പെൺപ്രവാസങ്ങളെ വഴിയാത്രയിൽ കണ്ടുമുട്ടുന്നു. നാടുപേക്ഷിച്ച് കൂട്ടുപേക്ഷിച്ച് ഇവിടെ വന്ന് പാടുപെടുന്ന ഗദ്ദാമകൾ. ചതിക്കുഴിയിൽ വീണുപോകുന്ന നിസ്സഹായർ. ഒരു മാസം പോലും തികയും മുന്നേ കുഞ്ഞിനെ നാട്ടിലുപേക്ഷിച്ച് പോരേണ്ടി വരുന്ന നഴ്സിംഗ് മാലാഖമാർ. അവരുടെയൊക്കെ ചുടുനിശ്വാസങ്ങളാവാം ഈ മരുക്കാറ്റിനെ ഇങ്ങനെ പൊള്ളിക്കുന്നത്. കുടുംബത്തോടൊപ്പം ഇവിടെ സ്വച്ഛന്ദമായ് സ്വതന്ത്രമായ് ഒഴുകാനാവുന്നവർ ഭാഗ്യം ചെയതവർ. മാതാപിതാക്കളെയും മാമ്പഴം മണക്കുന്ന നാട്ടുവഴികളെയും വിട്ടുപോന്നവരുടെ വേദന ചിറകു കരിഞ്ഞവരുടെ തീരാനൊമ്പരങ്ങൾക്ക് മുന്നിൽ അപ്രസക്തമാവുന്നു.

അമേരിക്കയോ മറ്റ് പാശ്ചാത്യ



രാജ്യങ്ങളോ പോലെയല്ല ഇവിടം. ഇവിടെയെത്തുന്നവർ മനസ്സ് നാട്ടിലുപേക്ഷിച്ച് പോരുന്നവരാണ്. എത്രയും വേഗം മടങ്ങാൻ വരുന്നവരാണ്. എന്നാൽ മാസങ്ങൾ വർഷങ്ങളായും വർഷങ്ങൾ പതിറ്റാണ്ടുകളായും കൊഴിഞ്ഞുവീഴും. ബിസിനസ്സിലും ഔദ്യോഗികരംഗത്തും തിളങ്ങുന്നവരുണ്ട്. പലരും ഇല്ലായ്മയിൽ നിന്നും പടികൾ ചവിട്ടിക്കയറി വിജയഗാഥകൾ രചിച്ചവർ. അതിനിടയിലൂടെ ആടുജീവിതം നയിക്കുന്ന മജീദുമാരും ഇഴഞ്ഞു നീങ്ങുന്നു. അങ്ങനെ വൈരുദ്ധ്യങ്ങളുടെ ഒരു സമ്മേളനസ്ഥാനമാണ് ഗൾഫ്.

നന്മയുടെ പക്ഷം ചേരാൻ ആഗ്രഹിക്കുന്നവർക്ക് വേനലിനെയും ഒരുവേള വസന്തമാക്കാം. കണ്ണീരിലും ചിരി പടർത്താം. ഇത് ഗൾഫ് എന്നെ പഠിപ്പിച്ച ഒന്നാം പാഠം. ഊൺമേശകളിൽ നിന്ന് നമ്മുടെ രുചികൾ നിഷ്കാസനം ചെയ്യപ്പെടുമ്പോൾ വാളുകൾ പിന്നിൽതൂലികകൾക്ക്. ഉയരുമ്പോൾ, നാട് ചിതറിത്തെറിച്ച ഭൂഖണ്ഡമായ് മാറുമ്പോൾ, നമ്മുടെ സ്വന്തം ഇടങ്ങൾ അൽപമായ് നഷ്ടമാവുമ്പോൾ ഞങ്ങൾ എന്ന നിങ്ങൾ– ചിന്ത വെടിഞ്ഞ് നമ്മൾ എന്ന ഒറ്റക്കുടക്കീഴിൽ അണിചേരുന്ന സാഹോദര്യം. അത് ഗൾഫിന്റെ പുണ്യമാണ്. ഇവിടെ ജോസഫും, മുഹമ്മദും, രാമനും ഒരേ മുറിയിൽ കിടന്നുറങ്ങുന്നു. ഒരേ പാത്രത്തിൽ നിന്നും കുബ്ബൂസും പരിപ്പും കഴിക്കുന്നു. ആരും അന്യരല്ല ഇവിടെ.

കടലിനക്കരെ വിട്ടുപോന്ന മണ്ണിൽ നന്മ നിറക്കാനുള്ള, പുഞ്ചിരി വിരിയിക്കാനുള്ള, നിശബ്ദ പ്രാർത്ഥനയാണ്. നിസ്തുല തപസ്യയാണ് പ്രവാസം. എത്ര വേദനിച്ചാലും തുടരുന്ന തപസ്യ. ഒരു പക്ഷെ ദിക്ക് തെറ്റിയോ എന്ന് പേടി തോന്നുന്ന മണൽകാറ്റിലും ഒന്ന് കണ്ണടച്ചാൽ എനിക്ക് ചില വഴിയടയാളങ്ങൾ കാണാം. വീട്ടിലേക്കുള്ള പാത എന്നെ കാത്ത് കിടക്കുന്നത് കാണാം. വഴിയരികിലെ കാട്ടുപൂവ് എന്നെ നോക്കി ചിരിക്കുന്നത് കാണാം. എന്നെ കാത്തിരിപ്പുണ്ട് മഞ്ഞും കുളിരുമുള്ള നാട്. കാറ്റും മഴയുമുള്ള നാട്. ഓരോ ശ്വാസവും എന്നോട് പറയാതെ പറയുന്നു. ഇവിടെ നീ വെറും പരദേശി. നല്ലത് മാത്രം എടുത്ത് നല്ലത് മാത്രം കൊടുത്ത് പുഞ്ചിരിയോടെ കടന്നുപോകൂ...

**കവിത**

# ഭ്രാന്തൻ



ഗീത രാജൻ

അനന്തതയിലേക്ക് തുറന്നിട്ട വാതിലിനപ്പുറം
ചിരക്കാല പരിചിത മുഖങ്ങളിൽ
വല പാടുകൾ മുറുകുമ്പോൾ
തട്ടി തടഞ്ഞു വീണുടയുന്നു
ബന്ധത്തിൻ മൂല്യങ്ങൾ
പൂട്ടി വച്ചൊരു ചഷകങ്ങൾ!!!

ചിക്കിചിതഞ്ഞു കാലത്തിൻ തൊടിയിൽ
കണ്ടെത്തിയതൊക്കെയും
സംഘർഷഭരിത മുഖങ്ങൾ
വായിച്ചെടുക്കുന്നതൊക്കെയും
വെട്ടിപ്പിടിക്കാനുള്ള കണക്കുകൾ!!
'ജീവിതം'
ഡോളറിൽ എണ്ണി തിട്ടപ്പെടുത്തി
അഹമെന്നൊരു താക്കോൽ പണിതു
പൂട്ടിവെക്കുന്നു ഹൃദയത്തിൻ
നനുത്ത വാതിലുകൾ!!

അലക്കി തേച്ചചിരിക്കിടയിൽ
ഒളിപ്പിച്ചു വെച്ച കൊമ്പും വാലും
അദൃശ്യതയിലും മുഴച്ചു നിൽക്കുന്നു
കൂട്ടി വെച്ച സമ്പാദ്യത്തിൽ!!

ഉണർവ്വിനും ഉറക്കത്തിനുമിടയിൽ
എന്നിലേക്ക് ചുരുങ്ങുന്ന ലോകം
നീണ്ടു വരുന്ന ചൂണ്ടു വിരലുകൾ
മുഴങ്ങി കേൾക്കുന്ന അലർച്ചകൾ
'ഭ്രാന്തൻ'

മായിക പ്രഭാപൂരത്തിൽ
മാഞ്ഞു പോകാത്തൊരു നാടും
വിട്ടുപോകാത്ത മൂല്യവും
ചേർത്തു പിടിച്ചങ്ങനെ...!!!



**നിഷിത**
**സ്വിറ്റ്സർലാൻഡ്**

ആകെ മൊത്തത്തിൽ പ്രവാസമെന്നത് എനിക്ക് തരക്കേടില്ലാത്ത അനുഭവം തന്നെയാണു. ആരോഗ്യപ്രശ്നങ്ങൾ എന്നത് ഒരു കുറവായി തോന്നുന്നത്. അല്ലെങ്കിൽ ജീവിതം സാധാരണ പോലെ തന്നെ മുന്നോട്ട് പോകും. സ്വിറ്റ്സർലണ്ട് എന്നെ ഏറ്റവും ബുദ്ധിമുട്ടിച്ച വിഷയം. പ്രാദേശികഭാഷ പഠിച്ചെടുത്തതോടെ ആ പ്രശ്നത്തിനു പരിഹാരമായി. അതുകൊണ്ട് തന്നെ സ്വദേശിയരുമായും മറ്റ് ദേശക്കാരുമായും ഇന്റഗ്രേറ്റ് ചെയ്യാനും പിന്നെ ഇവിടെ ജീവിക്കുന്നതിന്റെ വളരെ നല്ലൊരു വശം എന്താണെ?ന്ന് വച്ചാൽ സ്ത്രീ എന്ന നിലയിൽ നാട്ടിലേക്കാൾ സുരക്ഷിതത്വം അനുഭവപ്പെടാറുണ്ട്.എവിടെയും ഏത് സമയത്തും തനിച്ച് യാത്ര ചെയ്യാൻ ഒട്ടും ഭയം തോന്നാറില്ല.എന്റെ ഗ്രാമവും, വീടിനടുത്തുള്ള അമ്പലവും ദീപാരാധനയും ദശാവതാരം ?ചാർത്തലുമൊക്കെ ഓർമ്മകളിൽ വന്നു നിറയുമ്പോൾ വല്ലാതെ നഷ്ടബോധം തോന്നാറുണ്ട്...പിന്നെ എന്റെ അമ്മയുടെ ഭക്ഷണം, എടുത്ത് പറഞ്ഞാൽ ചുവന്ന ചീരയുടെ തോരനും, ചീരയവിയലുമൊക്കെ കൂട്ടിയുള്ള ഊണിപ്പോഴും വായിൽ വെള്ളം നിറയ്ക്കുന്ന ഓർമ്മകൾ ആണു.വീടുമായുള്ള ബന്ധത്തിനു ഇവിടെ വന്ന് ജീവിച്ച് തുടങ്ങിയ ശേഷവും ഒരു മാറ്റവും ഉണ്ടായിട്ടില്ല.വർഷങ്ങൾക്ക് മുൻപ് വിവാഹം കഴിഞ്ഞ് ഇവിടേയ്ക്ക് എത്തിയ സമയത്ത് ഇൻഡ്യയിലേയ്ക്ക് വിളിക്കുന്നത് ചിലവേറിയ ഒരു ഏർപ്പാടായിരുന്നു എന്നതിനാൽ ദിവസേന ഉള്ള വിളികൾ സാധ്യമായിരുന്നില്ല. കുറഞ്ഞ നിരക്കിൽ ഇൻഡ്യയിലേയ്ക്ക് വിളിക്കാൻ പറ്റുന്ന നിരവധി കോളിങ്ങ് കാർഡുകളുടെ വരവോടെ ആ പ്രശ്നത്തിനും പരിഹാരമായി. ഒരു മകനാണെനിക്ക് അവനു പത്ത് വയസ്സിൽ താഴെ ആണു പ്രായം. ഇവിടെ വളരുന്നത് കൊണ്ട് അവനുമായി എനിക്കങ്ങനെ ജനറേഷൻ ഗ്യാപ്പൊന്നും ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. ടീനേജിലേയ്ക്കൊക്കെ കടക്കുമ്പോൾ ഇതേക്കുറിച്ച് കൂടുതലെന്തെങ്കിലും പറയാൻ പറ്റുമെന്ന് തോന്നുന്നു.



റിപ്പോർട്ട്



സുനിത.ടി.വി

# എഴുത്ത് പ്രതിരോധവും സമരവുമാവുമ്പോൾ

**ആണുങ്ങൾ എങ്ങനെ വസ്ത്രം ധരിച്ചാലും അതൊരു വിഷയമേ അല്ല. സ്ത്രീകൾ എന്തുപറഞ്ഞാലും എഴുതിയാലും ചർച്ച ശരീരകേന്ദ്രിതമാവുന്നു. ഇന്ന് രാജ്യം മുഴുവൻ ഏകസംസ്കാരസ്വത്വത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കാലത്ത്, ഒപ്പം ഇത്തരം സ്ത്രീവിരുദ്ധതകൾ ശക്തമാവുന്ന കാലത്ത് സ്ത്രീയ്ക്ക് എഴുത്തും രാഷ്ട്രീയ/സാമൂഹ്യപ്രവർത്തനവും എന്ന ഇരട്ടഉത്തരവാദിത്തമുണ്ട്. അത് നിർവ്വഹിക്കാൻ നാം തയ്യാറാവേണ്ടതുണ്ട്.**

സ്ത്രീ ആയതുതന്നെയാണ് എഴുത്തിനുള്ള കാരണം എന്നും എഴുത്ത് സമൂഹത്തോടും ജീവിതത്തോടുമുള്ള പ്രതികരണവും പ്രതിരോധവുമാണ് എന്നുമാണ് 2016 ജനുവരിയിലെ 20, 21, 22 ദിവസങ്ങളിലായി തിരൂർ മലയാളസർവ്വകലാശാലയുടെ വക്താവ് അക്ഷരം ക്യാമ്പസിൽ നടന്ന ദക്ഷിണേന്ത്യൻ എഴുത്തുകാരികളുടെ സമ്മേളനം ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടത്. ഭാഷയുടെ പരിധികൾ ഭേദിച്ച് വിവിധ സ്ഥലങ്ങളിലെ എഴുത്തുകാരികൾ ഒന്നിച്ച ആ ദേശീയസമ്മേളനം പങ്കെടുത്ത എല്ലാവർക്കും ഒരുപാടു തിരിച്ചറിവുകളും ബോധ്യങ്ങളും ഊർജ്ജവും നൽകുന്ന ഒരു ചരിത്രസംഭവമായിരുന്നു. സംഘാടകയായ ഡോ.ടി.അനിതകുമാരിക്കും വി.സി.ജയകുമാർ ഐ.എ.എസ്സിനും അഭിമാനിക്കാം.

തമിഴ് എഴുത്തുകാരിയും ആക്ടിവിസ്റ്റും അഭിനേത്രിയുമായ ഡോ.മീനാകന്ദസ്വാമിയായിരുന്നു ഉദ്ഘാടനം. താൻ കടന്നുപോന്ന എഴുത്തുവഴികളുടെ കാഠിന്യത്തെപ്പറ്റിയും താൻ അനുഭവിച്ച വിവേചനത്തെപ്പറ്റിയും സംസാരിച്ചുകൊണ്ടാണ് അവർ ഉദ്ഘാടനപ്രസംഗം ആരംഭിച്ചത്. എഴുത്തുകാരിയാവണമെന്ന് പറഞ്ഞപ്പോൾ അച്ഛൻ എഴുത്തുകാരികൾ സദാചാരനിഷ്ഠയില്ലാത്തവരാണ് എന്ന് പറഞ്ഞ് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ജയ്പൂർ സാഹിത്യോത്സവത്തിൽ പങ്കെടുത്തപ്പോൾ അന്ന് താൻ വായിച്ച കവിതകളെപ്പറ്റിയല്ല, വസ്ത്രത്തിനിടയിലൂടെ അല്പംമാത്രം ദൃശ്യമായ ശരീരഭാഗങ്ങളെപ്പറ്റിയായിരുന്നു ചർച്ച. 'കവിത വായിക്കുന്ന വേശ്യ' എന്ന മട്ടിൽ സാമൂഹ്യമാധ്യമങ്ങളിൽ അഭിപ്രായങ്ങൾ വന്നു. ആണുങ്ങൾ എങ്ങനെ വസ്ത്രം ധരിച്ചാലും അതൊരു വിഷയമേ അല്ല. സ്ത്രീകൾ എന്തുപറഞ്ഞാലും എഴുതിയാലും ചർച്ച ശരീരകേന്ദ്രിതമാവുന്നു. ഇന്ന് രാജ്യം മുഴുവൻ ഏകസംസ്കാരസ്വത്വത്തിലേക്ക്

നീങ്ങിക്കൊണ്ടിരിക്കുന്ന കാലത്ത്, ഒപ്പം ഇത്തരം സ്ത്രീവിരുദ്ധതകൾ ശക്തമാവുന്ന കാലത്ത് സ്ത്രീയ്ക്ക് എഴുത്തും രാഷ്ട്രീയ/ സാമൂഹ്യപ്രവർത്തനവും എന്ന ഇരട്ടഉത്തരവാദിത്തമുണ്ട്. അത് നിർവ്വഹിക്കാൻ നാം തയ്യാറാവേണ്ടതുണ്ട്. എഴുത്തിന്റെ രാഷ്ട്രീയം അതിപ്രധാനമാണ്. സ്ത്രീ-ദളിത് അനുഭവങ്ങളെ ആവിഷ്കരിക്കാൻ അപര്യാപ്തമായ ഭാഷയെ നമ്മൾ ചോദ്യം ചെയ്യണം, പുനർനിർമ്മിയ്ക്കണം - അവർ പറഞ്ഞു.

മുഖ്യപ്രഭാഷണം നടത്തിയ പി.വത്സല ടീച്ചർ എഴുത്തുകാരി അനുഭവങ്ങളിലേയ്ക്കും ജീവിതങ്ങളിലേയ്ക്കും യാത്ര ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ് സംസാരിച്ചത്. അത് സ്വജീവിതത്തിൽ ഒരു പരിധിവരെ സാധിച്ചതായും അവർ പറഞ്ഞു. എന്നാൽ കേരളത്തിൽ ഇന്ന് സ്ത്രീയ്ക്ക് പരിമിതികളുണ്ട് - അത് എന്തുകൊണ്ട് ഈ സംസ്ഥാനത്തുമാത്രം എന്ന് നാം ആലോചിക്കേണ്ടതുണ്ട് - അവർ പറഞ്ഞു.

പ്രശസ്തകഥാകാരി ചന്ദ്രമതി സമൂഹത്തോടുള്ള പ്രതിഷേധത്തെ പരിഹാസമാക്കി ആവിഷ്കരിക്കുകയാണ് തന്റെ രീതി എന്ന് വ്യക്തമാക്കി. എഴുത്തുവഴികളെപ്പറ്റിയും 18 വർഷത്തെ ഇടവേള താണ്ടി ശക്തമായി എഴുത്തിലേയ്ക്ക് തിരിച്ചെത്തിയതിനെപ്പറ്റിയും അവർ വിശദീകരിച്ചു. എതിർപ്പുകളും മുറിവുകളും നിറഞ്ഞ ജീവിതത്തെപ്പറ്റി, അത് മുറിച്ചുകടന്നതിനെപ്പറ്റി പ്രശസ്ത വിമർശക ഡോ.പി.ഗീത സംസാരിച്ചു. ആത്മഹത്യചെയ്ത അമ്മാവൻ നന്തനാരുടെ ജീവിതം തന്ന




ബോധ്യങ്ങളെപ്പറ്റിയും ജീവിതം തന്നെ നിരന്തരസമരമാക്കി മാറ്റിയതിനെപ്പറ്റിയുമൊക്കെ അവർ സ്വാനുഭവം പങ്കുവെച്ചു. പുരുഷാധിപത്യത്തിന്റെ വിലക്കുകളെ നേരിട്ട് കെട്ടിക്കിടക്കുന്ന വേദനയും സ്നേഹവും ആവിഷ്ക്കരിച്ചാണ് എഴുത്തുകാരിയായതെന്ന് നോവലിസ്റ്റ് ഡോ.ഖദീജാമുംതാസ് പറഞ്ഞു. മതത്തിൽ തടവിലാക്കപ്പെട്ട ആത്മീയതയെപ്പറ്റിയുള്ള തന്റെ ഉത്കണ്ഠകളെയും അവർ ആവിഷ്കരിച്ചു.

പ്രശസ്ത കന്നട എഴുത്തുകാരിയും നർത്തകിയുമായ ഡോ.എൽ.ജി.മീര കാളിദാസന്റെ ഉപമകളിലും 'വള്ളിച്ചെടി' പോലുള്ള രൂപകങ്ങളിലും നഷ്ടമായ സ്ത്രീസ്വത്വത്തെപ്പറ്റിയാണ് സംസാരിച്ചത്. തമിഴ് അധ്യാപികയും എഴുത്തുകാരിയുമായ ഡോ.ടി.വിജയലക്ഷ്മി സ്ത്രീവിവേചനത്തിന്റെ വേരുകൾ 3000 വർഷങ്ങൾക്കുമുമ്പു രചിക്കപ്പെട്ട 'തൊൽക്കാപ്പിയ'ത്തിലുണ്ട് എന്നു കണ്ടെത്തി. ആ ഗ്രന്ഥത്തിൽ സ്ത്രീയ്ക്കുവേണ്ട ഗുണങ്ങൾ പേടി, നാണം, വിഡ്ഢിത്തം എന്നിവയാണെന്ന് പറയുന്നു. ഇപ്പോഴും നാം അതു പിന്തുടരുന്നു. ശരീരത്തെ സൂക്ഷിക്കാൻ പാടുപെടുന്നവൾ ഉയർന്നുപറക്കുന്നതെങ്ങനെ? അവർ ചോദിച്ചു. പ്രതികരിക്കാൻ മടിക്കുന്ന, അധികാരമില്ലാത്ത മലയാളിസ്ത്രീകളുടെ മട്ടിനെപ്പറ്റിയും ശക്തമായ വിമർശനങ്ങളുയർത്തി അവർ.

തമിഴ് എഴുത്തുകാരിയായ ഡോ.ജയന്തി ശ്രീബാലകൃഷ്ണ പെണ്ണായിരിക്കുന്നതിലെ വ്യത്യസ്തതയെ താൻ ആസ്വദിയ്ക്കുന്നു എന്നാണ് അഭിപ്രായപ്പെട്ടത്. നിങ്ങൾ നല്കുന്ന ലേബലിൽ ഞാൻ ഒതുങ്ങില്ല. നിങ്ങൾ അംഗീകരിച്ചാലും ഇല്ലെങ്കിലും എനിയ്ക്ക് ഒരുപോലെയാണ്. എഴുത്ത് തന്നെ സ്വയം സമാധാനത്തിലാക്കുന്നു.

കന്നട എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ ഡോ.എച്ച്.എസ്.അനുപമ അഫേസിയ എന്ന അവസ്ഥയെപ്പറ്റിപ്പറഞ്ഞു. പറയാൻ ആശയം ഉണ്ടായിരിയ്ക്കുകയും എന്നാൽ അതിനായി വാക്കുകൾ കിട്ടാതിരിയ്ക്കുകയും ചെയ്യുന്ന അവസ്ഥയാണിത്. അഫേസിയ ബാധിച്ച ജനസമൂഹമാണ് സ്ത്രീകൾ ഭൂരിപക്ഷവും, അതുമാറ്റിയേ തീരൂ - അവർ പറഞ്ഞു.

മലയാളിയായ കവി ബിന്ദുകൃഷ്ണ മുറിവേറ്റ ചിപ്പി മാത്രമേ പവിഴമുണ്ടാക്കൂ എന്നും അതുപോലെ മുറിവേറ്റ മനസ്സിൽ മാത്രമേ കവിത വരൂ എന്നും നിരീക്ഷിച്ചു. എഴുതുന്ന സ്ത്രീ അതിജീവിയ്ക്കുന്നവളാണ് എഴുത്ത് അതിജീവനവും പ്രതിഷേധവുമാണ്.

തമിഴ് വിവർത്തകയും പ്രസാധകയുമായ കെ.വി.ശൈലജ തന്നിലേക്ക് വായന വന്ന വഴിയെപ്പറ്റി പറഞ്ഞു. വ്യക്തിഗതമായ തീവ്രദുഃഖങ്ങൾ വായനയിലൂടെ മറികടന്ന അമ്മയിൽ നിന്നാണ് വായനയിലേക്ക് വന്നത്. വായനയിൽ നിന്ന് വിവർത്തനത്തിലേക്കും പ്രസാധനത്തിലേയ്ക്കും അത് വളർന്നു. ശൈലജയുടെ സഹോദരിയും വിവർത്തകയുമായ കെ.വി.ജയശ്രീ തന്റെ പെൺസുഹൃത്തുക്കളുടെ അസന്തുഷ്ടമായ ജീവിതം കണ്ട് സങ്കടപ്പെട്ട് അവർക്ക് സമർപ്പിച്ചുകൊണ്ടാണ് സംസാരിച്ചത്. വിവർത്തനം എന്ന പ്രക്രിയയുടെ ഗൗരവം അവർ കൃത്യമായി വിശദീകരിച്ചു.

സ്ത്രീയായതും ദളിതയായതും എഴുത്തിനുള്ള കാരണങ്ങളാണ് എന്ന ആമുഖത്തോടെയാണ് തമിഴിലെ കവിയും ദളിത് ആക്ടിവിസ്റ്റുമായ സുകീർത്താ റാണി സംസാരിച്ചു തുടങ്ങിയത്. ദളിതയായതിനാൽ പിന്നിലിരുത്തിയ സ്കൂളിൽ നിന്ന് റാങ്കോടെ പാസായി അതേ സ്കൂളിൽ ടീച്ചറായി മുന്നിലെത്തി താൻ – അവർ പറഞ്ഞു. കുടുംബം എന്ന സ്ഥാപനത്തിന്റെ സ്ത്രീവിരുദ്ധത തിരിച്ചറിഞ്ഞ് സ്വജീവിതം ഒറ്റയ്ക്കു ജീവിക്കാനും അത് സമൂഹത്തിനായി സമർപ്പിയ്ക്കാനും തീരുമാനിച്ചു. എഴുത്തും ആക്ടിവിസവും ഒത്തുകൊണ്ടുപോവുകയാണ് താൻ ചെയ്യുന്നത്, അതാണ് കാലം ആവശ്യപ്പെടുന്നത്. ഒപ്പം പുതുതലമുറക്കാരായ ലിജിഷ, ശ്രുതി, ആർഷ എന്നിവരും എഴുത്തിനെപ്പറ്റി സംസാരിച്ചു.

മൂന്നു ദിവങ്ങൾ നീണ്ടുനിന്ന സാർത്ഥകമായ സംവാദങ്ങൾക്കൊടുവിൽ മനസ്സിൽ ബാക്കിയായ തിരിച്ചറിവുകൾ ഇവയാണ്.

സ്ത്രീയുടെ എഴുത്ത് പ്രതിരോധമാണ്. പോരാട്ടത്തിന് തയ്യാറുള്ളവർക്ക് മാത്രം പറഞ്ഞിട്ടുള്ളതാണ് അത്. എഴുത്ത് ഇനിയും രാഷ്ട്രീയമാവണം. എഴുത്തുകാർ സമൂഹത്തിലെ എല്ലാവിധ പോരാട്ടങ്ങളിലും ഒപ്പം നിൽക്കണം. അപകടകരമായ വിഷയങ്ങളെ തൊടാനും ജനമദ്ധ്യത്തിൽ എല്ലാത്തരം തുറന്ന സംവാദങ്ങൾക്കും സന്നദ്ധരായി നില്ക്കാനുമുള്ള ആർജ്ജവമാണ് ഇങ്ങനെ കാലം ആവശ്യപ്പെടുന്നത്.

15 വർഷം താൻ തന്റെ ജാതിയുടെ പേരിൽ അനുഭവിച്ച അപമാനം മറക്കാൻ പറ്റുന്നില്ല എന്നു പറഞ്ഞുകൊണ്ട് സുകീർത്തറാണി ഇവിടെ ഒഴുക്കിയ കണ്ണീർ – അത് കണ്ണീരല്ല, തീത്തുള്ളികളാണ് – ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ടാണ് സമ്മേളനം കഴിഞ്ഞ് എല്ലാവരും പുറത്തിറങ്ങിയത്. അത് ജീവിതത്തെ, എഴുത്തിനെ ഒക്കെ ആരുടെ ചേരിയിൽ നിർത്തണം എന്ന് പങ്കെടുത്തവരെ നിരന്തരം ഓർമ്മപ്പെടുത്തും. ജീവിതത്തിലും എഴുത്തിലും പുലർത്തേണ്ട രാഷ്ട്രീയജാഗ്രതയെപ്പറ്റി, ബോധ്യങ്ങളെപ്പറ്റി, ഉത്തരവാദിത്വങ്ങളെപ്പറ്റി കൃത്യമായി മനസ്സിലാക്കുന്നു ഈ സമ്മേളനം.

ടി.വിജയലക്ഷ്മി ചോദിച്ചപോലെ സ്ത്രീ എന്നാൽ (ഏകദേശരൂപം)

"പെരുത്ത കുണ്ടിയും
കനത്ത മുലൈയും ഉള്ള
ഒരു ഇരുകാൽ പ്രാണിയോ?
ഉനക്കുപിടിത്ത വടിവിൽ
ഉനക്കുപിടിത്ത അളവിൽ
ഉനക്കുപിടിത്ത ഇടത്തിൽ
നില്ക്കാൻ
പെണ്ണെന്താ, ബോൺസായ്
മരമാ?"

സ്വന്തം ശരീരം സംരക്ഷിക്കാൻ നിരന്തരം പാടുപെടുന്നവർ ഉയർന്നുപറക്കുന്നതെങ്ങനെ?

ശരീരമല്ല, ഞങ്ങൾ എന്നും ശരീരം മാത്രമായി കാണുന്നത് കാണികളുടെ മാത്രം കുറ്റമാണെന്നും താൻ ഇനി അത്തരത്തിൽ നാണിച്ചും പേടിച്ചും വിഡ്ഢിയായും നിൽക്കാൻ തയ്യാറല്ലെന്നും തങ്ങൾ എഴുത്തുകൊണ്ട് സ്വയം പ്രതിരോധിക്കുമെന്നും ഒരു പടികൂടി കടന്ന് സമൂഹത്തിലേയ്ക്ക് ഇറങ്ങുമെന്നും ഭൂരിപക്ഷം എഴുത്തുകാരികളും നിസ്സംശയം വിളിച്ചുപറയുന്ന അഭിമാനകരമായ കാഴ്ചയാണ് ശില്പശാലയുടെ ബാക്കിപത്രം.

സാഹിത്യചരിത്രത്തിൽ ഇടംകിട്ടാത്തവരും, ഔദാര്യപൂർവ്വം അല്പംമാത്രം ഇടം കിട്ടിയവരും, എഴുത്തിൽനിന്ന് ആട്ടിയോടിക്കപ്പെട്ടവരും കുടുംബം, മാതൃത്വം പ്രണയം തുടങ്ങിയ സ്ഥാപനങ്ങളാൽ എഴുത്ത് അപകടത്തിലായവരും, പ്രതിരോധിച്ച് നില്ക്കുന്നവരും, മൗനം കുടിച്ചു മരിച്ചവരും ഒക്കെയായ എഴുത്തുകാരികളുടെ വലിയ ചരിത്രത്തിന്റെ ഇങ്ങേത്തലയ്ക്കൽ മുഴങ്ങിക്കേട്ട ശബ്ദങ്ങൾ പൂർവ്വികർ കൊണ്ട വെയിലും അവരൊഴുക്കിയ കണ്ണീരും അനുഭവിച്ച ത്യാഗങ്ങളും വെറുതെയായില്ല എന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

ഉപ്പും മുളകും



ഗീത

# ഇതു നിങ്ങളറിഞ്ഞുവോ

**2000**ൽ ആണ് ഇന്ത്യയിൽ വനിതാബോക്സിങ്ങ് തുടങ്ങുന്നത്. 2006 ൽ വനിതാബോക്സിങ്ങിൽ ഇന്ത്യ ലോകചാമ്പ്യനായി. നമുക്കെല്ലാം അറിയുന്നതുപോലെ മേരികോം ആണ് ലോകത്തിനു മുമ്പാകെ ഇന്ത്യയുടെ അഭിമാനം ഉയർത്തിപ്പിടിച്ചത്. കർണമല്ലേശ്വരി ഇന്നൊരു ഹാസ്യകഥാപാത്രമല്ല. അവൾ ശക്തിയുടെ പ്രതിനിധിയാണ്.

മേരികോമിനെപ്പറ്റി വന്ന സിനിമക്കു പുറകേ സുധാകാക്കറെ എന്ന സ്ത്രീ സംവിധാനം ചെയ്ത 'ഇരുതിസുട്രു' എന്ന തമിഴ്പടം കേരളത്തിലെയും തിയ്യേറ്ററുകളിൽ ഓടിക്കൊണ്ടിരിക്കയാണ്. മതിയെന്ന പെൺകുട്ടി ബോക്സിങ്ങിലെ ലോകചാമ്പ്യനാവുന്നതാണു പ്രമേയമെന്നു ലളിതവും സാമാന്യവുമായി പറയാം. അതത്ര വലിയ കാര്യമാണോ എന്നു നെറ്റി ചുളിക്കുന്നവരുണ്ടാകാം. വലുതോ ചെറുതോ എന്നതിനപ്പുറം വ്യത്യസ്തമായ ഒന്ന് എന്ന് പറയാനെങ്കിലും അനുവദിക്കുക. വ്യത്യസ്തകൾ ആഘോഷിക്കപ്പെടേണ്ടതാണ്!

മതിയെന്ന മീൻകാരിപ്പെണ്ണിന്റെ ശരീരഭാഷ തന്നെ വളരെ വ്യത്യസ്തമാണ്. അവളുടെ ബുദ്ധി, സ്നേഹം, കായികശേഷി, ഊർജ്ജം എന്നിവ വ്യക്തമാക്കാൻ ഓരോ ചലനവും സഹായകമാകുന്നു. സ്വന്തം കുടുംബത്തെ പോറ്റുന്നവളാണവൾ. ബോക്സിങ്ങ് വിദഗ്ദയായ സഹോദരിയെ ദേശീയനിലവാരത്തിലെത്തിക്കാൻ അവൾ പാടുപെടുന്നു. ഈ ‘ദേശീയനിലവാരത്തിലെത്തിക്കാൻ അവൾ പാടുപെടുന്നു. ഈ ‘ദേശീയ നിലവാരം‘ എങ്ങനെയാണൊരു കായികതാരത്തിനു വെല്ലുവിളിയായിത്തീരുന്നതെന്നു പറയാൻ സിനിമക്കു കഴിയുന്നു. സർക്കാർ ജോലിക്കുള്ള സാധ്യതയാണ് ഇതെന്നതാണ് പ്രധാനം. തന്റെ കായികശേഷി കൊണ്ട് ഈ ജോലിയാണ് സഹോദരി ഉന്നം വെക്കുന്നത്. കായികരംഗത്തെ പ്രാഗത്ഭ്യം തെളിയിച്ചു കഴിഞ്ഞ ..................മുഹൂർത്തമാണിത്.

സ്വന്തം കഴിവുപയോഗിക്കാതെ സഹോദരിക്കും കുടുംബത്തിനും വേണ്ടി ജീവിക്കുന്ന നിരവധി പെൺകുട്ടികളുടെ (ആൺകുട്ടികളേക്കാൾ എണ്ണത്തിൽ അധികം വന്നേക്കാമിവർ) പ്രതിനിധിയാണു മതി. പക്ഷേ അവരേക്കാൾ ഭാഗ്യവതി. കാരണം അവളിലെ ജീനിയസ്സിനെ തിരിച്ചറിയാൻ അവൾക്കൊരു മാസ്റ്ററെ ലഭിച്ചു. ഈ ഭാഗ്യം സിനിമയിൽ മാത്രം ലഭിക്കുന്ന ഒന്നാണ്!

അയാളുടെ ഇച്ഛാശക്തിയല്ല മതിയെ വളർത്തുന്നത് ക്ഷമയും സഹനവുമാണ്. തികച്ചും സ്ത്രൈണമെന്നു വ്യവഹരിക്കപ്പെടുന്ന ഗുണങ്ങളിലേക്കാണ് അവൾ ആകൃഷ്ടയായത്. പുരുഷലോകത്തിനറിയില്ലത്. ഇന്നേവരെയുള്ള പെണ്ണുങ്ങൾ പുരുഷന്മാരെ ആകർഷിച്ചതും വിധേയപ്പെടുത്തിയതും പുരുഷഗുണങ്ങളാലല്ല സ്ത്രൈണഗുണങ്ങളാലാണ്.

മതി ഒരു പ്രണയിനിയും കായികതാരവുമായി പരിണമിക്കുന്നത് പ്രഭുവെന്ന മാസ്റ്ററുടെ നിസ്വാർത്ഥസമർപ്പണത്തിനു മുമ്പിലാണ്. എന്താണൊരുവൾക്ക് പ്രണയം? കർമ്മശേഷിക്കുള്ള തടസ്സവും സമയനഷ്ടവുമായി പുരുഷൻ പ്രണയത്തെ വിലയിരുത്തുമ്പോൾ ഒരുവൾക്കതു ലോകം കീഴടക്കാനുള്ള ആന്തരികോർജ്ജമാണ്. മതിയെ ലോകനിലവാരത്തിലുള്ള കായികതാരമാക്കുന്നത് ഈ പ്രണയമാണ്. കായികശേഷിയും അഭിരുചിയും അഭ്യാസബലവും അവസരങ്ങളും ശിക്ഷണങ്ങളും പ്രധാനമെങ്കിലും ഒരു പെണ്ണ് പ്രണയശക്തിയാൽ ആകാശം മുട്ടുന്നു. അവൾ തോല്ക്കുകയും ജയിക്കുകയും ചെയ്യുന്നതു പ്രണയത്തിനു മുമ്പിലാണ്. വിദ്യയും ഗുരുവും അവൾക്ക് ഒന്നായി മാറുന്നു.

തമിഴിലുണ്ടായ നിരവധി പ്രണയസിനിമകളിൽ ഒന്നെന്നത് ഇരുതി സുട്രിയെ ന്യൂനീകരിക്കലാണ്. പ്രണയത്തിലെന്നപോലെ കായികശേഷിയില്ല ഒരു പെണ്ണിന് മറികടക്കേണ്ടി വരുന്ന നിരവധി കടമ്പകളുണ്ട്.

കായികരംഗത്തെ അസോസിയേഷനുകളും രാഷ്ട്രീയ പാർട്ടിക്കാരുടെ നാമനിർദ്ദേശ


*ശേഷം പേജ് 57*

ചരിത്രത്തിൽ നിന്ന്....

കവർസ്റ്റോറി /

# പാർവ്വതി നെന്മിനിമംഗലം





നമ്പൂതിരിസാഹിത്യസമാജത്തിന്റെ സാംസ്കാരികമുഖമാസിക

ഉണ്ണിനമ്പൂതിരി

Reg No 3110

പുസ്തകം 1 | 1122 ഇടവമാസം | ലക്കം 2

പ്രേംജി

പാർവ്വതിനെന്മിനിമംഗലം

സ്ത്രീകൾ അബലകളാണ്; അവരെ അടുക്കളപ്പണിക്കേ പറ്റൂ. അവർക്കെന്തിനു പഠിപ്പും പരിഷ്ക്കാരവും? – എന്തൊക്കെ പരിവർത്തനങ്ങൾ വന്നിട്ടും, ഇതാണ് നമ്മുടെ പരക്കെയുള്ള ബോധം. ഈ ബോധം തെറ്റാണെന്നും അടുക്കള വിട്ടു ധൈര്യപൂർവ്വം പ്രവർത്തിക്കാൻ തുടങ്ങിയാൽ സ്ത്രീക്കും പുരുഷന്മാരോടൊപ്പമെത്താൻ കഴിയുമെന്നുമുള്ളതിന്നു ഒരുത്തമ ദൃഷ്ടാന്തമാണ് ഇയ്യിടെ അന്തരിച്ച ശ്രീമതി പാർവ്വതി നെന്മിനിമംഗലത്തിന്റെ സാമുദായിക ജീവിതം....

ആരായിരുന്നു പാർവ്വതി നെന്മിനിമംഗലം?

നമ്പൂതിരിസമുദായത്തിനുണ്ടായ നവോത്ഥാനത്തിന്റെ ശൈശവദശയിൽ, ഇന്നും വേണ്ടത്ര കാറ്റും വെളിച്ചവും തട്ടാതെ ഇരുളടഞ്ഞു കിടക്കുന്ന ഇരിങ്ങാലക്കുട ഗ്രാമത്തിന്റെ പരിസരത്തിൽ, ആഢ്യത്തമോ ആഭിജാത്യമോ ഇല്ലാത്ത 'ഒരോത്തില്ലാത്ത' ഇല്ലത്ത് അവർ ജനിച്ചു. അക്കാലത്തു മറ്റു നമ്പൂതിരിപ്പെൺകിടാങ്ങൾക്കെന്നപോലെ, രാമായണവും ഭാരതവും തപ്പിത്തപ്പി വായിക്കാനുള്ള അക്ഷരജ്ഞാനത്തിൽക്കവിഞ്ഞ യാതൊരു വിദ്യാഭ്യാസവും അവർക്കും ലഭിച്ചില്ല; അങ്ങനെ അജ്ഞതയോടും അന്ധവിശ്വാസത്തോടുമൊപ്പം കളിച്ചുവളർന്ന അവരെ, ഭാഗ്യവശാൽ എന്നുതന്നെ പറയട്ടെ. ഉല്പതിഷ്ണുവായ ഒരു നമ്പൂതിരിയുവാവ് വിവാഹം ചെയ്തു. അത് അവർക്ക് വളരാനുള്ള അവസരം കൊടുത്തു. അവർ 'യോഗക്ഷേമം', 'ഉണ്ണിനമ്പൂതിരി' മുതലായ സാമുദായികപത്രങ്ങൾ വായിക്കാനും സാമുദായികകാര്യങ്ങളെ മനസ്സിലാക്കാനും തുടങ്ങി. സമുദായപരിഷ്ക്കാരിയായ ഭർത്താവിന്റെ സാഹചര്യവും ഉപദേശവും. അവരെ സാമുദായികപ്രസ്ഥാനത്തിലേക്കാകർഷിച്ചു. നമ്പൂതിരിയുവജനസംഘത്തിന്റെ അന്നത്തെ വിപ്ലവപ്രസ്ഥാനം അവരെ ആവേശം കൊള്ളിച്ചു.

# കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിനികൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങൾ – ഒരു വസ്തുതാന്വേഷണ റിപ്പോർട്ട്



2016 ജനുവരി 12–ാം നു സാറാ ജോസഫ്, അജിത, ശ്രീജ, ജാൻസി, അഡ്വക്കറ്റ് കെ.കെ. പ്രീത എന്നിവരടങ്ങിയ ഒരു വസ്തുതാന്വേഷണ സംഘം കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിനികൾ കുറച്ച് കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ലൈംഗികാതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കാൻ യൂണിവേഴ്സിറ്റി സന്ദർശിച്ചു. യൂണിവേഴ്സിറ്റി കാന്റീനിനു മുന്നിലുള്ള ട്രാപ് എന്ന് വിളിക്കുന്ന തുറസ്സായ സ്ഥലത്തുവെച്ചാണ് ഈ അന്വേഷണം നടത്തിയത്. വിവിധ രാഷ്ട്രീയ ചായ്‌വുകളുള്ള 16–ഓളം കുട്ടികൾ സ്വമേധയാ തങ്ങൾക്കുണ്ടാകുന്ന ദൈനംദിനാനുഭവങ്ങളെക്കുറിച്ച് ഞങ്ങളോട് തുറന്ന് പറയുകയുണ്ടായി. അവർ പറഞ്ഞതിൽനിന്ന് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1) ഏതാണ്ട് ആറുമാസങ്ങൾക്കുമുമ്പ് യൂണിവേഴ്സിറ്റിക്കകത്ത് വിവിധ വിദ്യാർത്ഥി യൂണിയനുകൾ തമ്മിൽ സംഘർഷം നടന്നപ്പോൾ ലേഡീസ് ഹോസ്റ്റലിന്റെ പരിസരത്ത് രാത്രി ആളുകൾ കൂടി നില്ക്കുന്നത് കണ്ടു. ചില വിദ്യാർത്ഥിനികൾ ഹോസ്റ്റലിലേക്ക് മടങ്ങുമ്പോൾ വടിവാളുകളും ഇരുമ്പുചങ്ങലകളും കഠാരകളും മറ്റും കയ്യിലേന്തി കൊണ്ട് നില്ക്കുന്ന ഇവരോട് നിങ്ങളെന്തിനാണ് ഇവിടെ നില്ക്കുന്നതെന്ന് ചോദിച്ച വിദ്യാർത്ഥിനികളെ 'നിന്റെ നഗ്നഫോട്ടോ' ഫേയ്സ്ബുക്കിലിടുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി. വിദ്യാർത്ഥിനികൾ അവരുടെ ഫോട്ടോ എടുക്കാൻ നോക്കിയപ്പോൾ അവരെ മർദ്ദിക്കാനായി ഓടിച്ചെന്നു. ലേഡീസ് ഹോസ്റ്റൽ പരിസരം പൊതുവെ വിജനമാണ്.

2) ലേഡീസ് ഹോസ്റ്റൽ ഒട്ടും സുരക്ഷിതമല്ല. ജനവാതിലുകൾക്ക് പൊളിയില്ല, അല്ലെങ്കിൽ അടയ്ക്കാനാവാത്ത അവസ്ഥയിലാണ്. ഹോസ്റ്റലിന്റെ പുറകിൽ ഒരു വശത്ത് പൊതുവഴിയാണ്. പുറമേനിന്ന് കാണാവുന്ന രീതിയിലായതിനാൽ പെൺകുട്ടികൾക്ക് ഇരുന്ന് വേഷം മാറേണ്ടി വരുന്നു. ടോയ്‌ലറ്റുകളുടെ വാതിലടയ്ക്കാൻ പറ്റുകയില്ല. ഒരു ടോയ്‌ലറ്റും നേരാംവണ്ണം പ്രവർത്തിക്കുന്നില്ല. ചുറ്റുമതിലുകളുണ്ടെങ്കിലും ചില ഭാഗങ്ങളിലില്ല. പുറമേനിന്ന് അകത്ത് കാണാവുന്ന അവസ്ഥയാണ്. പലപ്പോഴും പ്രത്യേകിച്ച് വെക്കേഷൻ കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ഗർഭനിരോധന ഉറകളും മറ്റും പുറമേനിന്ന് റൂമിലിണ്ടിട്ടുണ്ടാവും. ഈ ഹോസ്റ്റലിലാണ് കഴിഞ്ഞ വർഷം

ഒരു പെൺകുട്ടി പാമ്പുകടിയേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ടത്.

യൂണിവേഴ്സിറ്റി സുന്ദരമാക്കുന്നതിന്റെ ഭാഗമായി പരിസരത്തുള്ള കാടുകളൊക്കെ വെട്ടിത്തെളിച്ചുവെങ്കിലും ലേഡീസ് ഹോസ്റ്റലിന്റെ പുറകുവശത്തുള്ള കാട് ഒന്നും ചെയ്തില്ല. പാമ്പുകളും മറ്റു ഇഴജന്തുക്കളും ശേഷിച്ചുള്ള കാട്ടിലേക്ക് ചേക്കേറിയതാവാം കാരണമെന്ന് കുട്ടികൾ പറയുന്നു.

3) വിദ്യാർത്ഥിനികൾ എല്ലാവരും ഒന്നുകിൽ പി.ജി.കോഴ്സുകൾ പഠിക്കുന്നവരായിരിക്കും അല്ലെങ്കിൽ പി.എച്ച്.ഡി(ഗവേഷണം) ചെയ്യുന്നവരായിരിക്കും. അവർക്ക് യൂണിവേഴ്സിറ്റി ലൈബ്രറി രാത്രി പത്തുമണിവരെയൊക്കെ ഉപയോഗിക്കേണ്ടിവരും. മാത്രമല്ല, സയൻസ് കോഴ്സുകൾ പഠിക്കുന്നവർക്ക് രാത്രി 12 മണിയോ 2 മണിയോ വരെ ഒക്കെ ലാബിൽ നില്ക്കേണ്ടിവരും. ഇതെല്ലാം കഴിഞ്ഞായിരിക്കും അവർ ഹോസ്റ്റലിലേക്ക് മടങ്ങുക. രണ്ടുമൂന്നു വർഷങ്ങൾക്കുമുമ്പുവരെ പല കലാ-സാംസ്കാരിക പരിപാടികളും സെമിനാറുകളും മറ്റും യൂണിവേഴ്സിറ്റി കോംപ്ലക്സിലും മറ്റും ഉണ്ടാകാറുണ്ട്. രാത്രി കാലങ്ങളിൽ കാമ്പസിനകത്ത് യാതൊരു ഭയവും കൂടാതെ സഞ്ചരിക്കാൻ പെൺകുട്ടികൾക്ക് തടസ്സങ്ങളൊന്നുമുണ്ടായിരുന്നില്ല. പക്ഷെ, അടുത്തകാലത്തായി സാമൂഹ്യവിരുദ്ധർ ലേഡീസ് ഹോസ്റ്റൽ പരിസരത്ത് ബൈക്കുകളിലും ഓമ്നി കാറിലും മറ്റും വന്ന് പെൺകുട്ടികളെ നെഞ്ചത്തും ചന്തിയിലും മറ്റും കടന്നുപിടിക്കുക,

പെൺകുട്ടികൾ കാണെ ഫോൺ ചെയ്യുന്നതുപോലെ അഭിനയിച്ച് സ്വയംഭോഗം നടത്തുക, നഗ്നതാപ്രദർശനം നടത്തുക, തെറിവാക്കുകൾ പറയുക തുടങ്ങിയ അതിക്രമങ്ങൾ ഒരു ഭയവും കൂടാതെ നടത്തിവരുന്നു. അതിരാവിലെയും രാത്രികാലങ്ങളിലും ഹോസ്റ്റലിലേക്ക് പൊതുവഴിയിലൂടെ അശ്ലീലവാക്കുകൾ ഉറക്കെ വിളിച്ചു പറഞ്ഞു പോവുക ഒരു സ്ഥിരം രീതിയാണ്. ലേഡീസ് ഹോസ്റ്റലിലേക്ക് പോകുന്ന വഴിക്കാണ് യൂണിവേഴ്സിറ്റി ഫിസിക്കൽ എഡ്യൂക്കേഷന്റെ ഹോസ്റ്റൽ ബ്ലോക്ക്. അവിടുത്തെ വിദ്യാർത്ഥികളും ഇത്തരത്തിൽ പെൺകുട്ടികളെ ആക്രമിക്കാറുണ്ടെന്ന് ഭൂരിഭാഗം കുട്ടികളും പറഞ്ഞു. ഫിസിക്കൽ എഡ്യൂക്കേഷൻ ഒരു സ്വാശ്രയ കോഴ്സാണ്. എന്താ ഷാളിടാത്തത് എന്നൊക്കെ ചോദിച്ച് അവർ പലപ്പോഴും സദാചാര പോലീസ് ചമയുന്നു.

4) ഇത്തരം അതിക്രമങ്ങളെക്കുറിച്ച് അധികൃതർക്ക് റിപ്പോർട്ട് ചെയ്യാൻ ഭൂരിഭാഗ പെൺകുട്ടികൾക്കും പേടിയാണ്. റജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്തവരുണ്ടെങ്കിൽ വണ്ടി നമ്പരും മറ്റും കൃത്യമായി വേണം. പലപ്പോഴും കുട്ടികൾ ഞെട്ടലിലായതിനാൽ അത്തരം തെളിവുകൾ ഓർത്തുവെയ്ക്കാൻ മനഃസാന്നിദ്ധ്യമുണ്ടാവാറില്ല. പരാതികൾ തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിലേക്ക് ഫോർവേർഡ് ചെയ്തിട്ടുണ്ടെന്ന് റജിസ്ട്രാർ പറയുന്നു. പക്ഷെ, ഒരു പ്രതിയെയെങ്കിലും പിടിച്ചതായോ കേസുകൾ ചാർജ്ജുചെയ്തതായോ പെൺകുട്ടികൾക്ക് അറിയില്ല. പകരം സെക്യൂരിറ്റിക്കാരൊക്കെ പെൺകുട്ടികളെ രാത്രി 8 മണിക്കുശേഷം കാമ്പസിൽ കണ്ടാൽ 'എന്താ ഹോസ്റ്റലിലേക്ക് പൊയ്ക്കൂടേ ? 8 മണിക്കുശേഷം HOD യുടെ പ്രത്യേക അനുവദാമില്ലാതെ പുറത്ത് നടക്കാൻ പാടില്ല' തുടങ്ങിയ ഭീഷണികൾ മുഴക്കുന്നു. അതേസമയം ആൺകുട്ടികൾക്ക് യാതൊരു വിധ നിയന്ത്രണവുമില്ല. അവരുടെ ഹോസ്റ്റൽ ഗ്രിൽസ് ഒരിക്കലും അടയ്ക്കാറില്ല.

5) ഏതാണ്ട് നാല് വർഷങ്ങളായി കാമ്പസിൽ അക്കാദമിക അന്തരീക്ഷം ചോർന്നുപോയിരിക്കുന്നുവെന്ന് പെൺകുട്ടികൾ പറയുന്നു. 2009 മുതൽ കാമ്പസിലുള്ള ഗവേഷണ വിദ്യാർത്ഥിനികൾക്ക് ഇത് ശക്തിയായി അനുഭവപ്പെടുന്നുണ്ട്. സെമിനാർ കോംപ്ലക്സിൽ അന്നൊക്കെ അക്കാദമിക സെനിമാറുകൾ - ദേശീയ തലത്തിലുള്ളവ പോലും- സജീവമായി നടക്കാറുണ്ട്. പക്ഷെ ഇപ്പോൾ അതിന്റെ വാടക 5000 ക മുതൽ 10000 ക വരെയാണത്രെ. അതുകൊണ്ട് യൂണിവേഴ്സിററി ഡിപ്പാർട്ടുമെന്റുകൾക്ക് പ്രശ്നമായി. പകരം പുറമെനിന്ന് വിവാഹസല്കാരം വരെ അവിടെ നടക്കുന്നുണ്ടത്രെ. മാത്രമല്ല, കാമ്പസിനകത്ത് പരിപാടികൾ നടത്താൻ മുൻകൈയെടുക്കാൻ പെൺകുട്ടികൾക്ക് സുരക്ഷിതത്വമില്ലായ്മ കൊണ്ട് ധൈര്യം കിട്ടുന്നില്ല.

6) കാമ്പസ് ബ്യൂട്ടിഫിക്കേഷൻ ഓഫീസർ എന്ന തസ്തിക രണ്ടുമൂന്നുവർഷം മുമ്പ് പുതുതായി ഉണ്ടാക്കിയിരുന്നു. അതിന്റെ പേരിൽ, കോടികളാണ് ചിലവഴിക്കുന്നത്.

അതിന്റെ പേരിലാണ് നേരത്തെ സൂചിപ്പിച്ച കാട് വെട്ടിത്തെളിയിക്കൽ നടന്നത്. പക്ഷെ, വിദ്യാർത്ഥിനികളുടെ നേരെയുള്ള ലൈംഗിക കടന്നാക്രമണങ്ങൾ തടയാനും അവർക്ക് സ്വതന്ത്രമായ, ഭയം കൂടാതെയുള്ള വളർച്ച സാദ്ധ്യമാക്കാനുമുള്ള അന്തരീക്ഷം സൃഷ്ടിക്കാനും ഒന്നും തന്നെ ചെയ്യുന്നില്ല. തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിലേക്ക് അയക്കുന്ന കേസുകൾ അവർ നീതിപൂർവ്വം കൈകാര്യം ചെയ്യുന്നുണ്ടോ എന്ന് അന്വേഷിക്കുകയും, കർശനമായ നടപടികൾ സ്വീകരിക്കാൻ പോലീസിനോട് ആവശ്യപ്പെടുകയും ചെയ്യുന്നതിൽ ഗുരുതരമായ അനാസ്ഥയാണ് അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകുന്നത്.

7) കാമ്പസിൽ എത്തിപ്പെടുന്ന പുറമെനിന്നുള്ള വ്യക്തികൾക്ക്

ഉപയോഗിക്കാൻ മതിയായ ടോയ്‌ലറ്റ് സൗകര്യമില്ലാത്തത് ഒരു പ്രധാനവീഴ്ചയാണ്. ലൈബ്രറിയിൽ മൂന്ന് ടോയ്‌ലറ്റ് ഉള്ളതിൽ രണ്ടെണ്ണം പൂട്ടിക്കിടക്കുന്നു. തുറന്ന ഒരു ടോയ്‌ലറ്റ് നല്ല രീതിയിൽ വൃത്തിയാക്കുന്നുമില്ല. കാന്റീനിന്റെ സമീപത്ത് ഒരു പൊതു ടോയ്‌ലറ്റ് ഉണ്ടായിരുന്നു. നമ്മുടെ പെട്രോൾ പമ്പുകളിലെ ടോയ്‌ലറ്റുകൾ പോലെ അത് ഉപയോഗശൂന്യമായി പൂട്ടിക്കിടക്കുകയാണ്.

ഇത്രയൊക്കെയാണ് ഞങ്ങൾക്ക് അന്വേഷണത്തിൽനിന്നും കിട്ടിയ വസ്തുതകൾ. ഇതേക്കുറിച്ച് സംസാരിക്കാൻ പുതിയ വി.സി.ശ്രീ.മുഹമ്മദ് ബഷീറിനെ ഞങ്ങൾ കണ്ടു. അദ്ദേഹത്തോട് സംസാരിച്ചപ്പോൾ 'ഞാനിവിടെ ചാർജ്ജെടുത്തിട്ട് 52 ദിവസങ്ങളായതേ ഉള്ളൂ.

പ്രശ്നങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. അടിയന്തിരമായി പരിഹരിക്കേണ്ടവ അടിയന്തിരമായിത്തന്നെ പരിഹരിക്കും, കാലമെടുത്ത് പരിഹരിക്കേണ്ടവ അങ്ങനെ പരിഹരിക്കു'മെന്ന ഉറപ്പ് അദ്ദേഹം ഞങ്ങൾക്ക് തന്നു. മാത്രമല്ല, സെക്യൂരിറ്റി ജീവനക്കാർക്ക് ട്രെയിനിങ്ങ് കൊടുക്കാമെന്നും അദ്ദേഹം ഏറ്റു.വിദ്യാർത്ഥിനികളും വി.സി.യുമായി തുടർച്ചയായ ഡയലോഗിന് ജനാധിപത്യപരമായ ഒരു സംവിധാനമുണ്ടാക്കണമെന്ന് ഞങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അത് നല്ലൊരു നിർദ്ദേശമാണെന്നും താനതിന് ശ്രമിക്കാമെന്നും അദ്ദേഹം പറഞ്ഞു. റജിസ്ട്രാർ ശ്രീ.മജീദും ഈ മീറ്റിങ്ങിൽ പങ്കെടുത്തിരുന്നു.

യൂണിവേഴ്സിറ്റിയിലെ ആഭ്യന്തര കംപ്ലയിൻസ് കമ്മിറ്റി ഈ അവസ്ഥയെക്കുറിച്ച് ഒരു റിപ്പോർട്ട് വി.സി ക്കു നല്കിയിട്ടുണ്ടെന്ന് ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞു. പെൺകുട്ടികളുടെ സുരക്ഷിതത്വം ഒരു ഗുരുതരമായ പ്രശ്നമാണെന്നും ഇതിനു കാരണക്കാരായ ചില വിദ്യാർത്ഥികൾക്കെതിരെ കർശന നടപടികൾ എടുക്കണമെന്ന് അവർ നിർദ്ദേശിച്ചിട്ടുണ്ടെന്ന് അറിയുന്നു.

ചുരുക്കിപ്പറഞ്ഞാൽ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ പെൺകുട്ടികൾക്കെതിരായി എന്തൊക്കേയോ ചീഞ്ഞുനാറുന്നുവെന്നും, ആകെ ഒരു ഗുണകരമായ മാറ്റമുണ്ടാക്കാൻ ഇച്ഛാശക്തിയോടുകൂടി അധികൃതർ പ്രവർത്തിച്ചില്ലെങ്കിൽ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ വിദ്യാർത്ഥിനികളുടെ അക്കാദമിക ജീവിതത്തിലുണ്ടാകുമെന്നുമുള്ള ഒരു കണ്ടെത്തലാണ് ഞങ്ങളുടെ അന്വേഷണത്തിന്റെ വിലയിരുത്തൽ. ഈ പ്രശ്നത്തിൽ തുടർച്ചയായ ഒരു follow up അന്വേഷണസംഘം തുടർന്നും നടത്തേണ്ടതുണ്ടെന്ന് ഞങ്ങൾ തീരുമാനിച്ചു.

---

*പേജ് 53 തുടർച്ച*

ങ്ങളനുസരിച്ച് പ്രവർത്തിക്കുക. ജനാധിപത്യം കൂടുതൽ ശക്തിപ്പെടുകയായിരുന്നു വേണ്ടത്. നിർഭാഗ്യവശാൽ ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് മറ്റൊന്നാണെന്നു നമുക്കറിയാം. വ്യക്തികളുടെയും രാഷ്ട്രീയപാർട്ടികളുടെയും അധികാരതാല്പര്യങ്ങളുടെ മത്സരവേദിയായി പലപ്പോഴും ഇത്തരം അസോസിയേഷനുകൾ അധഃപതിക്കുന്നു. ഇവ ആണധികാരപ്രയോഗങ്ങളുമായി കണ്ണിചേർന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ഇവയോടേറ്റുമുട്ടി പ്രാഗത്ഭ്യം തെളിയിക്കാൻ മറ്റേതു രംഗത്തുമെന്ന പോലെ കായികരംഗത്തും ഒരു പെണ്ണിന് പുരുഷനേക്കാൾ എത്രയോ ഇരട്ടി ക്ലേശിക്കേണ്ടിവരുന്നു.

ബോക്സിങ്ങ് അസോസിയേഷൻ റസിഡണ്ടിന്റെ നിക്ഷിപ്തതാല്പര്യങ്ങൾ, മത്സരബുദ്ധി, അപകർഷതാബോധം എന്നിവയോടു മല്ലടിച്ച് ഒരു പെണ്ണിന് സ്വന്തം അവസരങ്ങൾ ഉറപ്പിച്ചെടുക്കാൻ അത്രയൊന്നും എളുപ്പമായിരുന്നില്ല. കഴിവുകൊണ്ടും പ്രതിഭകൊണ്ടും മാത്രം ഒരുവൾക്കും എങ്ങുമെത്താനാകില്ലെന്ന് അറിയുമ്പോഴും മതി തന്റെ ശരീരശേഷി കൊണ്ട് റസിഡണ്ടിനെ പ്രഹരമേൽപിക്കുന്നു.

ത്യാഗനിർഭരമായ പ്രണയം മാത്രമാണ് കാല്പനികമായെങ്കിലും ഈ പ്രതിസന്ധിയെ മറികടക്കാൻ പര്യാപ്തമാകുന്നത്. ലോകത്തിനു മുമ്പാകെ അവൾക്കുമേൽ അവകാശവാദവുമായി വരുന്ന റസിഡണ്ടിനെ ഇടിച്ചു പഞ്ഞിയാക്കി പ്രഭുവിന്മേൽ പാഞ്ഞുകയറി ഇരിപ്പുറപ്പിക്കാൻ അവൾക്കു കഴിയുന്നു. ഇതു യഥാർത്ഥജീവിതത്തിൽ അസാധ്യമെന്നാണോ? ആവട്ടെ. സിനിമ സാധ്യമാക്കുന്ന ഈ സ്വപ്നം കൂടുതൽ നല്ല ജീവിതത്തിനുതകുന്ന ഒരു സ്വപ്നമെങ്കിലുമാകട്ടെ.

പെണ്ണിന്റെ കായികാനുഭവം പ്രണയാനുഭവവും ആണിൽ നിന്നു വ്യത്യസ്തമാണ്. അവളുടെ ശരീരവും മനസ്സും തമ്മിലുള്ള അഭേദ്യത ഉറപ്പിച്ചുകൊണ്ടു മാത്രമേ ഒരേ ഇഞ്ചും സിനിമ മുമ്പോട്ടു നീങ്ങുന്നുള്ളൂ. റിനികാസെൻ എന്ന യഥാർത്ഥ ബോക്സറെ സിനിമയിൽ ഭ്രാന്തിയായ പ്രണയിനിയായും മാധവനെന്ന സിനിമാതാരത്തെ കായികഗുരുവായും പരിണമിപ്പിക്കൽ ഈ അഭേദാവസ്ഥയാണ് സഹായകമാകുന്നത്. ശരീരം മനസ്സുതന്നെയാണെന്നും മനസ്സ് ശരീരം തന്നെയാണെന്നും ഇത്രകണ്ടുറപ്പിക്കാൻ ഒരു പെണ്ണിനേ ധൈര്യം വരൂ. പെണ്ണ്, ശരീരം, പ്രണയം എന്നിവയൊന്നും പരിമിതികളല്ലെന്നും ലോകത്തിലേക്കു തുറക്കുന്ന അനന്തസാധ്യതകളാണെന്നും ഉറപ്പിച്ചുപറയുന്നുവെന്നിടത്താണ് ഇരുതിസുട്രി യഥാർത്ഥസ്ത്രീസിനിമയാകുന്നത്.

ശാസ്ത്രം

# വരുന്നൂ ലൈ ഫൈ



**സീമ ശ്രീലയം**

**വൈ** ഫൈ യെക്കാൾ നൂറുമടങ്ങ് വേഗതയിൽ ഇന്റർനെറ്റ് ലഭ്യമാക്കുന്ന ലൈ ഫൈ! അതെ വൈ ഫൈ കാലം ലൈ ഫൈ (light fideltiy) കാലത്തിനു വഴിമാറാൻ ഒരുങ്ങുകയാണ്. എൽഇഡി ബൾബ് പോലെ ഒരു പ്രകാശസ്രോതസ്സ്, ഒരു ഇന്റർനെറ്റ് കണക്ഷൻ, ഫോട്ടോ ഡിറ്റക്റ്റർ എന്നിവയാണ് ഇതിനു വേണ്ടത്. ടാല്ലിനിലുള്ള ഈസ്റ്റോണിയൻ സ്റ്റാർട്ട് അപ്പിൽ ഇതു പരീക്ഷിച്ചു വിജയിച്ചത് ഈയിടെയാണ്. ഒരു ഗിഗാബിറ്റ്സ് പെർ സെക്കന്റ് ആയിരുന്നു ഇന്റർനെറ്റിന്റെ സ്പീഡ്. ഇത് 224 ഗിഗാബിറ്റ്സ് പെർ സെക്കന്റ് ആയി വർദ്ധിപ്പിക്കാമെന്നാണ് കണക്കുകൾ നൽകുന്ന സൂചന. മൂന്നോ നാലോ വർഷത്തിനുള്ളിൽ ഇത് ഉപയോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയുമെന്നാണ് ഗവേഷകരുടെ പ്രതീക്ഷ.

യു.കെ യിലെ എഡിൻബെർഗ് സർവ്വകലാശാലയിലെ പ്രഫസർ ഹരാൾഡ് ഹാസ് ആണ് ലൈ ഫൈ എന്ന ആശയത്തിന്റെയും വാക്കിന്റെയും ഉപജ്ഞാതാവ്. പേരു സൂചിപ്പിക്കുന്നതുപോലെ വായുവിലൂടെ ദൃശ്യപ്രകാശ സ്പെക്ട്രം ഉപയോഗിച്ചുള്ള വിവരവിനിമയം തന്നെയാണിത്. 2011 ൽ ഒരു ടെഡ് കോൺഫറൻസിൽ ലൈ ഫൈ യുടെ സാധ്യതകളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. കോടിക്കണക്കിനു ബൾബുകൾ വയർലെസ് ഹോട്ട്സ്പോട്ടുകളാവുന്ന കാലമാണ് വരാൻ പോവുന്നത്. എവിടെയൊക്കെ ഞാൻ പ്രകാശം കാണുന്നോ അവിടെയൊക്കെ ലൈ ഫൈ യുടെ സാധ്യതകളും കാണുന്നു എന്നാണ് ഹാസ് ആവേശത്തോടെ പറഞ്ഞത്. ഒരു എൽഇഡി യിൽ നിന്നുള്ള പ്രകാശത്തിന് ഒരു സെല്ലുലാർ ടവറിലേതിനെക്കാൾ ഡാറ്റ കൈമാറാൻ കഴിഞ്ഞാൽ എങ്ങനെയിരിക്കും? വിസിബിൾ ലൈറ്റ് കമ്യൂണിക്കേഷൻ എന്നാണ് ഈ സാങ്കേതികവിദ്യ അറിയപ്പെടുന്നത്.

വൈ ഫൈ യുടെ അടിസ്ഥാനം റേഡിയോ തരംഗങ്ങൾ ആണെങ്കിൽ ലൈ ഫൈ യുടെ അടിസ്ഥാനം പ്രകാശ തരംഗങ്ങളാണ്. ഓപ്റ്റിക്കൽ ഫൈബർ കേബിളുകളിലൂടെ പ്രകാശം ഉപയോഗിച്ചുള്ള അതിവേഗ വിവരവിനിമയം നടക്കുന്നുണ്ടെങ്കിലും അതിൽ നിന്നും തികച്ചും വ്യത്യസ്തമായ സാങ്കേതികവിദ്യയാണ് ലൈ ഫൈ. മറ്റ് റേഡിയോ സിഗ്നലുകൾ കാരണം ഒരു തടസ്സവും അനുഭവപ്പെടുന്നില്ല എന്നത് വൈ ഫൈ യെ അപേക്ഷിച്ച് ലൈ ഫൈയുടെ ഒരു പ്രധാന മേന്മയാണ്. അതുകൊണ്ടു തന്നെ വിമാനങ്ങളിലും ആണവനിലയങ്ങളിലും ആശുപത്രികളിലുമൊക്കെ ഇതുപയോഗിക്കാം.നമ്മുടെ ചുമരുകൾ സാധാരണ സുതാര്യമല്ലാത്തതു കൊണ്ടു തന്നെ പ്രകാശം ഉപയോഗിച്ചുള്ള ഡാറ്റാ വിനിമയം താരതമ്യേന സുരക്ഷിതവുമാണ്. ലൈ ഫൈ ലഭ്യമായാൽ 1.5 ജിബിയുള്ള പതിനെട്ട് സിനിമകൾ ഡൗൺലോഡ് ചെയ്യാൻ ഒരു സെക്കന്റ് മതിയാവും. മിഴി ചിമ്മിത്തുറക്കുന്ന സമയം കൊണ്ട് ഭീമമായ തോതിൽ വിവരവിനിമയം സാധ്യമാക്കുന്ന ,കൂടുതൽ കാര്യക്ഷമമായ അതിവേഗ ഇന്റർനെറ്റ് എന്ന സ്വപ്നം അകലെയല്ലെന്നു സാരം. ഇപ്പോഴുള്ള ചില്ലറ പ്രശ്നങ്ങളും വെല്ലുവിളികളും മറികടന്ന് ലൈ ഫൈ യെ കൂടുതൽ കാര്യക്ഷമതയാർന്നതാക്കാനാണ് ഗവേഷകരുടെ ശ്രമം. അതു വിജയിച്ചാൽ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യാരംഗം പുതിയ സാധ്യതകൾക്കും വിസ്മയങ്ങൾക്കും സാക്ഷ്യം വഹിക്കും.

## കാർട്ടൂൺ

"Quit whining. It's the same distance."



**വെറുതെ പരാതിപ്പെടുന്നതു നിർത്തു. ഒരേ ദൂരം തന്നെയല്ലേ മുന്നിലുള്ളത് !**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara